**മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി**

**സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്**

# തിരുവനന്തപുരം

**വർക്കല ബ്ലോക്ക്**

**ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത്**

**വാർഡ്- 1, അയന്തി**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 01/10/2018 to 31/3/2019**

## റിപ്പോർട്ട് തയാറാക്കിയത്

## തിരുവനന്തപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

## സ്വപ്ന എ എസ്, സൗമ്യ ആർ

# ഭരണഘടന പ്രതിജ്ഞ

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,

മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും

ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവുംസാമ്പത്തികവും

രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,സ്ഥാനമാനങ്ങൾ,

അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും

വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും

അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം എല്ലാവരിലും

വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ

ഭരണഘടനാസഭയിൽവച്ച്, 1949 നവംബർ ഇരുപത്തിയാറാം

ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും

നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു'

ഇന്ന് 2019 നവംബർ 12 ആം തീയതി കാഞ്ഞിരംവിള ഗണപതി ക്ഷേത്രത്തിനു

സമീപം കൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ

പങ്കാളികളായ ഞങ്ങൾ

ഭരണഘടനാ മൂല്യങ്ങൾ നടപ്പിലാക്കുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്യുന്നു.

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 വിജ്ഞാപനം ചെയ്തെങ്കിലും 2005ൽ പാർലമെൻറ് പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2006 ഫെബ്രുവരി രണ്ടിന് രാജ്യത്ത് തുടക്കംകുറിച്ചു. മൂന്ന് ഘട്ടങ്ങളായി 2008ൽ നമ്മുടെ രാജ്യത്തെ എല്ലാ ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു. ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യ അധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജന വിഭാഗങ്ങൾക്കായി

ഈടുറ്റതും,  ഗുണമേന്മയുള്ളതും ഉൽപാദനക്ഷമത ഉള്ള ഉപജീവന ആസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. മഹാത്മാഗാന്ധി എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് അനുപൂരകമായി ജമ്മു-കാശ്മീർ ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതു ആണ്.  മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് പത്ത് അവകാശങ്ങൾ ഉറപ്പു നൽകുന്നുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കണ മെന്ന് നിയമത്തിലെ 17- വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചിലവഴിക്കുന്നതിനെ പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു**

1. തൊഴിൽ കാർഡിന് അപേക്ഷിക്കാൻ ഉം 15 ദിവസത്തിനകം ലഭിക്കുവാനും ഉള്ള അവകാശം

2. തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽ ലഭിക്കാനുള്ള അവകാശം

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം

4. ഏറ്റെടുക്കേണ്ട പ്രവർത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം

5. താമസസ്ഥലത്തിന് 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനും ഉള്ള അവകാശം

6. കുടിവെള്ളം തണൽ പ്രാഥമിക ശുശ്രൂഷ കിറ്റ് തൊഴിലാളികളോട് ഒപ്പം അഞ്ചു വയസ്സിനു താഴെയുള്ള അഞ്ചു കുട്ടികൾ പ്രവർത്തി സ്ഥലത്ത് വന്നിട്ടുണ്ട് എങ്കിൽ അവരെ നോക്കാനായി ആയ, ഇതിനായുള്ള അവകാശം

7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം

8. കൂലി ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ നഷ്ടപരിഹാരം കിട്ടുന്നതിനുള്ള അവകാശം

9. പരാതികളിൽ സമയബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിനുള്ള അവകാശം

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

## പൊതുവിവരങ്ങൾ

## ചെറുന്നിയൂർ പഞ്ചായത്ത്

ജില്ല : തിരുവനന്തപുരം

ബ്ലോക്ക് : വർക്കല

പഞ്ചായത്ത് : ചെറുന്നിയൂർ

വിസ്തീർണ്ണം : 10.87 ച. കി

വാർഡുകളുടെ എണ്ണം :14

ജനസംഖ്യ :18114 (2011 ലെ സെൻസസ് പ്രകാരം)

സ്ത്രീ പുരുഷ അനുപാതം :97:82

പട്ടികജാതി : 4449

പ്രസിഡന്റ് :നവപ്രകാശ് N

സെക്രട്ടറി :സിന്ധു ആർ.എസ്

വാർഡ് :അയന്തി

വാർഡ്മെമ്പർ:എസ്. ശിവപ്രസാദ്

പ്രധാന തൊഴിൽ :കൃഷിയും അനുബന്ധ മേഖലകളും

രജിസ്ട്രേഡ് വർക്കേഴ്സ് : 4103

സജീവ തൊഴിലാളികൾ : 1346

100 ജോലി തികഞ്ഞവർ :470

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

==============================

തിരുവനന്തപുരം ജില്ല

വർക്കല ബ്ലോക്ക്

ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത്

വാർഡ്  :1 അയന്തി

1.പ്രവർത്തിയുടെ പേര് :സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ മണ്ണ് ജലസംരക്ഷണ പ്രത്തികൾ

പ്രവർത്തിയുടെ കോഡ് :1614010002/    IF/385357

അടങ്കൽ തുക  :290996

ചിലവായ തുക :199824

പ്രവർത്തി ആരംഭിച്ച തീയതി  :25/02/2019

പ്രവൃത്തി പൂർത്തീകരിച്ച തീയതി :   30/03/2019

ആകെ തൊഴിൽദിനങ്ങൾ : 724

മസ്റ്ററോളുകളുടെ എണ്ണം  : 6

മേറ്റ് : വസന്ത

2.പ്രവൃത്തിയുടെ പേര്   : സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ ( ഖണ്ഡിക 5 പ്രകാരം)

പ്രവർത്തിയുടെ കോഡ് :1614010002/IF/350056

അടങ്കൽ തുക : 231390

ചിലവായ തുക :217488

പ്രവൃത്തി ആരംഭിച്ച തീയതി :19/03/2019

പ്രവർത്തി അവസാനിച്ച തീയതി :  23/03/2019

ആകെ തൊഴിൽദിനങ്ങൾ : 788

മസ്റ്റർ റോളുകളുടെ എണ്ണം : 10

3)പ്രവർത്തിയുടെ പേര്  : കൃഷിക്കാവശ്യമായ കുളം നിർമ്മാണം

പ്രവർത്തിയുടെ  കോഡ് :1614010002/IF/336551

അടങ്കൽ തുക : 177472

ചിലവായ തുക :107185

പ്രവൃത്തി ആരംഭിച്ച തീയതി :23/10/2018

പ്രവർത്തി അവസാനിച്ച തീയതി :  05/01/2019

ആകെ തൊഴിൽദിനങ്ങൾ : 391

മസ്റ്റർ റോളുകളുടെ എണ്ണം : 5

മേറ്റ്: വസന്ത

4)പ്രവർത്തിയുടെ പേര് : സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ

പ്രവർത്തിയുടെ കോഡ് :1614010002/IF/336472

അടങ്കൽ തുക : 186167

പ്രവൃത്തി ആരംഭിച്ച തീയതി :22/10/2018

പ്രവർത്തി അവസാനിച്ച തീയതി : 04/12/2018

ആകെ തൊഴിൽദിനങ്ങൾ : 660

മസ്റ്റർ റോളുകളുടെ എണ്ണം : 24

മേറ്റ് :ഉഷ

## വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ഫയലുകളിലെ പൊതുവായ കണ്ടെത്തലുകൾ

1. കവർ പേജ് :

IF/336551 എന്ന വർക്ക് ഫയലിൽ മാത്രമേ കവർ പേജ് ഉണ്ടായിരുന്നുള്ളു. അപൂർണമായിരുന്നു (അസറ്റ് ഐ ഡി, തൊഴിൽ അവസാനിച്ച തീയതി, ജി പി എസ് ലൊക്കേഷൻ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2.ചെക്ക് ലിസ്റ്റ് :

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട

ചെക്ക് ലിസ്റ്റ് ഫയലുകളിൽ  കാണാൻ സാധിച്ചില്ല.

3.ആക്ഷൻ പ്ലാൻ :

 പരിശോധിച്ച 4 ഫയലുകളിലും  ആക്ഷൻപ്ലാൻ കോപ്പി കാണാൻ സാധിച്ചില്ല.

 4.ഭരണാനുമതി :

ഭരണാനുമതി ഇല്ലായിരുന്നു.

5.സാങ്കേതിക അനുമതി  :

പരിശോധിച്ച 4 ഫയലുകളിലും പ്രാദേശികമായി തയ്യാറാക്കിയ സാങ്കേതിക അനുമതി പത്രം ഉണ്ട്.

 6. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് :

പരിശോധിച്ച 4 ഫയലുകളിലും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു .

7. ഡ്രോയിങ് & ഡിസൈനിങ് :

പരിശോധനക്ക് വിധേയമാക്കിയ 4 ഫയലുകളിലും ഡ്രോയിംഗ് ആൻഡ് ഡിസൈൻ  ഇല്ലായി രുന്നു.

8.ഡിമാൻഡ് ഫോം :

പരിശോധിച്ച 4 ഫയലുകളിലും   ഡിമാൻഡ് ഫോം ഇല്ലായിരുന്നു.

9. വർക്ക് അലോക്കേഷൻ ഫോം:

IF/336551 എന്ന ഫയലിൽ മാത്രമേ  വർക്ക്

അലോക്കേഷൻ ഫോം ഉണ്ടായിരുനുള്ളൂ.

10. ഇ -മസ്റ്ററോൾ :

4 ഫയലുകളിലും മസ്റ്ററോൾ ഉണ്ടായിരുന്നു.

11. മസ്റ്ററോൾ മൂവ്മെൻറ് സ്ലിപ് :

മസ്റ്ററോൾ മൂവ്മെൻറ് സ്ലിപ് പരിശോധിച്ച എല്ലാ ഫയലുകളിലും ഉണ്ടായിരുന്നു.

12.വേജ് ലിസ്റ്റ് :

പരിശോധിച്ച 4ഫയലുകളിലും വേജ് ലിസ്റ്റ് ഇല്ലായിരുന്നു .

13. ഫണ്ട് ട്രാൻസ്ഫർ ഓർഡർ:

പരിശോധിച്ച ഫയലുകളിൽ ഒന്നുംതന്നെ എഫ്. ടി. ഒ. കാണാൻ കഴിഞ്ഞില്ല.

14. എം ബുക്ക് :

പരിശോധിച്ച 4 ഫയലുകളിലും എം ബുക്ക് ഉണ്ട്.

15. മെറ്റീരിയൽ പ്രൊക്യുർമെൻറ് സ്റ്റേറ്റ്മെൻറ്:

പ്രവർത്തികൾ ഒന്നുംതന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല അതുകൊണ്ട് ഇത് ബാധകമല്ല.

16. മെറ്റീരിയൽ ബില്ല് &വൗച്ചർ :

4 ഫയലുകൾക്കും ഇത് ബാധകമല്ല.

17. റോയൽറ്റി പെയ്മെൻറ് റെസിപ്റ് :

4 ഫയലുകൾക്കും  റോയൽറ്റി ബാധകമായിരുന്നില്ല.

18.ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്:

IF/336551എന്ന ഫയലിൽ
പ്രവർത്തിതുടങ്ങുന്നതിനുമുമ്പുള്ള ഒരു ഫോട്ടോ മാത്രം കാണാൻ സാധിച്ചു. മറ്റ് ഫയലുകളിൽ ഫോട്ടോഗ്രാഫ് ഇല്ലായിരുന്നു.

19.വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്:

പരിശോധിച്ച ഒരു ഫയലിലും  കാണാൻ സാധിച്ചില്ല.

20.ജിയോ ടാഗ് ഫോട്ടോഗ്രാഫ് :

ഒരു ഫയലിലും കാണാൻ സാധിച്ചില്ല.

21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി

പരിശോധിച്ച ഫയലുകളിൽ  കാണാൻ സാധിച്ചില്ല.

22.സൈറ്റ് ഡയറി:

പരിശോധിച്ച 4 ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു.

## നിരീക്ഷണങ്ങളും കണ്ടെത്തലുകളും

1)IF/336551 എന്ന വർക്കിൽ കൃഷിക്കാവശ്യമായ കുളം നിർമ്മാണം ആയിരുന്നു. രവീന്ദ്രന്റെ ഉടമസ്ഥതയിലുള്ള പുരയിടത്തിൽ കൃഷിക്കാവശ്യമായ ജലസേചനത്തിനും

മത്സ്യകൃഷിക്കുമാണ് കുളം നിർമ്മിച്ചത്. ഉപയോഗ്യശൂന്യമായ നിലയിലായിരുന്നു കുളത്തിന്റെ ഇപ്പോഴത്തെ അവസ്ഥ. 5 m നീളം, 5m വീതി, 5m ആഴം എന്നി അളവുപ്രകാരമാണ് കുളംനിർമ്മാണം പറഞ്ഞിരുന്നത്.4.5m ആയപ്പോൾ തന്നെ വെള്ളം കണ്ടു. എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് ലഭിക്കുന്നതിനായി വെള്ളം കോരിവറ്റിയ്ക്കേണ്ടിവന്നു. എന്നാൽ വീണ്ടും വെള്ളം കുളത്തിൽ നിറയുകയും വെള്ളം വറ്റിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ ഉടമ പഞ്ചായത്തിൽ പരാതിപ്പെടുകയും ജോലി നിർത്തിവെയ്ക്കേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തു. അതിനുശേഷം മറ്റൊരു തൊഴിലുറപ്പുഗ്രൂപ്പിനെ വെച്ച് കുളത്തിന്റെ പണി പൂർത്തിയാക്കി. ഫീൽഡ് വെരിഫിക്കേഷന് ചെന്നപ്പോൾ ഉടമയുടെ പ്രതികരണം ഈ കുളം നികത്താനുള്ള വല്ലമാർഗവും ഉണ്ടോ എന്നതായിരുന്നു.

2)സ്വകാര്യവ്യക്തികളുടെ ഭൂമിയിലെ ഭൂവികസനപ്രവർത്തികളായിരുന്നു മറ്റു നാല് ഫയലുകളിലും കുഴി, തടം, കാടുവെട്ടി തെളിക്കൽ എന്നിവയാണ് പ്രധാന ഇനം പ്രവർത്തിയായി എം ബുക്കിൽ ഉണ്ടായിരുന്നത്.

3)ഗീത എന്ന വ്യക്തിയുടെ പുരയിടത്തിൽ വാഴക്കുഴി -5, മഴക്കുഴി -1, മാലിന്യക്കുഴി -1 എന്നിവയായിരുന്നു. കൂടാതെ 25m നീളത്തിൽ അതിരുകോരിയിട്ടുണ്ടായിരുന്നു. വാഴക്കുഴി

ചിലതൊക്കെ മൂടിയ നിലയിലായിരുന്നു. മഴക്കുഴി ഉപയോഗ്യശൂന്യമായി കണ്ടെത്തി.

4)രോഹിണി, പ്രേമ, വസന്ത, സുശീല, പുഷ്പലീല തുടങ്ങിയവരുടെ പുരയിടങ്ങൾ സന്ദർശിക്കുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ ഫീൽഡിൽ കാണുവാനും

സാധിച്ചു.

5)336551 എന്ന ഫയലിൽ മസ്റ്ററോൾ നമ്പർ 16474-ൽ വെട്ടിത്തിരുത്തലുകൾ ഉണ്ട്. മേറ്റിന്റെ സൈൻ ഉണ്ടായിരുന്നില്ല. 28/12/2018 -31/12/2018 വരെയുള്ള മസ്റ്ററോളിൽ വേതനം 260 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മസ്റ്ററോൾ പ്രകാരം ആകെ പ്രവർത്തിദിനം 391 ആണ്. എന്നാൽ സൈറ്റ് ഡയറിയിൽ 428 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 21685-21690 വരെയുള്ള മാസ്റ്ററോളിൽ 264 രൂപയാണ് വേതനമായി നൽകിയിരിക്കുന്നത്.

6)IF/385357 എന്ന പ്രവർത്തിയുടെ അടങ്കൽ തുകയായി നിശ്ചയിച്ചിരുന്നത് 290996 രൂപയാണ്. എന്നാൽ 199824 രൂപ മാത്രമാണ് പദ്ധതിയ്ക്കായി ചെലവാക്കിയത്.

7)പ്രവർത്തികളിൽ ഏർപ്പെടുന്ന തൊഴിലാളികൾക്കും ഗുണഭോക്താക്കൾക്കും പ്രവർത്തിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചുണ്ടാകുന്ന ധാരണക്കുറവ് പലപ്പോഴും ഫീൽഡ് വിസിറ്റിൽ കാണാൻ സാധിച്ചു. അതായത് പലകുഴികളും ഉപയോഗ്യശൂന്യമായ

നിലയിൽ കണ്ടെത്തി.

8)ഫീൽഡ് വിസിറ്റിങ്ങിനിടെ തൊഴിലാളികളെ കാണുകയും തൊഴിൽകാർഡ് പരിശോധിക്കുകയും ചെയ്തു. ഈ വർഷം 14 തൊഴിൽദിനങ്ങളാണ് ലഭിച്ചിട്ടുണ്ടായിരുന്നത്. 56 സജീവതൊഴിലാളികൾ ഒന്നാംവാർഡിൽ ഉള്ളതായി മനസിലായി. കഴിഞ്ഞവർഷം ഒട്ടുമിക്ക തൊഴിലാളികൾക്കും 100 തൊഴിൽദിനങ്ങൾ ലഭിച്ചിരുന്നു.

-----------------------------

**ചർച്ച**

=======

ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിലെ (അയന്തി ) ഗ്രാമസഭ ഉച്ചയ്ക്ക് 2 മണിക്ക് കാഞ്ഞിരംവിള ഗണപതി ക്ഷേത്രത്തിനു സമീപം ആരംഭിച്ചു. കഴിഞ്ഞ വർഷം 100 തൊഴിൽ ദിനങ്ങൾ തികച്ച കൃഷ്ണമ്മയെ യോഗത്തിന്റെ അധ്യക്ഷ സ്ഥാനത്തേക്കു തെരെഞ്ഞെടുത്തു. വി ആർ പി സൗമ്യ ഭരണഘടന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ശേഷം വാർഡ് മെമ്പർ എസ്. ശിവപ്രസാദ് സ്വാഗതപ്രസംഗം നടത്തി. തുടർന്ന് വി ആർ പി സൗമ്യ തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചും സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും ആമുഖപ്രസംഗം നടത്തി. തുടർന്ന് തൊഴിലാളികളുടെ 10 അവകാശങ്ങളെപ്പറ്റി വി ആർ പി സ്വപ്ന വ്യക്തമാക്കി. തുടർന്ന് വി ആർ പി സൗമ്യ, സ്വപ്ന എന്നിവർ റിപ്പോർട്ട്

അവതരിപ്പിച്ചു . അതിനുശേഷം റിപ്പോർട്ട് അവതരണത്തെക്കുറിച്ചും തൊഴിലാളികളുടെ പരാതികളെക്കുറിച്ചും ചർച്ചചെയ്തു.

100 ദിവസം പണി ലഭിക്കുന്നില്ല എന്ന പരാതി തൊഴിലാളികൾ ഉന്നയിച്ചു. തൊഴിൽ ലഭിക്കാനായി തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെടേണ്ട രീതിയെക്കുറിച്ചു വി ആർ പി വ്യക്തമാക്കി.

വേതനം ലഭിക്കുന്നതിൽ വരുന്ന കാലതാമസം യോഗത്തിൽ ചർച്ചാവിഷയമായി.പഞ്ചായത്തിൽ നിന്നും 7ദിവത്തിനകം തന്നെ വേതനം ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നു ഓവർ സിയർ മറുപടി നൽകി.

ടാർപ്പ, ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവ ലഭ്യമാകുന്നില്ല എന്ന പരാതി തൊഴിലാളികൾ ഉന്നയിച്ചു. ഇവ ലഭ്യമാക്കാനുള്ള നടപടി എടുക്കുമെന്ന് ഓവർ സിയർ മറുപടി നൽകി.

വ്യക്തിഗത ആസ്തിനിർമ്മിത പ്രവർത്തികൾ കൂടുതലായി ഉൾപ്പെടുത്താനുള്ള നിർദ്ദേശം വി ആർ പി, ഓവർസിയർ എന്നിവർ തൊഴിലാളികൾക്ക്

നൽകി. എന്നാൽ ഇവയ്ക്കുള്ള ഫണ്ട് അനുവദിക്കുന്നതിനുള്ള കാലതാമസത്തെക്കുറിച്ച് തൊഴിലാളികൾ പരാതിപ്പെട്ടു.

തൊഴിൽകാർഡിനായി ഫോട്ടോ എടുക്കാൻ തൊഴിലാളികളുടെ കൈയിൽ നിന്നും പണം ചിലവായതായി മനസിലായി. ഇതിനുവേണ്ടി പണം ചിലവാക്കേണ്ടതില്ലെന്നും കാർഡ് തികച്ചും സൗജന്യമായി ലഭിക്കുമെന്നും വി ആർ പിമാർ വ്യക്തമാക്കി.

ഫയലിൽ ഇല്ലാത്ത ചില പ്രധാനപ്പെട്ട രേഖകൾ ഇനിയുള്ള ഫയലുകളിൽ കൃത്യമായി ഉൾപ്പെടുത്തുമെന്നും ഓവർസി യർ ഗ്രാമസഭയിൽ ഉറപ്പുനൽകി.

5തൊഴിലാളികൾ ഗ്രാമസഭയിൽ പങ്കെടുത്തു.

# നന്ദി

====

വർക്കല ബ്ലോക്കിലെ ചെറുന്നിയൂർ പഞ്ചായത്തിലെ വാർഡ് 1 ന്റെ 2018- 19 സാമ്പത്തികവർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ചെറുന്നിയൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ ഫീൽഡ് പ്രവർത്തനങ്ങൾക്ക് സഹായിച്ച മേറ്റ്മാർ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

***മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതി***

***സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്***

# തിരുവനന്തപുരം

**വർക്കല ബ്ലോക്ക്**

**ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്**

**വാർഡ് 2 പാലച്ചിറ**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 01/10/2018 to 31/3/2019**

**റിപ്പോർട്ട് തയാറാക്കിയത്**

**തിരുവനന്തപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം**

**അജിത ട, മഞ്ജു എം എസ്, അഞ്ജന ജെ ആർ**

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് അനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്‌ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽഓഡിറ്റ്.

## *ഭരണഘടനാ പ്രതിജ്ഞ*

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,

മതനിരപേക്ഷ,

ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും

ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവും

സാമ്പത്തികവും രാഷ്ട്രീയവുമായ

നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,

സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം

എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന

സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബർ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു'

ഇന്ന് 2019 നവംബർ 12-ആം തീയതി HHTMU Sൽകൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കാളികളായ ഞങ്ങൾ ഭരണഘടനാ മൂല്യങ്ങൾ നടപ്പിലാക്കുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്യുന്നു.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂൾ** 2 |

| | | |
|---|---|---|
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂൾ** 1 & **ഷെഡ്യൂൾ** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 7,8,9 |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂൾ** 2**പാരഗ്രാഫ്** 18 & **പാരഗ്രാഫ്** 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **ഷെഡ്യൂൾ**2 **പാരഗ്രാഫ്** 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സെഷൻ**3(2),6, sch 2 ,29,a,b,c,d,e,f.30 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സെഷൻ** 19, & **സെഷൻ** 17( 2) |

## അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ

*തൊഴിൽ കാർഡ് പുതുക്കുന്നതിനു വേണ്ടി തൊഴിലാളികൾക്ക് അവരുടെ കയ്യിൽ നിന്നും കാശ് ചെലവായിട്ടുണ്ടെന്നും, കൂടാതെ തൊഴിൽ കാർഡിനുള്ള ഫോട്ടോ തൊഴിലാളികൾ സ്വന്തം ചെലവിലാണ് നൽകിയിട്ടുള്ളത് എന്നും മനസിലാക്കാൻ സാധിച്ചു.

* ഫയൽ പരിശോധനയിൽ വ്യക്തമായ ഡിമാന്റ് ഫോറം കാണാൻ സാധിച്ചിലല് . അതിനാൽ തൊഴിലിനു അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ആയതിനാൽ തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു അവർ തൊഴിലുറപ്പ് നിയമ പ്രകാരമല്ല തൊഴിൽ ആവശ്യപ്പെട്ടത് എന്ന് മനസിലായി.

* ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.

*തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.

*തൊഴിൽ സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ടെങ്കിലും അവയെല്ലാം തൊഴിലാളികൾ സ്വന്തമായി ക്രമീകരിച്ചിരിക്കുന്നതാണ്.

* ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. *തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.

* തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.

* പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിച്ചതായി അറിയാൻ സാധിച്ചിട്ടില്ല അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞട്ടില്ല.

## പൊതുവിവരങ്ങൾ -ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

| | |
|---|---|
| ജില്ല | തിരുവനന്തപുരം |
| ബ്ളോക്ക് | വർക്കല |
| വിസ്തീർണ്ണം | 10.87 ച.കി.മീ. |
| വാർഡുകളുടെ എണ്ണം | **14** |
| ജനസംഖ്യ | **18114** |
| സ്ത്രീപുരുഷഅനുപാതം | 97:82 |
| പട്ടികജാതി | 4449 |
| പ്രസിഡന്റ് | നവപ്രകാശ് എൻ |
| സെക്രട്ടറി | സിന്ധു R S |
| പ്രധാന തൊഴിൽ | കൃഷിയും അനുബന്ധ മേഖലകളും |
| രജിസ്റ്റേർഡ് വർക്കർ | 4103 |
| സജീവത്തൊഴിലാളികൾ | 1346 |
| 100ജോലി തികഞ്ഞവർ | 470 |

Source : Census data 2011

# സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി തൊഴിലുറപ്പപദ്ധതി തിരുവനന്തപുരം ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് ആറിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

- ➔ കഴിഞ്ഞ6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ , MIS എന്നിവ പരിശോധിക്കൽ
- ➔ പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
- ➔ ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
- ➔ തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .
- ➔ ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ .

## പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ

| Sl | വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | പദ്ധതി ആരംഭം | പദ്ധതി അവസാനം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് |
|---|---|---|---|---|---|---|
| 1 | 1614010002/LD/248001 | സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസനപ്രവർത്തനങ്ങൾ ( വകുപ്പുമായി ചേർന്ന് സംയോജിത പദ്ധതി) | 25-10-2018 | 23-01-2019 | 240905 | 237024 |
| 2 | 1614010002/IF/336481 | സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂവികസനം പ്രവർത്തികൾ | 12-02-2019 | 29-03-2019 | 98199 | 91356 |

| | | | | | | |
|---|---|---|---|---|---|---|
| | | ഖണ്ഡിക 5 പ്രകാരം | | | | |
| 3 | **1614010002/IF/385358** | സ്വകാര്യവ്യക്തി കളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ (വിഭാഗം ബി ഖണ്ഡിക 5 പ്രകാരം) | **14-02-2019** | 31-03-2019 | 290971 | 148212 |
| 4 | **1614010002/IF/350057** | സ്വകാര്യവ്യക്തി കളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ | **22-10-2018** | 27-10-2018 | 174124 | 167153 |
| | | | | | | |

## 22 ഡൊക്യുമെന്റ്സ്

### 1. കവർപേജ്

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച 4 ഫയലുകളിലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർപേജ് ലഭ്യമല്ല

### 2. ചെക്ക് ലിസ്റ്റ്

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച 4 ഫയലുകളിലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ് ഉണ്ടായിരുന്നില്ല

**3. ആക്ഷൻപ്ലാൻ  കോപ്പി**

പരിശോധിച്ച 4 ഫയലുകളിൽ ഒരു ഫയലിൽ പോലും വാർഷിക മാസ്റ്റർ സറകൂലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

**4. എസ്റ്റിമേറ്റ് കോപ്പി**

പരിശോധിച്ച  4 ഫയലുകളിലും  സെകൂരിറ്റിൽ നിന്നുമെടുത്ത എസ്റ്റിമേറ്റിൽ കോപ്പി കാണാൻ സാധിച്ചു.എന്നാൽ ഒരു ഫയലിലും പ്രൊജക്റ്റ് റിപ്പോർട്ട്, സർവ്വേ ഡാറ്റ ,ജനകീയ എസ്റ്റിമേറ്റ്, എന്നിവ ഉണ്ടായിരുന്നില്ല.

**5. സാങ്കേതികാനുമതി**

പരിശോധിച്ച 4 ഫയലുകളിലും പ്രാദേശികമായി തയ്യാറാക്കിയ സാങ്കേതിക അനുമതി പത്രമാണ് വർക്ക് ഫയലിൽ കാണാൻ കഴിഞ്ഞത്.സാങ്കേതികനുമതിക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുണ്ട്.

**6. ഭരണാനുമതി**

പരിശോധിച്ച 4 ഫയലുകളിലും ഭരണാനുമതി കാണാൻ സാധിച്ചില്ല.

**7.തൊഴിലിനുള്ള അപേക്ഷ**

പരിശോധിച്ച 4 ഫയലിലും ഡിമാൻഡ് ഫോം ലഭ്യമല്ല

**8. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം**

പരിശോധിച്ച  4  ഫയലുകളിലും പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നില്ല.

**9. ഇ മസ്റ്റർ റോൾ**

പരിശോധിച്ച  പ്രവർത്തി ഫയലുകളുടെ മസ്റ്റർ റോളുകളിലും  വെട്ടിത്തിരുത്തലുകൾ  ഉണ്ട്.. മസ്റ്റ്ർ റോളുകളിൽ ബി.ഡി.ഓ ,സെക്രട്ടറി എന്നിവരുടെ ഒപ്പ്  സീൽ  എന്നിവ ഉണ്ടായിരുന്നെങ്കിലും തിയതി ഉണ്ടായിരുന്നില്ല. മസ്റ്റർ റോളുകളിൽ ആയുധങ്ങളുടെ വാടക രേഖപെടുത്തിയിട്ടുണ്ട് .

**10. മെഷര്മെന്റ് ബുക്ക്**

പരിശോധനയ്ക്ക് വിധേയമാക്കിയ 4ഫയലുകളിലും എം ബുക്ക് ലഭ്യമാണ്. എന്നാൽ ചിലയിടങ്ങളിൽ ബന്ധപ്പെട്ട അധികാരികളുടെ ഒപ്പും സീലും ഡേറ്റും ഇല്ലായിരുന്നു.

**11. മെറ്റീരിയൽ**

4 പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയുന്നതല്ല. അതുകൊണ്ടു ബാധകമല്ല.

**12.വേജ് ലിസ്റ്റ്**

പരിശോധിച്ച 4പ്രവർത്തിഫയലുകളിലും വേജ് ലിസ്റ്റ് ലഭ്യമല്ല.

**13.ഫണ്ട് ട്രാൻസ്ഫർ ഓർഡർ**

പരിശോധിച്ച 4 ഫയലുകളിലും FTO കാണാൻ കഴിഞ്ഞില്ല.

## 14. മെറ്റീരിയൽ ബിൽ ആൻഡ് വൗച്ചർ

പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല. അതുകൊണ്ട് ഇത് ബാധകമല്ല.

**15. റോയൽറ്റി**

പരിശോധിച്ച 4ഫയലുകളിലും റോയൽറ്റി ബാധകം ആയിരുന്നില്ല

**16. ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്സ്**

പരിശോധിച്ച 4 ഫയലുകളിൽ ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ് ലഭ്യമല്ല

**17.പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല .

**18.മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്**

മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു, എന്നാൽ മസ്റ്റർ റോൾ നമ്പറുകൾ കൃത്യമായി രേഘപെടുത്തതും പല കോളങ്ങളും പൂരിപ്പിക്കാത്ത രീതിയിലും അപൂര്ണമായി എല്ലാ മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകളും കാണപ്പെട്ടു .

**19.ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്സ്**

ഒരു ഫയലിലും കാണാൻ സാധിച്ചില്ല

**20.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

## 21.സൈറ്റ് ഡയറി

പരിശോദിച്ച4 ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , തൊഴിൽ ഉപകരണങ്ങളുടെ വാടക , വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട് , സന്ദർശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു . ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല.

## 22. ഡ്രോയിങ് ആൻഡ് ഡിസൈനിങ്

പരിശോധനയ്ക്ക് വിധേയമാക്കിയ 4 ഫയലുകളിലും ഡ്രോയിങ് ആന്റി ഡിസൈൻ ലഭ്യമായിരുന്നില്ല

## വർക്ക് ഫയലുകളിലെ പൊതുവായ കണ്ടെത്തലുകളും

- LD/248001 പ്രകാരമുള്ള ഫയലിൽ മസ്റ്റോൾ പ്രകാരംആകെ തൊഴിൽദിനങ്ങൾ 849 ആണ്. എന്നാൽ സൈറ്റ് ഡയറിയിലെ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട് പ്രകാരം തൊഴിൽദിനങ്ങൾ 851ആയികണ്ടു. അതുപോലെതന്നെ ആകെ വേതനം 230139 രൂപയാണ്. എന്നാൽ എം ബുക്കിൽ അത് 230079 രൂപയാണ് കാണിച്ചിരിക്കുന്നത്. 60 രൂപയുടെ വ്യത്യാസം ഉണ്ട്.
- IF /350057 ൽ മസ്റ്റോളിൽ വെട്ടി തിരുത്തലുകൾ ഉണ്ടായിരുന്നു. mustroll നമ്പർ 17617 മുതൽ 17622 വരെയുള്ള മസ്റ്റോളിൽ 270 രൂപ വെച്ചാണ് വേത നം നൽകിയിരിക്കുന്നത്.
- IF/350057 വർക്ക് ക്കോഡ് പ്രകാരം ഉള്ള സൈറ്റ് ഡയറിയിൽ അടങ്കൽ തുക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു ചിലവായ തുക സൈഡ് രേഖപ്പെടുത്തിയിട്ടില്ല.

## രജിസ്റ്ററുകളുടെ പരിശോധന

നിയമപ്രകാരം7രജിസ്റ്ററുകൾഗ്രാമപഞ്ചായത്ത് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ് അവ ച്ചുവടെ ചേർക്കുന്നു.

**1. തൊഴിൽ card രജിസ്റ്റർ**

**2.ഗ്രാമസഭാ രജിസ്റ്റർ**

**3.ഡിമാൻഡ് രജിസ്റ്റർ**

**4.വർക്ക് രജിസ്റ്റർ**

**5.ആസ്തി രജിസ്റ്റർ**

**6.പരാതി രജിസ്റ്റർ**

**7. മെറ്റീരിയൽ രജിസ്റ്റർ**

**എല്ലാ രജിസ്റ്ററുകളും പഞ്ചായത്ത് സൂക്ഷിക്കുന്നുണ്ട്.**

## പ്രവർത്തിയിടങ്ങൾ പരിശോധിച്ചതിലെ പൊതുവായ കണ്ടെത്തലുകൾ

- പരിശോധനയ്ക്ക് വിധേയമാക്കിയ 4 ഫയലുകളിലും ആയി ആകെ 17തൊഴിലിടങ്ങൾ ആണ് സന്ദർശിച്ചത്. എം ബുക്ക് പ്രകാരം ഉള്ള ജോലികൾ ഏറെക്കുറെ യും പ്രവൃത്തി ഇടങ്ങളിലും കാണാൻ സാധിച്ചു. സന്ദർശിച്ച തൊഴിലിടങ്ങളിൽ ഏറെയും കാടുപിടിച്ച നിലയിൽ കണ്ടു. മഴക്കുഴികൾ വേസ്റ്റ് കുഴികൾ വാഴ കുഴികൾ ഇവ എണ്ണിത്തിട്ടപ്പെടുത്താൻ സാധിച്ചിരുന്നില്ല.
- വർക്ക് കോഡ് IF /2480001 ഫയൽ  പ്രകാരം അഞ്ച് പ്രവർത്തി ഇടങ്ങളാണ് സന്ദർശിച്ചത്. ഹൗ ലത് ബീവിയുടെ വസ്തുവിൽ മരച്ചീനി പച്ചക്കറികൾ ഇവ കൃഷി ചെയ്തത് വരുന്നു. വേസ്റ്റ് കുഴിയും കാണാൻ സാധിച്ചു.
- സൗദാ ബീവിയുടെ വസ്തുവിൽ വേസ്റ്റ് കുഴി ഉണ്ടായിരുന്നു.മരച്ചീനി കൃഷി ചെയ്യുന്നുണ്ട്.
- റസീന ബീവിയുടെ പുരയിടത്തിൽ വേസ്റ്റ് കുഴി ഉണ്ടായിരുന്നു. ചേമ്പ് മഞ്ഞൾ എന്നിവ കൃഷി ചെയ്തു വരുന്നു. അതിര് കോരാൻ അപേക്ഷയിൽ വച്ചിട്ടുണ്ടായിരുന്നു എന്നാൽ മഴ ഇല്ലാതിരുന്നതിനാൽ അതിരു എടുത്തിട്ടില്ല എന്ന് ഉടമ പറഞ്ഞു. തടമെടുത്ത മറ്റിടങ്ങളിൽ അപേക്ഷകന് വിള ഒന്നും നടാൻ സാധിച്ചില്ല.
- IF /350057 വർക്ക് കോഡിൽ പത്ത് തൊഴിലിടങ്ങൾ ആണ് സന്ദർശിച്ചത്. ഗീതയുടെ വസ്തുവിൽ മഴക്കുഴി വേസ്റ്റ് കുഴിയും ഓരോന്നു വീതംഉണ്ട്. വാഴക്കുഴി എടുത്തിട്ടുണ്ട് എന്നാൽ ഒന്നും നട്ടി ല്ലായിരുന്നു. അതിര്

എടുത്തിട്ടുണ്ട്.

- നടരാജൻ്റെ വസ്തുവിൽ അതിര് എടുത്തിട്ടുണ്ട്.. വേസ്റ്റ് കുഴി എടുത്തിട്ടുണ്ട് എന്നാൽ അതിൽ തെങ്ങ് നട്ടിരിക്കുന്നു. മഴക്കുഴി ഉണ്ട്.
- ലൈല ബീവിയുടെ പുരയിടത്തിൽ മഴക്കുഴി വേസ്റ്റ് കുഴി ഉണ്ടായിരുന്നു എന്നാൽ മഴക്കുഴി കാടുപിടിച്ച് നിലയിലായിരുന്നു.
- അൻസാറിnte പുരയിടത്തിൽ വേസ്റ്റ് കുഴി, മഴക്കുഴി എന്നിവയുണ്ട്. തെങ്ങിൻ തടം എടുത്തിട്ടുണ്ട് വിജയകുമാറിന്റെ പുരയിടത്തിൽ തെങ്ങിൻ തടം എടുത്തിട്ടുണ്ട്, വേസ്റ്റ് കുഴി, മഴക്കുഴി കണ്ടു. വേസ്റ്റ് കുഴി കാടുപിടിച്ച് നിലയിൽകണ്ടു.
- അഫീറയുടെ പുരയിടത്തിൽ അതിരു പിടിച്ചിട്ടുണ്ട്. വേസ്റ്റ് കുഴി, മഴക്കുഴി ഇവയുണ്ട്. മഴക്കുഴിയിൽ തെങ്ങ് വച്ചിരിക്കുന്നത് കണ്ടു.
- ഷിഫ ബീവിയുടെ വസ്തുവിൽ അതിര് എടുത്തിട്ടുണ്ട്, മഴക്കുഴി, വേസ്റ്റ് കുഴി ഉണ്ട്.
- ചന്ദ്രികയുടെ പുരയിടത്തിൽ തെങ്ങിൻ തടം എടുത്തു. വാഴക്കുഴി എടുത്തു. എന്നാൽ വാഴ നട്ടി ട്ടില്ല.
- ഉഷയുടെ വസ്തുവിൽ തെങ്ങിൻ തടം, വാഴ കുഴി, തെങ്ങിൻ കുഴി, എന്നിവ എടുത്തിട്ടുണ്ട് മഴക്കുഴിയിൽ വാഴ വെച്ചിരിക്കുന്നത് കണ്ടു.
- പൊന്നമ്മയുടെ വസ്തുവിൽ മഴക്കുഴി, വേസ്റ്റ് കുഴി ഇവ എടുത്തിട്ടുണ്ട്.
- 1614010002/IF/336481 പ്രകാരമുള്ള ഫയലിൽ രണ്ടു ഇടങ്ങളാണ് സന്ദർശിച്ചത്. നിസാറിന്റെ പുരയിടത്തിൽ തെങ്ങിൻ തടം എടുത്തിട്ടുണ്ട്, മഴക്കുഴി വേസ്റ്റ്, വേസ്റ്റ് കുഴി പരമാവധി ഉപയോഗിക്കുന്നുണ്ട്.
- മുഹമ്മദ് നിയാസിന്റെ വസ്തുവിൽ തെങ്ങിൻ തടം എടുത്തിട്ടുണ്ട് മഴക്കുഴി വേസ്റ്റ് കുഴി ഇവ കണ്ടു.

## പൊതുവായ നിരീക്ഷണങ്ങൾ.

- _ഫസ്റ്റ് എയ്ഡ് ബോക്സ് പഞ്ചായത്തിൽ നിന്നും ലഭിക്കുന്നില്ല. പകരം തൊഴിലാളികളും മേറ്റ് ചേ ർ ന്ന് പണം പിരിച്ചു കൂടിയാണ് വാങ്ങുന്നത്.
- **മറ്റു വാർഡുകളിലെ തൊഴിലാളികളാണ് ഏറ്റവും കൂടുതൽ തൊഴിലിനായി ഈ വാർഡിൽ എത്തുന്നത്.**
- **തൊഴിൽ സമയം രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെ ആകണമെന്നാണ് തൊഴിലാളികളുടെ പൊതുവായ അഭിപ്രായം.**
- **ആവശ്യത്തിന് തൊഴിൽ ലഭ്യമല്ല. നിലവിലുള്ള വർഷത്തിൽ തൊഴിൽ എണ്ണം കുറവാണ്.**
- **പുതിയ തൊഴിൽ കാർഡ് ലഭിക്കുന്നതിനും നിലവിലെ**

**തൊഴിൽ കാർഡ് പുതുക്കുന്നതിനും തൊഴിലാളികളുടെ കയ്യിൽ നിന്നും പണം ചിലവാകാറുണ്ട്.**

★ അർത്ഥ വിദഗ്ദ, വിദഗ്ദ തൊഴിലിനെക്കുറിച്ച് തൊഴിലാളികൾക്ക് വ്യക്തമായ ധാരണയില്ല.
★ തൊഴിലിനുള്ള അപേക്ഷ മേറ്റ് വഴി ഗ്രൂപ്പ് ആയിട്ട് വെള്ളപേപ്പറിൽ എഴുതി ആണ് പഞ്ചായത്തിൽ ഏൽപ്പിക്കുന്നത്. കൈപ്പറ്റ് രസീത് വാങ്ങിയിട്ടില്ല എന്നും മനസ്സിലായി
★ തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ച് അവർക്ക് വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല.
★ ജോലി പൂർത്തിയായിട്ടും കൃത്യമായി വേതനം ലഭിക്കുന്നില്ല എന്ന അഭിപ്രായം തൊഴിലാളികൾ പറഞ്ഞു.
★ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ തൊഴിലാളികൾ ചെയ്തിട്ടും ഭൂഉടമകളുടെ അനാസ്ഥമൂലം അവ ഉപയോഗശൂന്യമായി കിടക്കുന്നത് കാണാൻ കഴിഞ്ഞു.
★ തൊഴിലാളികളുടെ അവകാശങ്ങൾ പലപ്പോഴും ഹനിക്കപ്പെടുന്നുണ്ട്.
★ തൊഴിൽ കാർഡുകൾ അപൂർണമായാണ് പൂരിപ്പിച്ചിട്ടുള്ളത്.

# നന്ദി

വർക്കല ബ്ലോക്കിലെ വാർഡ് രണ്ടിലെ 2018-19സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ചെറുന്നിയൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മേറ്റുമാർ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

# തിരുവനന്തപുരം

**വർക്കല ബ്ലോക്ക്**

**ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്**

**വാർഡ് 3 വടശ്ശേരിക്കോണം**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 01/10/2018 to 31/3/2019**

## റിപ്പോർട്ട് തയാറാക്കിയത്

## തിരുവനന്തപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

**അജിത ട, മഞ്ജു എം എസ്, അഞ്ജന ജെ ആർ**

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ

പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽഓഡിറ്റ്.

## ***ഭരണഘടനാ പ്രതിജ്ഞ***

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,

മതനിരപേക്ഷ,

ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും

ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവും

സാമ്പത്തികവും രാഷ്ട്രീയവുമായ

നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,

സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം

എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന

സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബർ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു'

ഇന്ന് 2019 നവംബർ 6-ആം തീയതി വടശ്ശേരിക്കോണം അംഗൻവാടിയിൽ കൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കാളികളായ ഞങ്ങൾ ഭരണഘടനാ മൂല്യങ്ങൾ നടപ്പിലാക്കുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്യുന്നു.

**മഹാത്മാ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂൾ** 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂൾ** 1 & **ഷെഡ്യൂൾ** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള | **സെഷൻ** 7,8,9 |

| | | |
|---|---|---|
| | അവകാശം | |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂൾ** 2**പാരഗ്രാഫ്** 18 & **പാരഗ്രാഫ്** 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **ഷെഡ്യൂൾ**2 **പാരഗ്രാഫ്** 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സെഷൻ**3(2),6, sch 2 ,29,a,b,c,d,e,f.30 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സെഷൻ** 19, & **സെഷൻ** 17( 2) |

## അവകാശ അധിഷ്ഠിത നീരിക്ഷണങ്ങൾ

*തൊഴിൽ കാർഡ് പുതുക്കുന്നതിനു വേണ്ടി തൊഴിലാളികൾക്ക് അവരുടെ കയ്യിൽ നിന്നും കാശ് ചെലവായിട്ടുണ്ടെന്നും, കൂടാതെ തൊഴിൽ കാർഡിനുള്ള ഫോട്ടോ തൊഴിലാളികൾ സ്വന്തം

ചെലവിലാണ് നൽകിയിട്ടുള്ളത് എന്നും മനസിലാക്കാൻ സാധിച്ചു.

* ഫയൽ പരിശോധനയിൽ വ്യക്തമായ ഡിമാന്റ് ഫോറം കാണാൻ സാധിച്ചിലല് . അതിനാൽ തൊഴിലിനു അപേക്ഷിച്ചിട്ട 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ആയതിനാൽ തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു അവർ തൊഴിലുറപ്പ് നിയമ പ്രകാരമല്ല തൊഴിൽ ആവശ്യപ്പെട്ടത് എന്ന് മനസിലായി.

* ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.

*തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.

*തൊഴിൽ സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ടെങ്കിലും അവയെല്ലാം തൊഴിലാളികൾ സ്വന്തമായി ക്രമീകരിച്ചിരിക്കുന്നതാണ്.

* ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.
*തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.

* തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.
* പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിച്ചതായി അറിയാൻ സാധിച്ചിട്ടില്ല അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞട്ടില്ല.

## പൊതുവിവരങ്ങൾ -ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

| | |
|---|---|
| ജില്ല | തിരുവനന്തപുരം |
| ബ്ളോക്ക് | വർക്കല |
| വിസ്തീർണ്ണം | 10.87 ച.കി.മീ. |

| | |
|---|---|
| വാർഡുകളുടെ എണ്ണം | **14** |
| ജനസംഖ്യ | **18114** |
| സ്ത്രീപുരുഷഅനുപാതം | 97:82 |
| പട്ടികജാതി | 4449 |
| പ്രസിഡന്റ് | നവപ്രകാശ്  എൻ |
| സെക്രട്ടറി | സിന്ധു  R S |
| പ്രധാന തൊഴിൽ | കൃഷിയും അനുബന്ധ മേഖലകളും |
| രജിസ്റ്റേർഡ് വർക്കർ | 4103 |
| സജീവത്തൊഴിലാളികൾ | 1346 |
| 100ജോലി തികഞ്ഞവർ | 470 |

Source : Census data 2011

# സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി തൊഴിലുറപ്പപദ്ധതി തിരുവനന്തപുരം ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് മൂന്നില് സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

- കഴിഞ്ഞ6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ , MIS എന്നിവ പരിശോധിക്കൽ
- പരിശോധിച്ച ഫയലുകളുടെ  അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
- ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,

➔ തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .

➔ ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ .

## പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ

| Sl | വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | പദ്ധതി ആരംഭം | പദ്ധതി അവസാനം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് |
|---|---|---|---|---|---|---|
| 1 | 1614010002/IF/385360 | സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസനപ്രവർത്തനങ്ങൾ വിഭാഗം ബി ഖണ്ഡിക 5 പ്രകാരം | 18-02-2019 | 29-03-19 | 291971 | 66698 |
| 2 | 1614010002/IF/351815 | സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂവികസനം പ്രവർത്തികൾ വിഭാഗം ബി ഖണ്ഡിക 5 പ്രകാരം | 15-01-2019 | 27-02-2019 | 149452 | 78936 |
| 3 | 1614010002/IF/336482 | സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസനം | 26-09-2018 | 20-12-2018 | 199080 | 192758 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 1614010002/IF/336557 | സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസനം -കുളം നിർമാണം | 08-11-2018 | 28-12-2018 | 129733 | 87483 |
| 5 | 1614010002/LD/248000 | സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ -ഭൂവികസനം | 17-11-2018 | 19-01-2019 | 152192 | 159804 |

# 22 ഡോക്യുമെന്റ്സ്

## 1. കവർപേജ്

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച് അഞ്ചു ഫയലുകളിലും കവർപേജ് ഉണ്ടായിരുന്നില്ല.

## 2. ചെക്ക് ലിസ്റ്റ്

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച ഫയലുകളിൽ ഒന്നും ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ് ലഭ്യമല്ലായിരുന്നു

## 3. ആക്ഷൻപ്ലാൻ കോപ്പി

പരിശോധിച്ച 5 ഫയലുകളിൽ ഒരു ഫയലിൽ പോലും വാർഷിക മാസ്റ്റർ സറക്കുലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

## 4. എസ്റ്റിമേറ്റ് കോപ്പി

പരിശോധിച്ച 5 ഫയലുകളിലും സെക്യൂരിറ്റിൽ നിന്നുമെടുത്ത എസ്റ്റിമേറ്റിൽ കോപ്പി കാണാൻ സാധിച്ചു.എന്നാൽ ഒരു ഫയലിലും പ്രൊജക്റ്റ് റിപ്പോർട്ട്, സർവ്വേ ഡാറ്റ ,ജനകീയ എസ്റ്റിമേറ്റ് എന്നിവ ഉണ്ടായിരുന്നില്ല.മാത്രമല്ല, എസ്റ്റിമേറ്റ്ന്റെ കോപ്പിയിൽ അക്രഡിറ്റഡ്

എഞ്ചിനീയരുടെ ഒപ്പ്, സീല്  എന്നിവ ഉണ്ടായിരുന്നു.

**5. സാങ്കേതികാനുമതി**

പരിശോധിച്ച 5 ഫയലുകളിലും പ്രാദേശികമായി തയ്യാറാക്കിയ സാങ്കേതിക അനുമതി പത്രം ഉണ്ട്. സാങ്കേതികാനുമതിക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

**6. ഭരണാനുമതി**

പരിശോധിച്ച 5 ഫയലുകളിലും  ഭരണാനുമതി കാണാൻ സാധിച്ചില്ല.

**7. ഡ്രോയിങ് ആൻഡ് ഡിസൈനിങ്**

**പരിശോധിച്ച അഞ്ചു ഫയലുകളിലും ഡ്രോയിങ് ആൻഡ് ഡിസൈൻ ലഭ്യമായിരുന്നില്ല**

**8. തൊഴിലിനുള്ള അപേക്ഷ**

പരിശോധിച്ച 5  ഫയലുകളിലും ഡിമാൻഡ് ഫോം  ലഭ്യമായിരുന്നില്ല

**9. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം**

പരിശോധിച്ച  5  ഫയലുകളിലും പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നില്ല.

**10. ഇ മസ്റ്റർ റോൾ**

പരിശോധിച്ച  5 പ്രവർത്തി ഫയലുകളുടെ മസ്റ്റർ റോളുകളിലും  വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു. മസ്റ്റ്ർ റോളുകളിൽ ബി.ഡി.ഓ ,സെക്രട്ടറി എന്നിവരുടെ ഒപ്പ്  സീൽ എന്നിവ ഉണ്ടായിരുന്നെങ്കിലും തിയതി ഉണ്ടായിരുന്നില്ല. മസ്റ്റർ റോളുകളിൽ ആയുധങ്ങളുടെ വാടക രേഖപെടുത്തിയിട്ടുണ്ട് .

## 11. മെഷര്‍മെന്റ് ബുക്ക്

പരിശോധിച്ച 5 ഫയലുകളിലും എം ബുക്ക് ഉണ്ട് എന്നാൽ എം ബുക്ക് നമ്പർ, എല്ലാ മെഷർ മെന്റ് ബുക്കിലും ഒന്നോ അതിലധികമോ ഇടങ്ങളിൽ ഒപ്പ് രേഖപെടുത്തുമ്പോൾ തീയതി എഴുതിയിരുന്നില്ല.

## 12. മെറ്റീരിയൽ

15 പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയുന്നതല്ല. അതുകൊണ്ടു ബാധകമല്ല.

## 13. വേജ് ലിസ്റ്റ്

പരിശോധിച്ച 5 ഫയലുകളിലും വേജ് ലിസ്റ്റ് ലഭ്യമല്ല.

## 14.ഫണ്ട് ട്രാൻസ്ഫർ ഓർഡർ

പരിശോധനയ്ക്ക് വിധേയമാക്കിയ അഞ്ചു ഫയലുകളിൽ FTO കാണാൻ സാധിച്ചില്ല.

## 15. മെറ്റീരിയൽ ബില്ല് & വൗച്ചർ

അഞ്ച് ഫയലുകൾക്കും ഇത് ബാധകമല്ല

## 16. റോയൽറ്റി പേയ്മെന്റ് റെസിപ്റ്

പരിശോധിച്ച 5 ഫയലുകളിലും റോയൽറ്റി ബാധകം ആയിരുന്നില്ല

## 17. ഫോട്ടോഗ്രാഫ്സ്

പരിശോധിച്ച ഫയലുകളിൽ ഒന്നും തന്നെ ഫോട്ടോഗ്രാഫ് കാണാൻ കഴിഞ്ഞില്ല

## 18. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല .

## 19. മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്

മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു, എന്നാൽ മസ്റ്റർ റോൾ നമ്പറുകൾ കൃത്യമായി രേഘപെടുത്തതും പല കോളങ്ങളും പൂരിപ്പിക്കാത്ത രീതിയിലും അപൂര്ണമായി എല്ലാ മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകളും

കാണപ്പെട്ടു .

## 20. ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്സ്

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല .

## 21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല .

## 22. സൈറ്റ് ഡയറി

എല്ലാ ഫയലിലും സൈറ്റ് ഡയറി കാണാൻ സാധിച്ചു . സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , തൊഴിൽ ഉപകരണങ്ങളുടെ വാടക , വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട് , സന്ദർശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു . ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല.

## രജിസ്റ്ററുകളുടെ പരിശോധന

## ഗ്രാമപഞ്ചായത്തിൽ പ്രധാനമായു7 രെജിസ്റ്ററുകൾ സൂക്ഷിക്കുണ്ട്.

**1.അലോക്കേഷൻ ഓഫ് വർക്ക്,പേയ്മെന്റ് ഓഫ് വേജസ് ആൻഡ് ഡിമാൻഡ് ഫോർ വർക്ക്**

**.2. മെറ്റിരിയൽ രജിസ്റ്റർ**

**3. വർക്ക് രജിസ്റ്റർ**

**4. തൊഴിൽ കാർഡ് വിതരണ രജിസ്റ്റർ**

**5. പരാതി രജിസ്റ്റർ**

**6. ഗ്രാമസഭ രജിസ്റ്റർ**

**7.ഫിക്സഡ് അസറ്റ് രജിസ്റ്റർ**

### പ്രധാന കണ്ടെത്തലുകൾ

- ★ IF/385360 വർക്ക് കോഡ് പ്രകാരമുള്ള ള്ള വർക്ക് ഫയലിൽ എം ബുക്ക് പ്രകാരമുള്ള വേതന ഘടകവും മസ്റ്റ്ട്രോൾ പ്രകാരമുള്ള വേതന ഘടകവും തുല്യമാണ്. എന്നാൽ എം

ബുക്ക് പ്രകാരം ആയുധ വാടക ഇനത്തിൽ 1215 രൂപയാണ് വരേണ്ടത് എന്നാൽ 845 രൂപയാണ് എം ബുക്കിൽ ഉള്ളത്.

- ★ LD/248000 വർക്ക് കോഡ് പ്രകാരമുള്ള ഫയലിൽ ആയുധ വാടകയിനത്തിൽ 3010രൂപയാണ് വരേണ്ടത് എന്നാൽ എം ബുക്കിൽ 2895 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 115 രൂപയുടെ വ്യത്യാസം കണ്ടു.
- ★ IF/351815 കോഡ് പ്രകാരമുള്ള ഫയലിലെ mustroll പ്രകാരം 286 തൊഴിൽദിനങ്ങൾ കണ്ടു. ആകെ വേതനം 7506 രൂപയാണ് വരേണ്ടത് എന്നാൽ മസ്ട്രോള് ൽ കാണിച്ചിരിക്കുന്നത് 77531ആണ്. 25 രൂപയുടെ വ്യത്യാസം ഉണ്ട്.
- ★ IF/336482 കോഡ് പ്രകാരമുള്ള ഫയലിൽ 698തൊഴിൽദിനങ്ങളിലായി ആകെ വേതനം 189158 രൂപയാണ് വരേണ്ടത്. എന്നാൽ ഈ തുക മസ്ട്രോളിൽ വ്യക്തമാണ്.എന്നാൽ എം ബുക്കിൽ ആകെ വേതനം 189268 രൂപയാണ് രേഖപ്പെടുതീരിക്കുന്നത്. 110രൂപയുടെ വ്യത്യാസം ഉണ്ട്.
- ★ IF/336557 കുളം നിർമ്മാണം പ്രവർത്തിയിൽ മസ്റ്റർറോൾ കോപ്പിയിൽ ആകെ 16 പേജ് ഉണ്ട്( 8 സെറ്റ്). അതിൽ രണ്ടെണ്ണം ഉപയോഗിച്ചിട്ടില്ല. ആകെ 308 തൊഴിൽദിനങ്ങൾ ആണ് ഉള്ളത് ആകെ വേതനം 83468 ആണ് വരേണ്ടത് എന്നാൽ എം ബുക്ക് പ്രകാരം 83193 രൂപയാണ് വരുന്നത്. 275 രൂപയുടെ വ്യത്യാസം ഉണ്ട്. മസ്ട്രോള് നമ്പർ 16465ൽ ഹാജർ

രേഖപ്പെടുത്തിയിട്ട് വെട്ടി തിരുത്തിരിക്കുന്നു.

**<u>പ്രവർത്തിയിടങ്ങൾ സന്ദർശിച്ചതിലെ പൊതുവായ കണ്ടെത്തലുകൾ</u>**

➔ അഞ്ചു ഫയലുകളിലും ആയി 14 ഭൂവികസന പ്രവർത്തികളും രണ്ടു പാട്ട കൃഷിയും ഒരു കുളവും ആണ് സന്ദർശിച്ചത്.LD/248000 കോഡ് പ്രകാരമുള്ള ഫയലിൽ 2 പാട്ടകൃഷി ആണ് ഉണ്ടായിരുന്നത്. ബദറുദ്ദീൻ മുംതാസ് മഹൽ മടന്ത പച്ച, സ്മിത ശശാങ്കൻ സ്മിത സദനം. ഇവരുടെ പുരയിടത്തിലാണ് പാട്ടകൃഷി. രണ്ടു ഭൂവുടമകളുടെ പുരയിടത്തിലും മേറ്റ് ചിത്രയുടെ നേതൃതത്തിലുള്ള 23 തൊഴിലാളികളാണ് പാട്ടകൃഷി നടത്തിയിരുന്നത്. പക്ഷേ ഇപ്പോൾ 9 പേർ മാത്രമാണ് പാട്ടകൃഷിയിൽ പങ്കെടുക്കുന്നത്. ഈ തൊഴിലാളികളെ സൈറ്റിൽ കാണാൻ കഴിഞ്ഞു. ആദ്യത്തെ വിളവെടുപ്പ് കഴിഞ്ഞു അടുത്ത വിളവെടുപ്പിനുള്ള കൃഷിചെയ്തുവരുന്നു. പ്രധാനമായും മരച്ചീനി ചേമ്പ് ചേന മഞ്ഞൾ വാഴ തുടങ്ങിയവയാണ് കൃഷി ചെയ്തുവരുന്നത്. സ്മിതയുടെ ഉടമസ്ഥതയിലുള്ള പുരയിടത്തിൽ മഞ്ഞൾ ചേന ചേമ്പ് തുടങ്ങിയവ കൃഷി ചെയ്യുന്നു. രാത്രികാലങ്ങളിൽ സാമൂഹ്യ വിരുദ്ധരുടെ ശല്യം ഉള്ളതായി തൊഴിലാളികളിൽ നിന്നും മനസ്സിലായി.

★ IF/385360 പ്രകാരം സരോജിനിയുടെ പുരയിടത്തിൽ

തെങ്ങിൻ കുഴികൾ എടുത്തിട്ടുണ്ട്. വിളകൾ നടാനായി എടുത്ത കുഴികളിൽ വിളകൾ ഒന്നും നട്ടിട്ടില്ല. മഴക്കുഴി പകുതിയിലേറെ നികന്നിരുന്നു. ന സീനയുടെ പുരയിടത്തിൽ മഴക്കുഴി വേസ്റ്റ് കുഴി ഉണ്ട് അതിരു എടുത്തിട്ടുണ്ട്. മീനാക്ഷിയുടെ പുരയിടത്തിൽ അതിര് എടുത്തിട്ടുണ്ട്. കിളച്ചു ചേമ്പ് നട്ടിട്ടുണ്ട്. സ്ഥലകുറവായിരുന്നതിനാൽ വേസ്റ്റ് കുഴിയും മഴ കുഴിയും എടുത്തിട്ടില്ല. നസീമ ബീവിയുടെ പുരയിടത്തിൽ കുഴികൾ എടുതിട്ടുണ്ടെങ്കിലും ഒന്നും നട്ടിട്ടില്ല. മഴക്കുഴി വേസ്റ്റ് കുഴി ഇവ കണ്ടു.

- ★ IF/351815 പ്രകാരം അബ്ദുൽ ഹക്കീം ഇന്റെ പുരയിടത്തിൽ അതിര് മഴയത്ത് ഇടിഞ്ഞുവീണിരിക്കുന്നു. വാഴ കുഴികൾ എടുത്തിട്ടുണ്ട് എന്നാൽ ഒന്നും നട്ടിട്ടില്ല. ഷാനിഫബീവിയുടെ പുരയിടത്തിൽ വാഴ കുഴി എടുത്തതിൽ വാഴ നട്ടിട്ടുണ്ട്. അതിര് കോരി പിടിച്ചിട്ടുണ്ട്. സുജാതയുടെ പുരയിടത്തിൽ വാഴക്കുഴിയിൽ വാഴ നട്ടിട്ടുണ്ട്. ജുനീ തയുടെ പുരയിടത്തിൽ തെങ്ങിൻ കുഴിയെടുത്ത് തെങ്ങിൻതൈകൾ നട്ടിട്ടുണ്ട്, വാഴക്കുഴി എഴുത്തതിൽ വാഴയും നട്ടിട്ടുണ്ട്.
- ★ ചില പുരയിടങ്ങൾ കാടു പിടിച്ച നിലയിലാണ് കണ്ടത്.

# പൊതു നിരീക്ഷണങ്ങൾ

- സാധാരണക്കാരനായ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് അതീവതാൽപര്യം തൊഴിലുറപ്പപദ്ധതി ജീവനക്കാരും മേറ്റും മെമ്പറും കാണിക്കുന്നുണ്ട്

- പ്രവർത്തിയുടെ ഉദ്ദേശലക്ഷ്യം അളവുകൾ ഭൂമിയുടെ തരത്തി അനുസരിച്ച് പ്രവർത്തികൾ കണ്ടെത്തൽ എന്നിവ വിജയകരമായി കണ്ടെത്തിയാൽ തൊഴിലാളികളുടെ അംഗബലവും ജോലിചെയ്യുന്ന സന്നദ്ധതയും തൊഴിലുറപ്പ് ജീവനക്കാരുടെ സഹകരണവും വാർഡ് മെമ്പറുടെ താല്പര്യവും എന്നിവകൂടി ചേരുമ്പോൾ ബ്ലോക്കിനും സംസ്ഥാനത്തിനും മാതൃകയാക്കാവുന്ന പ്രവർത്തികൾ സാധ്യമാണ് മൂന്നാം വാർഡിൽ

- തൊഴിലാളികളുടെ അശ്രദ്ധമൂലം ആണ്മസ്റ്റർറോളിൽ ഹാജർ വെട്ടി തിരുത്തുകൾ ഉണ്ടാകുന്നത്.

- ജോലി കഴിഞ്ഞു കൃത്യ സമയത്ത് വേതനം കിട്ടുന്നില്ല എന്നാണ് തൊഴിലാളികളുടെ പൊതു അഭിപ്രായം

- അർദ്ധ വിദഗ്ധ, വിദഗ്ധ തൊഴിലുകളെക്കുറിള്ള അറിവ് തൊഴിലാളികൾക്ക് പരിമിതമാണ്.

- തൊഴിലാളികളുടെ അവകാശങ്ങൾ കുറിച്ച് അവർ ബോധവാന്മാരല്ല.

- ജോലി സമയം രാവിലെ 9മുതൽ 4മണിവരെ യാക്കണം

- സ്വകാര്യ ഭൂമിയിലെ പ്രവൃത്തികൾ ചെയ്യുമ്പോൾ എവിടെ, എന്ന്, എത്ര പ്രവൃത്തി ചെയ്തു എന്ന് വ്യക്തമാക്കുന്ന വിധത്തിൽ ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്. (സർവ്വേ വിവരണങ്ങൾ)

- തൊഴിൽ നൽകുന്നതിനുള്ള പരിശ്രമത്തിന്റെ ഭാഗമായി പ്രവൃത്തികളുടെ ഗുണനിലവാരത്തിൽ വിട്ടുവീഴ്ച്ച ചെയ്തിരിക്കുന്നു.

- പ്രവൃത്തിയുടെ അളവ്, എണ്ണം, ഉദ്യേശ ലക്ഷ്യങ്ങൾ എന്നിവ സംബന്ധിച്ച്

തൊഴിലളികൾക്ക് യാതൊരു ധാരണയും ഇല്ല

- പ്രവൃത്തിയുടെ ഫിൽഡ് തലത്തിലുള്ള .പരിശോധനകൾ നടത്തുവാൻ തൊഴിലുറപ്പ് പദ്ധതിയിലെ ജീവനക്കാർ അല്ലാത്ത ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ശ്രമങ്ങൾ ഉണ്ടാകുന്നുണ്ടോ എന്ന് സംശയിക്കുന്നു.

- തൊഴിലാളികളുടെ അവകാശങ്ങൾ പല വിധത്തിലും ഹനിക്കപ്പെടുന്നു.

a.തൊഴിലാളികൾക്ക് കൈപ്പറ്റ് രസീത് നൽകുന്നതായി കാണുന്നില്ല.

b. ചികിൽസാ ചെലവ് സംബന്ധിച്ച് ആനുകൂല്യം ഒന്നും തന്നെ ലഭ്യമായിട്ടില്ല എന്നത് മുൻ അനുഭവങ്ങൾ അനുസരിച്ച് തൊഴിലാളികൾ ഓർമ്മിപ്പിച്ചു.

c. സുരക്ഷ ഉപകരണങ്ങൾ നൽകുന്നതിൽ വീഴ്ചകൾ സംഭവിക്കുന്നു.

തൊഴിൽ കാർഡിൽ എല്ലാ വിവരങ്ങളും രേഖപെടുത്തുന്നില്ല

- വർക്ക് ഫയലിൽ ഉൾപ്പെടുത്തേണ്ട 22 ഇനം ഡോക്യുമെന്റുകൾ എല്ലാം തന്നെ ഫയലിൽ ഉൾപെടുത്തുന്നില്ല.

- എസ്റ്റിമേറ്റ് ജനകിയ ഭാഷയിൽ എഴുതുന്നില്ല

- ഓരോ പ്രവൃത്തിയുടെയും ഉദ്ദേശ്യലക്ഷ്യം ഗുണഭോക്താക്കളെ പറഞ്ഞു ബോധ്യപെടുത്തുന്നില്ല.

## നന്ദി

വർക്കല ബ്ലോക്കിലെ വാർഡ് മൂന്നിലെ 2018-19സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട പാറക്കടവ് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മേറ്റുമാർ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

***മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി***

***സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്***

# തിരുവനന്തപുരം

**വർക്കല ബ്ലോക്ക്**

**ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത്**

**വാർഡ്- 4, തെറ്റിക്കുളം**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 01/10/2018 to 31/3/2019**

## റിപ്പോർട്ട് തയാറാക്കിയത്

## തിരുവനന്തപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം



## സ്വപ്ന എ എസ്, സൗമ്യ ആർ

# ഭരണഘടനാ പ്രതിജ്ഞ

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവുംസാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബർ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു'.

ഇന്ന് 2019 നവംബർ 5 ആം തിയതി കാറാത്തല സാംസ്കാരിക നിലയത്തിൽ കൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കാളികളായ ഞങ്ങൾ ഭരണഘടനാ മൂല്യങ്ങൾ നടപ്പിലാക്കുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്യുന്നു.

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 വിജ്ഞാപനം ചെയ്തെങ്കിലും 2005ൽ പാർലമെൻറ് പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2006 ഫെബ്രുവരി രണ്ടിന് രാജ്യത്ത് തുടക്കംകുറിച്ചു. മൂന്ന് ഘട്ടങ്ങളായി 2008ൽ നമ്മുടെ രാജ്യത്തെ എല്ലാ ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു. ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യ അധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജന വിഭാഗങ്ങൾക്കായി ഈടുറ്റതും, ഗുണമേന്മയുള്ളതും ഉൽപാദനക്ഷമത ഉള്ള ഉപജീവന ആസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. മഹാത്മാഗാന്ധി എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് അനുപൂരകമായി ജമ്മു-കാശ്മീർ ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ

പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതു ആണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് പത്ത് അവകാശങ്ങൾ ഉറപ്പു നൽകുന്നുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കണ മെന്ന് നിയമത്തിലെ 17- വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചിലവഴിക്കുന്നതിനെ പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു

1. തൊഴിൽ കാർഡിന് അപേക്ഷിക്കാനും 15 ദിവസത്തിനകം ലഭിക്കുവാനും ഉള്ള അവകാശം

2. തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽ ലഭിക്കാനുള്ള അവകാശം

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം

4. ഏറ്റെടുക്കേണ്ട പ്രവർത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം

5. താമസസ്ഥലത്തിന് 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനും ഉള്ള അവകാശം

6. കുടിവെള്ളം തണൽ പ്രാഥമിക ശുശ്രൂഷ കിറ്റ് തൊഴിലാളികളോട് ഒപ്പം അഞ്ചു വയസ്സിനു താഴെയുള്ള അഞ്ചു കുട്ടികൾ പ്രവർത്തി സ്ഥലത്ത് വന്നിട്ടുണ്ട് എങ്കിൽ അവരെ നോക്കാനായി ആയ, ഇതിനായുള്ള അവകാശം

7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം

8. കൂലി ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ നഷ്ടപരിഹാരം കിട്ടുന്നതിനുള്ള അവകാശം

9. പരാതികളിൽ സമയബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിനുള്ള

അവകാശം

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

# പൊതുവിവരങ്ങൾ

## ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

ജില്ല : തിരുവനന്തപുരം ബ്ലോക്ക് : വർക്കല പഞ്ചായത്ത് : ചെറുന്നിയൂർ

വിസ്തീർണ്ണം : 10.87 ച. കി

വാർഡുകളുടെ എണ്ണം :14

ജനസംഖ്യ :18114 (2011 ലെ സെൻസസ് പ്രകാരം)

സ്ത്രീ പുരുഷ അനുപാതം :97:82

പട്ടികജാതി : 4449

പ്രസിഡന്റ് :നവപ്രകാശ് N സെക്രട്ടറി :സിന്ധു ആർ.എസ് വാർഡ് :തെറ്റിക്കുളം

വാർഡ്മെമ്പർ:ഓമനശിവകുമാർ

പ്രധാന തൊഴിൽ :കൃഷിയും അനുബന്ധ മേഖലകളും

രജിസ്ട്രേഡ് വർക്കേഴ്സ് : 4103

സജീവ തൊഴിലാളികൾ : 1346

100 ജോലി തികഞ്ഞവർ :470

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

-----------

തിരുവനന്തപുരം ജില്ല

വർക്കല ബ്ലോക്ക്

ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത്

വാർഡ് :4 തെറ്റിക്കുളം

പ്രവർത്തിയുടെ കോഡ് :1614010002/IF/385366

പ്രവർത്തിയുടെ പേര് : സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തനങ്ങൾ (വിഭാഗം ബി ഖണ്ഡിക 5)

അടങ്കൽ തുക : 291971

ചിലവായ തുക :232944

പ്രവർത്തി ആരംഭിച്ച തീയതി :26/02/2019

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 24/03/2019

ആകെ തൊഴിൽദിനങ്ങൾ : 844 ആകെ തൊഴിലാളികൾ : 20

മേറ്റ് : മായ

2. പ്രവർത്തിയുടെ കോഡ് :1614010002/IF/376984

പ്രവർത്തിയുടെ പേര് : സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ ( ഖണ്ഡിക 5 പ്രകാരം)

അടങ്കൽ തുക :256105

ചിലവായ തുക :247848

പ്രവൃത്തി ആരംഭിച്ച തീയതി :19/12/2018

പ്രവർത്തി അവസാനിച്ച തീയതി : 24/03/2019

ആകെ തൊഴിൽദിനങ്ങൾ : 898

# വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ഫയലുകളിലെ പൊതുവായ കണ്ടെത്തലുകൾ

1. കവർ പേജ് :പരിശോധിച്ച രണ്ടു ഫയലുകളിലും വാർഷിക മാസ്റ്റർ സർക്കുലർ

പ്രകാരമുള്ള കവർപേജ്  കാണാൻ സാധിച്ചില്ല.

2.ചെക്ക് ലിസ്റ്റ് :വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ കാണാൻ സാധിച്ചില്ല.

3.ആക്ഷൻ പ്ലാൻ കോപ്പി : പരിശോധിച്ച രണ്ടു ഫയലുകളിലും  ആക്ഷൻ പ്ലാൻകോപ്പി കാണാൻ സാധിച്ചില്ല.

4.ഭരണാനുമതി :പ്രത്യേകമായി ഭരണാനുമതി ഇല്ലായിരുന്നു. എന്നാൽ ഭരണാനുമതി നമ്പർ സാങ്കേതികാനുമതി ഫോമിൽ ഉൾപ്പെടുത്തിയിരുന്നു.

5.സാങ്കേതിക അനുമതി  : പരിശോധിച്ച 2 ഫയലുകളിലും പ്രാദേശികമായി തയ്യാറാക്കിയ സാങ്കേതിക അനുമതി പത്രം ഉണ്ട്.

6. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് : പരിശോധിച്ച 2 ഫയലുകളിലും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു . ബന്ധപ്പെട്ട അധികാരികളുടെ ഒപ്പും സീലും ഉണ്ടായിരുന്നു.

7. ഡ്രോയിങ്&ഡിസൈനിങ് : പരിശോധനക്ക് വിധേയമാക്കിയ 2 ഫയലുകളിലും ഡ്രോയിംഗ് ആൻഡ് ഡിസൈനിങ് ലഭ്യമല്ല.

8.ഡിമാൻഡ് ഫോം : പരിശോധിച്ച 2ഫയലുകളിലും  വെള്ളപേപ്പറിൽ തയാറാക്കിയ  ഡിമാൻഡ് ഫോം ഉണ്ടായിരുന്നു .

9. വർക്ക് അലോക്കേഷൻ ഫോം: പരിശോധിച്ച ഫയലുകളിൽ  വർക്ക് അലോക്കേഷൻ ഫോം ഉണ്ടായിരുന്നില്ല.

10. ഇ -മസ്റ്ററോൾ :രണ്ട്  ഫയലുകളിലും മസ്റ്ററോൾ ലഭ്യമാണ്.

11. മസ്റ്ററോൾ മൂവ്മെൻറ് സ്ലിപ് : മസ്റ്ററോൾ മൂവ്മെൻറ് സ്ലിപ്  പരിശോധിച്ച  എല്ലാ ഫയലുകളിലും  ഉണ്ടായിരുന്നു.

12.വേജ് ലിസ്റ്റ് : പരിശോധിച്ച 2ഫയലുകളിലും  വേജ് ലിസ്റ്റ് ഇല്ലായിരുന്നു .

13. ഫണ്ട് ട്രാൻസ്ഫർ ഓർഡർ: പരിശോധിച്ച  2 ഫയലുകളിലും   എഫ്. ടി. ഒ. കാണാൻ സാധിച്ചില്ല.

14. എം  ബുക്ക് : പരിശോധിച്ച 2 ഫയലുകളിലും  എം  ബുക്ക് ഉണ്ട്.

15. മെറ്റീരിയൽ പ്രൊക്യൂർമെൻറ്  സ്റ്റേറ്റ്മെൻറ്: പ്രവർത്തികൾ ഒന്നുംതന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല അതുകൊണ്ട് ഇത് ബാധകമല്ല.

16. മെറ്റീരിയൽ ബില്ല് &വൗച്ചർ : 2 ഫയലുകൾക്കും  ഇത് ബാധകമല്ല.

17. റോയൽറ്റി പെയ്മെൻറ് റെസിപ്റ് : രണ്ട് ഫയലുകൾക്കും

റോയൽറ്റി ബാധകമായിരുന്നില്ല.

18.ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ് : പരിശോധിച്ച ഫയലുകളിൽഫോട്ടോഗ്രാഫ് കാണാൻ സാധിച്ചില്ല.

19.വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് : പരിശോധിച്ച ഒരു ഫയലുകളിലും കാണാൻ സാധിച്ചില്ല.

20.ജിയോ ടാഗ് ഫോട്ടോഗ്രാഫ് : ഒരു ഫയലിലും കാണാൻ സാധിച്ചില്ല

21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി : പരിശോധിച്ച 2 ഫയലുകളിലും കാണാൻ സാധിച്ചില്ല.

22.സൈറ്റ് ഡയറി : പരിശോധിച്ച 2ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു.

# നിരീക്ഷണങ്ങളും കണ്ടെത്തലുകളും

1)എം ബുക്കിൽ കുഴി,തടം കാട് വെട്ടി തെളിയ്ക്കൽ എന്നിവയാണ് പ്രധാന ഇനം പ്രവർത്തിയായി കണ്ടത്. പല പുരയിടങ്ങളും കാടുമൂടിയ നിലയിലായിരുന്നു.

2) എസ്റ്റിമേറ്റിൽ നിന്നും വിഭിന്നമായി ഗുണഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ച് തൊഴിലാളികൾക്ക് ജോലി ചെയ്യേണ്ടി വരികയും ആയതിനാൽ എസ്റ്റിമേറ്റിൽ പ്രതിപാദിക്കാത്ത ഇനം പ്രവർത്തികൾ ഫീൽഡിൽ കാണാൻ സാധിച്ചു.(അതിരു കോരൽ )

3) പ്രവൃത്തികളിൽ ഏർപ്പെടുന്ന തൊഴിലാളികൾക്കും ഗുണഭോക്താക്കൾക്കും പ്രവർത്തിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ചുള്ള ധാരണക്കുറവ് പലപ്പോഴും ഫീൽഡ് വിസിറ്റിൽ കാണാൻ സാധിച്ചു. പല കുഴികളും ഉപയോഗശൂന്യമായ നിലയിലും മരം വെച്ച് പിടിപ്പിച്ചിരിക്കുന്ന നിലയിലും കണ്ടെത്തി.

4)ഇന്ദിര എന്ന വ്യക്തിയുടെ പുരയിടത്തിൽ എം ബുക്ക് പ്രകാരമുള്ള പ്രവർത്തികളായ തെങ്ങിൻ തടം 30, വാഴക്കുഴി 100(65 എണ്ണം കാണാൻ സാധിച്ചു ), തെങ്ങിൻകുഴി 20, മഴക്കുഴി 1, മാലിന്യ സംസ്കരണ കുഴി 1 എന്നിവ കാണാൻ സാധിച്ചു.

5)അപ്പുകുട്ടൻ ഉണ്ണിത്താന്റെ പുരയിടത്തിൽ തെങ്ങിൻതടം 30, വാഴക്കുഴി 35, തെങ്ങിൻകുഴി 2, മഴക്കുഴി 2, മാലിന്യ കുഴി 1 ഇവ കാണാൻ കഴിഞ്ഞു.

6)രത്നമണിയുടെ പുരയിടം പണയായതിനാൽ തെങ്ങിൻ തടമാണ് കൂടുതലായി എടുത്തു നൽകിയത്.

7)ഫീൽഡ് വിസിറ്റിങ്ങിനിടെ തൊഴിലാളികളെ കാണുകയും തൊഴിലാളികൾ കാർഡുകൾ പരിശോധിക്കുകയും ചെയ്തു. പുതിയ തൊഴിൽ കാർഡുകൾ ലഭിച്ചെങ്കിലും ഒന്നും രേഖപ്പെടുത്തിയിരുന്നില്ല.ഈ വർഷം ഒൻപത് തൊഴിൽദിനങ്ങൾ മാത്രമാണ് തൊഴിലാളികൾക്ക് ലഭിച്ചത്. കഴിഞ്ഞ വർഷം പല തൊഴിലാളികൾക്കും 90 മുതൽ 100 ദിവസം വരെ തൊഴിൽദിനങ്ങൾ ലഭിച്ചിരുന്നു. 75 തൊഴിലാളികളാണ് വാർഡിൽ സജീവമായിട്ടുള്ളത്.

# ചർച്ച

ഇന്ന് ചെറുന്നിയൂർഗ്രാമപഞ്ചായത്ത് 4ആം വാർഡായ തെറ്റിക്കുളത്തിന്റെ ഗ്രാമസഭ ആയിരുന്നു. കാറാത്തല സാംസ്കാരിക നിലയത്തിൽ വച്ചു ഉച്ചയ്ക്ക് 1 മണിക്ക് ഗ്രാമസഭ ആരംഭിച്ചു. യോഗത്തിന്റെ തുടക്കത്തിൽ അവിടെ കൂടിയ തൊഴിലാളികളിൽ നിന്നും 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ സോമലത എന്ന തൊഴിലാളിയെ അധ്യക്ഷസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. തുടർന്ന് ഭരണഘടനാ പ്രതിജ്ഞ vrp സ്വപ്ന ചൊല്ലിത്തന്നു. വാർഡ് മെമ്പർ ഓമന ശിവകുമാർ സ്വാഗതം പറയുകയും ബിആർപി ബിന്ദു മേഡം തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചും സോഷ്യൽ ഓഡിറ്റിങ്ങിനെക്കുറിച്ചും ആമുഖപ്രസംഗം നടത്തുകയും ചെയ്തു . തുടർന്നു വി ആർ പിമാർ ഓരോരുത്തരായി തൊഴിലാളികളുടെ പത്ത് അവകാശങ്ങൾ വിശദീകരിച്ചു. തുടർന്ന് വി ആർ പി സൗമ്യ, റിജിലാൽ എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു.അതിനുശേഷം റിപ്പോർട്ട് അവതരണത്തെ കുറിച്ചും തൊഴിലാളികളുടെ പരാതികളെ കുറിച്ചും ചർച്ചചെയ്തു.

തൊഴിൽ കാർഡ് പുതുക്കാനായി ഫോട്ടോയെടുക്കാൻ തൊഴിലാളികളിൽ നിന്നും പണം ചെലവായി എന്ന് ചർച്ചയിൽ മനസ്സിലായി. എന്നാൽ തൊഴിൽ കാർഡ് പുതുക്കൽ സൗജന്യം ആണെന്നും തൊഴിലാളികൾക്ക് പൈസ ചെലവാക്കേണ്ട ആവശ്യമില്ലെന്നും ബി ആർ പി ബിന്ദു മേഡം വ്യക്തമാക്കി.

തൊഴിൽ കിട്ടുന്നില്ല എന്നതായിരുന്നു തൊഴിലാളികളുടെ പ്രധാന പരാതി. പരാതിക്ക് A E, ബിന്ദു മാഡം മറുപടി നൽകി.

എന്തെന്നാൽ ഈ പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ചെയ്യേണ്ടുന്ന വ്യക്തിഗതവും പൊതുസമൂഹത്തിന് ഉതകുന്നതുമായ പ്രവർത്തികളെ കുറിച്ച് വ്യക്തമാക്കുകയും ചെയ്തു.

തൊഴിലാളികൾക്ക് അർത്ഥവിദഗ്ദ , വിദഗ്ദ തൊഴിലുകളോട് താൽപര്യമില്ലായ്മ വ്യക്തമായി.

ഫസ്റ്റ് എയ്ഡ് ബോക്സ് , ടാർപ്പ എന്നിവ തൊഴിലാളികൾക്ക് സൗജന്യമായി ലഭിക്കുന്നില്ലെന്ന് പരാതി പറയുകയുണ്ടായി. ഇതിന്റെ പരിഹാരം ഉടനെ ഉണ്ടാകും എന്ന് A E ഉറപ്പുനൽകി.

ഫയലിൽ ഇല്ലാത്ത ചില പ്രധാനപ്പെട്ട രേഖകൾ ഇനിയുള്ള ഫയലുകളിൽ കൃത്യമായി ഉൾപ്പെടുത്തുമെന്നും A E ഗ്രാമസഭയിൽ ഉറപ്പുനൽകി.

ചർച്ചകൾക്ക് ഒടുവിൽ തൊഴിലാളികൾ റിപ്പോർട്ട് കൈയടിച്ചു പാസാക്കി. ഉച്ചക്ക് 12.30 മണിയോടെ യോഗം നന്ദി പറഞ്ഞു കൊണ്ട് അവസാനിപ്പിച്ചു.

# നന്ദി

വർക്കല ബ്ലോക്കിലെ ചെറുന്നിയൂർ പഞ്ചായത്തിലെ വാർഡ് 4 ന്റെ 2018- 19 സാമ്പത്തികവർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ചെറുന്നിയൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ ഫീൽഡ് പ്രവർത്തനങ്ങൾക്ക് സഹായിച്ച മേറ്റ്മാർ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം

വർക്കല ബ്ലോക്ക്

ചെറുന്നിയൂർ പഞ്ചായത്ത്

വാർഡ് -5 (നെല്ലേറ്റിൽ )

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 1/10/2018 to 31/03/2019**

റിപ്പോർട്ട് തയ്യാറാക്കിയത്

തിരുവനന്തപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

അനിൽ സുചിത്ര ചിത്ര VRP, ആർഷ എ എസ് VRP, നന്ദു രാജ് ആർ VRP
സൗമ്യ എസ് ബി VRP, സുഹൈൽ എ എസ് VRP

।

ആമുഖം

ദശേീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ല് വിജ്ഞാപനം ചയ്െതു. എങ്കിലും , 2005-ല് പാര്ലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫബ്രെുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ല് നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലയേും ഗ്രാമീണ മഖേലകള് ഈ നിയമത്തിന്റെ പരിധിയില് വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവര്ഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴില് ദിനങ്ങള് ആവശ്യാധിഷ്ഠിതമായി പ്രദാനം ചയ്െയുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പട്ടെ പൊതു ആസ്തികളും ദുര്ബല ജനവിഭാഗങ്ങള്ക്കായി ഈടുറ്റതും ഗുണമന്മേയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭദേഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദശേീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തില് കൂട്ടി ചര്േക്കുകയും ചയ്െതിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പട്ടെിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചയ്െതിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളില് വരുത്തുന്ന ഭദേഗതികള് സംസ്ഥാന പദ്ധതിയിലും ഉള്ക്കൊള്ളിക്കണ്ടേതാണ്. മഹാത്മാഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികള്ക്ക് ഒരു കൂട്ടം അവകാശങ്ങള് നല്കുന്നുണ്ട്.

ദശേിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദശേത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവര്‍ത്തികളും സോഷ്യല്‍ ഓഡിറ്റിന് വിധേയമാക്കണമന്നെ് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കര്‍ഷിക്ക്ന്നു. പദ്ധതി പ്രവര്‍ത്തനത്തപ്പെറ്റിയും പൊതു ധനം ചലെവഴിക്കുന്നതിനപെറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതത്രവുമായ പരിശോധനയാണ് സോഷ്യല്‍ ഓഡിറ്റ്.

**മഹാത്മാ ദശേിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങള്‍ ചുവടെ ചര്േക്കുന്നു.**

| Sl no | അവകാശങ്ങൾ | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂള്** 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂള്** 1 & **ഷെഡ്യൂള്** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | **സെഷന്** 7,8,9 |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂള്** 2**പാരഗ്രാഫ്** 18 & **പാരഗ്രാഫ്** 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **ഷെഡ്യൂള്**2 **പാരഗ്രാഫ്** 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സെഷന്**3(2),6, sch 2 |

| | | |
|---|---|---|
| | | ,29,a,b,c,d,e,f .30 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സെഷന്** 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സെഷന്** 19, & **സെഷന്** 17( 2) |

അവകാശ അധിഷ്ഠിത നീരിക്ഷണങ്ങൾ.

*** ഫയൽ പരിശോധനയിൽ വ്യക്തമായ ഡിമാന്റ് ഫോറം കാണാൻ സാധിച്ചില്ല .**
**അതിനാൽ തൊഴിലിനു അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ആയതിനാൽ തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു അവർ തൊഴിലുറപ്പ് നിയമ പ്രകാരമല്ല തൊഴിൽ ആവശ്യപ്പെട്ടത് എന്ന് മനസിലായി.**

*** ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.**

*തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.

*തൊഴിൽ സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ടെങ്കിലും അവയെല്ലാം തൊഴിലാളികൾ സ്വന്തമായി ക്രമീകരിച്ചിരിക്കുന്നതാണ്.

* ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

*തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.

* തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.

* പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിച്ചതായി അറിയാൻ സാധിച്ചിട്ടില്ല അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല.

## പൊതുവിവരങ്ങൾ -ചെറുന്നിയൂർ പഞ്ചായത്ത്

| | |
|---|---|
| ജില്ല | തിരുവനന്തപുരം |

| | |
|---|---|
| ബ്ളോക്ക് | വര്‍ക്കല |
| വിസ്തീര്ണ്ണം | 10.87ച.കി.മീ. |
| വാര്ഡുകളുടെ എണ്ണം | 1. 14 |
| ജനസംഖ്യ | 2. 18114 |
| സ്ത്രീ : പുരുഷ അനുപാതം | 97:82 |

Source : Census data 2011

തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ വർക്കല ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശമാണ് ചെറുന്നിയൂർ ഗ്രാമപഞ്ചായത്തു. ഈ പ്രദേശത്തിന്റെ സമ്പത് ഘടനയിലെ നിർണ്ണായക ഘടകം കാർഷിക മേഖല ആയിരുന്നു.ഭൂപ്രകൃതി അനുസരിച് ഈ പ്രദേശത്തെ പാലച്ചിറ പുത്തന്കടവ് നീർത്തടം, അയന്തി ശാസ്താം നട നീർത്തടം, വെന്നികോട് ചെറുന്നിയൂർ നീർത്തടം എന്നിങ്ങനെ മൂന്നായി തിരികാം.ഈ നീർത്തടങ്ങളിൽ ആകെ 8 തോടുകളും 17കുളങ്ങളും ഒരു കായലും ഒട്ടേറെ നീരുറവകളും ഉണ്ടായിരിന്നു. ചെറു നീരുറവകളുടെ നാട് എന്ന അർത്ഥത്തിൽ ആണ് ചെറുന്നിയൂർ എന്ന നാമം ലഭിച്ചത്.തോടുകളും, കുളങ്ങളും നീരുറവകളും പലതും നിലവിലുള്ളതായിട്ടുണ്ട് അശാസ്ത്രീയമായ വയൽ നികത്തൽ, കുന്നിടിച്ചു നിരപ്പാക്കൽ, കായൽ നികത്തൽ, മണലൂറ്റി എന്നിവ മൂലം ഭൂപ്രകൃതി ആകെ മാറിയിരിക്കുന്നു.വടക്കു പാലച്ചിറ വടശ്ശേരിക്കോണം തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് തെക്കുകിഴക്കും തെക്കുപടിഞ്ഞാറും കോഴി തോട്ടം കായലിലേക്ക് ചരിഞ്ഞു കിടക്കുന്ന ഒരു ഭൂ വിഭാഗമാണ് ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്, ഏകദേശം ഒരു ഉപദ്വീപിന്റെ ആകൃതി ആണെന്ന് പറയാം. വടക്കുപടിഞ്ഞാറൻ പ്രതീക്ഷയുമായ ജയന്തി താരതമ്യനേ ഉയർന്ന ഭാഗവും കിഴക്കൻ പ്രദേശമായ വെള്ളിയാഴ്ചകാവ് കമ്പിക്കകം  എന്നിവ താഴ്ന്ന പ്രദേശങ്ങളും ആണ്  മരക്കടമുക്കുവരെ വ്യാപിച്ചുകിടക്കുന്ന കുന്നും പള്ളിക്കുന്നു പടിഞ്ഞാറ് കല്ലുമലകുന്നും വടക്ക് പാലച്ചിറ യുമാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങൾ. വിസ്തൃതിയിൽ വലുത് കല്ലുമാല കുന്നും ചെറുത് പള്ളിക്കുന്നും ആണ് ഇവിടെ നിന്നും നോക്കിയാൽ പഞ്ചായത്തിന്റെ മനോഹരമായ ദൃശ്യം ലഭിക്കും. ക്രമമായി ചരിഞ്ഞ ഒരു ഭൂപ്രകൃതി അല്ല മറിച്ച് ഉയർന്ന പ്രദേശങ്ങളും വയലുകളും താഴ്ന്ന പ്രദേശങ്ങളും കൂടിക്കലർന്ന കായലോരങ്ങളും അവസാനിക്കുന്ന ഭൗമ ഘടന ഇനം തിരിച്ച് പരിശോധിച്ചാൽ കുന്നിൽ  പ്രദേശവും തീരപ്രദേശവും

**ഉൾപ്പെടുന്നതാണ് ഈ പഞ്ചായത്ത്.**

സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

- **കേരളസോഷ്യൽ**ഓഡിറ്റ്സൊസൈറ്റിതൊഴിലുറപ്പുപദ്ധതി **തിരുവനന്തപുരം** ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് 5 ലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

- കഴിഞ്ഞ6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെഫയലുകൾ,വിവരശേഖരണാർത്ഥ MIS എന്നിവ പരിശോധിക്കൽ
- പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
- ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
- തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .

- ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

| S. | വർക്ക് | പ്രവര്ത്തിയുടെ | പദ്ധ | പദ്ധ | എസ്റ്റി | യഥാർ | തൊ |
|---|---|---|---|---|---|---|---|

| no | കോഡ് | പേര് | തി ആരംഭം | തി അവസാനം | മറ്റേ് തുക | ത്ഥ ചലെവ് | ഴിൽ ദിനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | 1614010002/IF/336496 | സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസനപ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം | 03/12/2018 | 24/12/2018 | 97017 | 91691 | 335 |
| 2 | 1614010002/LD/248008 | സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസനപ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം | 29/01/2019 | 28/02/2019 | 168659 | 165540 | 613 |
| 3 | 1614010002/LD/248008 | സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂ വികസനം കൃഷി വകുപ്പുമായി ചേർന്ന സംയോജിത പദ്ധതി ജല സേചനത്തിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കൽ | 22/10/2018 | 01/11/2018 | 99323 | 65688 | 238 |

22 ഡോക്യുമെന്ററസ്

**1. കവർപജ്േ**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപജ്േൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചലെവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രഖേപടെുത്തണേ്ടതാണ്. പരിശോധിച്ച 3 **ഫൈലുകളിൽ** ഒരു പ്രവർത്തിയിൽ പോലും വാർഷിക മാസ്റ്റർ സർക്യൂലർ പ്രകാരമുള്ള കവർ പജ്േ കാണാൻ സാധിച്ചില്ല.

**2. ചകെ്ക് ലിസ്റ്റ്**

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പജ്േ നമ്പറും രഖേപ്പടെുത്തണേ്ട ചകെ്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കണേ്ടതാണ്. പരിശോധിച്ച 3 **ഫൈലുകളിലും** വാർഷിക മാസ്റ്റർ സർക്യൂലർ പ്രകാരമുള്ള ചകെ്ക് ലിസ്റ്റ് കാണാൻ സാധിച്ചില്ല .

**3. ആക്ഷൻപ്ലാൻ കോപ്പി**

പരിശോധിച്ച 3 ഫയലുകളിൽ ഒരു ഫയലിൽ പോലും വാർഷിക മാസ്റ്റർ സറക്യൂലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കണേ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

**4. എസ്റ്റിമറ്റേ് കോപ്പി**

പരിശോധിച്ച 03 ഫയലുകളിലും **എസ്റ്റിമേറ്റ്** കോപ്പി കാണാൻ സാധിച്ചു.., എസ്റ്റിമറ്റേിന്റെ കോപ്പിയിൽ അക്രഡിക്ടഡ് എഞ്ചിനീയരുടെ ഒപ്പ്, സീല് എന്നിവ ഉണ്ടായിീരുന്നു.

**5. സാങ്കതേികാനുമതി**

പരിശോധിച്ച 3 ഫൈലുകളിലും വാർഷിക മാസ്റ്റർ പ്രകാരം ഉള്ള സാങ്കതേികനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടില്ല . എന്നാൽ, പ്രാദേശികമായിട്ടുള്ള സാങ്കേതികാനുമതി കോപ്പി സൂക്ഷിച്ചിട്ടുണ്ട് **ബന്ധപ്പട്ടെ** ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ കാണാൻ സാധിച്ചിട്ടുണ്ട്

**6. ഭരണാനുമതി**

പരിശോധിച്ച 03 ഫയലുകളിൽ സാങ്കേതികാനുമതി കോപ്പി സൂക്ഷിച്ചിട്ടില്ല .

**7.വർക്ക് അലോക്കേഷൻ ഫോം**

പരിശോധിച്ച 2 ഫയലുകളിൽ വർക്ക് അലോക്കേഷൻ ഫോം ഇല്ലായിരുന്നു.

**8. തൊഴിലിനുള്ള അപേക്ഷ**

പരിശോധിച്ച **3** ഫയലുകളിൽ 3 പ്രവർത്തിയിലും **വ്യക്തമായ** തരത്തിലുള തൊഴിൽ അപേക്ഷ ഉണ്ടായിരുന്നില്ല .

**9. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം**

പരിശോധിച്ച 03 ഫയലുകളിലും പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നില്ല.

**10. മസ്റ്റർ റോൾ**

പരിശോധിച്ച 03 പ്രവർത്തി ഫയലുകളുടെ മസ്റ്റർ റോളുകളിൽ **IF/336493** പ്രവർത്തിയിൽ മസ്റ്റർ റോൾ നമ്പർ 23287-23291, 23292-23295, **Ld/248008** മസ്റ്റർ റോൾ നമ്പർ 12198-12207 വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു. മസ്റ്റർ റോളുകളിൽ ബി.ഡി.ഓ ,സെക്രട്ടറി എന്നിവരുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നു . **IF/336493 മസ്റ്റർറോൾ നമ്പർ 23287-23295 വരെ ഉള്ള റോളുകളിൽ വേതനം 255 ആയി കാണിച്ചിരിക്കുന്നു കാരണം വ്യക്തമല്ല.** മസ്റ്റർ റോളുകളിൽ ആയുധങ്ങളുടെ വാടക രേഖപ്പെടുത്തിയിട്ടുണ്ട് .

**11. മെഷെർമെന്റ് ബുക്ക്**

മെഷെർമെന്റ് ബുക്കിൽ പ്രീ മെഷെർമെന്റ് ,എ .എസ് നമ്പർ,ടി എസ് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് .

**12. മെറ്റീരിയൽ**

15 പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല. അതുകൊണ്ടു ബാധകമല്ല.

**13. വർക്ക് ലിസ്റ്റ്**

പരിശോധിച്ച 3 പ്രവർത്തിഫയലുകളിൽ **മൂന്നിലും** വർക്ക് ലിസ്റ്റ് ഉൾപ്പെടുത്തിയിരുന്നില്ല.

**14.ഫണ്ട് ട്രാൻസ്ഫർ ഓർഡർ**

ഇല്ല

**15. മെറ്റീരിയൽ വൗച്ചർ ബിൽ**

പരിശോധിച്ച 3 ഫൈലുകൾക്കും മെറ്റീരിയൽ വൗച്ചർ ബില്ല് ആവശ്യമില്ല

**16. റോയൽറ്റി**

പരിശോധിച്ച 3 ഫയലുകളിലും റോയൽറ്റി ബാധകം ആയിരുന്നില്ല

**17. ഫോട്ടോഗ്രാഫ്സ് .**

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല

**18. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

**19. മസ്റ്റർ റോൾ മൂവമെൻറ്**

മസ്റ്റർ റോൾ മൂവമെൻറ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു.

**20. ജിയോ ടാഗ്ഡ് ഫോട്ടോഗ്രാഫ്സ്**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല .

22. സൈറ്റ് ഡയറി

എല്ലാ ഫയലിലും സൈറ്റ് ഡയറി കാണാൻ സാധിച്ചു . സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട് , സന്ദർശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു , തൊഴിൽ ഉപകരണങ്ങളുടെ വാടക, ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല.

**സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്**

ആകെയുള്ള 3 പ്രവർത്തികളിൽ 1 പ്രവർത്തിയിൽ മാത്രമാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ സാധിച്ചത്. ബോര്ഡിലെ ഡീറ്റെയിൽസ് ഒന്നും അറിയാൻ കഴിഞ്ഞില്ല

സി ഐ ബോർഡ സ്വന്തമായി തൊഴിലാളികൾ കൈയിൽ നിന്ന് ക്യാഷ് എടുത്തു ചെയ്യിട്ട് പഞ്ചായത്തിൽ ബില്ലു കൊടുത്തപ്പോൾ സിബി ബോർഡിൻറെ കാശ് മുഴുവൻ ആയിട്ട് കിട്ടില്ല കാരണം പഞ്ചായത്തിന് ബിൽ തുക മുഴുവൻ കിട്ടില്ല അതിനാൽ ബിൽ തുക മുഴുവൻ കിട്ടിയില്ല എന്ന് അറിയിച്ചിട്ടുണ്ട്. .

കണ്ടെത്തലുകൾ( പ്രവർത്തിയുടെ സന്ദർശനം )

**3 ഗുണഭോക്താക്കൾ ആണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നതു**

**പ്രവർത്തി 1:**

**സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂ വികസന പ്രവർത്തികൾ ഖണ്ഡിക 5പ്രകാരം**

**161401002/IF/336496**

- ഗോമതി, ഗിരിജ ഭവൻ, പുരയിടത്തിൽ 1 കമ്പോസ്റ്റ് കുഴി, 1 മഴക്കുഴി, 150

മീറ്റർ അതിരു ആണ് എസ്റ്റിമറ്റേ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു.

- പദ്മകുമാരി അമ്മ, പുരയിടത്തിൽ 1 വസേ്റ്റ് കുഴി, 1 മഴക്കുഴി, 100 മീറ്റർ അതിരു, ഈ പ്രവർത്തികൾ എല്ലാം കാണാൻ കഴിഞ്ഞു
- കമ്പോസ്റ്റ് കുഴിയും മഴയും മൂന്നു മീറ്റർ നീളത്തിലും മൂന്നു മീറ്റർ വീതിയിലും ആണ് ഉള്ളത
- ബീന, പുരയിടത്തിൽ കാടു വെട്ടിത്തെളിച്ചിട്ടുണ്ട് 1 വേസ്റ്റ് കുഴി, തെങ്ങിൻതടം, വാഴക്കുഴി 1, അതിരു 150 മീറ്റർ, എല്ലാ പ്രവർത്തികളും ഉണ്ടായിരുന്നു പക്ഷെ 120 മീറ്റർ അതിരു കണ്ടെത്താൻ കഴിഞ്ഞുള്ളു.

## നിരീക്ഷണം

തൊഴിലാളികൾ അവരുടെ ജോലി വൃത്തി ആയി ചെയ്തിട്ടുണ്ട് എങ്കിലും ഗുണഭോക്താക്കൾ ഈ പ്രവർത്തിയുടെ ഗുണങ്ങൾ ഉപയോഗിക്കാൻ ശ്രമിച്ചതായി കാണാൻ കഴിഞ്ഞില്ല

**പ്രവർത്തി 2:**

**സ്വകാര്യ വ്യക്തികളുടെ ഭൂ വികസന പ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം 161401002/IF/336493**

**2** ഗുണഭോക്താക്കൾ ആണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്.

- ശാന്തമ്മ, പറങ്കിമാവില്ല, പുരയിടത്തിൽ 25 തങ്ങിൻ തടം, 30 വാഴക്കുഴി, 15 തങ്ങിൻകുഴി, എസ്റ്റിമറ്റേിൽ പറഞ്ഞിരിക്കുന്നത് അത് സൈറ്റിൽ കാണാൻ സാധിച്ചിട്ടില്ല. 1വഴക്കുഴി, 2 മഴക്കുഴി, 350 മീറ്റർ വരമ്പു സൈറ്റിൽ കണ്ടെത്തി.കുന്നിടിച്ചു നിരപ്പാക്കി
- ഉഷാകുമാരി, കൃഷ്ണ, പുരയിടത്തിൽ 1 വാഴക്കുഴി, 1 മഴക്കുഴി അതിരു എന്നാണ് എസ്റ്റിമറ്റേിൽ കാണാൻ കഴിഞ്ഞത് ഇതൊന്നും കാണാൻ സാധിച്ചിട്ടില്ല.കുന്നു ഇടിച്ചു നിരപ്പാക്കിയിട്ടുണ്ട്.
- രഖേകളിൽ മസ്റ്റർറോൾ കളിൽ തിരുത്തലുണ്ട് MRno:23287-23291&23292-23295.
- MRNo: 23287-23295 മസ്റ്റർറോളുകളിൽ വതേനം 255 വചെ്ചാണ്

നൽകിയിരിക്കുന്നത്.

- പ്രവർത്തി ദിനങ്ങൾ എസ്റ്റിമേറ്റനേക്കാൾ കൂടുതൽ കാണിച്ചിരിക്കുന്നു 599 എസ്റ്റിമേറ്റ് പ്രകാരം, 613 ദിനങ്ങൾ തൊഴിലാളികൾ എടുത്തിരിക്കുന്നു.

**നിരീക്ഷണം**

ഈ പ്രവർത്തികൾ കൊണ്ട് ഗുണഭോക്താക്കൾക് ഗുണം ഉണ്ടായിട്ടുണ്ട്.

**പ്രവർത്തി 3:**

**സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂ വികസന കൃഷി വകുപ്പുമായി ചേർന്ന സംയോജിത പദ്ധതി ജല സചേനത്തിനുള്ള അടിസ്ഥാനം ഒരുക്കൽ 1614010002/LD/248008**

**1 ഗുണഭോകതാവിന്റെ പുരയിടം ആണ് ഈ പദ്ധതിയിൽ ഉൾപ്പടുെത്തിയിരിക്കുന്നത്**

- ജമീല എം, നബിൻഷാ മനസിൽ

  ഈ പ്രവർത്തിയിൽ നിന്ന് ഏതങ്കെിലും തരത്തിലുള്ള ഗുണം ഉണ്ടായിട്ടുണ്ടോ എന്ന് സറൈറിൽ നിന്ന് മനസിലാകാൻ കഴിഞ്ഞിട്ടില്ല, പ്രദേശം ആകെ കാടുകയറി നശിച്ച നിലയിലായിരുന്നു.കൃഷിയ്ക്കായി കുഴിയടുെത്തിട്ടുണ്ട് എന്ന് മറേ് പറഞ്ഞു പക്ഷെ ഒന്നും കാണാൻ കഴിഞ്ഞിട്ടില്ല ആകെ അവിടെ കാണാൻ സാധിച്ചത് കടേുപാട് വന്ന ഒരു CIB ബോർഡ് മാത്രമാണ്. ഇതുപോലെ സർക്കാരിനു ധനനഷ്ടവും തൊഴിലാളികളുടെ സമയവും പ്രയേത്നവും നഷ്ടമായത്തു മാത്രമാണ് കാണാൻ സാധിച്ചത്.

- മസ്റ്റർ റോളുകളിൽ തിരുത്തലുണ്ട് MRNo:12198-12207

## പൊതുനിരീക്ഷണങ്ങൾ

തൊഴിലാളികൾ ഫ്രണ്ട് ഓഫീസ് മുഖനേ അപേക്ഷ നൽകുകയോ കൈപ്പറ്റ് രസീത് വാങ്ങിക്കുകയും ചെയ്യുന്നില്ല.

- തൊഴിലാളികൾക്കു വതേനം സമയത്തിന് ലഭിക്കുന്നില്ല ഒരുപാടു

താമസിച്ചാണ് വതേനം ലഭിക്കുന്നത്.

- ജോലിയുടെ സമയക്രമത്തിൽ മാറ്റം വരുത്താൻ എല്ലാ വാർഡിലെയും തൊഴിലാളികൾ ഒരുപോലെ ആവശ്യമെടുന്നു 9 am മുതൽ 4:30 വരെ.
- വർക്ക് ഫയലിൽ ഉൾപ്പെടുത്തേണ്ട 22 ഇനം ഡോക്യൂമെന്റുകൾ എല്ലാം തന്നെ ഫയലിൽ ഉൾപ്പെടുത്തുന്നില്ല.
- എസ്റ്റിമേറ്റ് ജനകിയ ഭാഷയിൽ എഴുതുന്നില്ല
- ഓരോ പ്രവൃത്തിയുടെയും ഉദ്ദേശ്യലക്ഷ്യം ഗുണഭോക്താക്കളെ പറഞ്ഞു ബോധ്യപ്പെടുത്തുന്നില്ല.
- മസ്റ്റർറോൾ തിരുത്തലുണ്ട്.
- എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന പ്രവർത്തിയ്ക് പുറമെ ഗുണഭോക്താക്കൾ പറയുന്ന പ്രവർത്തികൾ കൂടി ചെയ്യേണ്ടി വരുന്നു.
- തൊഴിൽ സ്ഥലത്തു അപകടം സംഭവിച്ചു കഴിഞ്ഞാൽ ഉണ്ടാകുന്ന ആശുപത്രി ചിലവുകളും മറ്റിനുമുള്ള ബില്ലുകൾ തൊഴിലാളികൾ പഞ്ചായത്തിൽ ഏല്പിക്കുന്നില്ല. അങ്ങനെ ചെയ്താൽ അവർക് ചിലവായ തുക തിരികെകിട്ടുമെന്നുള്ള അറിവില്ലായ്മ ആണ് ഇതിനുള്ള കാരണം.
- പഞ്ചായത്തിൽ മെറ്റീരിയൽ പ്രവർത്തികൾ വളരെ കുറവാണു തീരെ ഇല്ലെന്നു തന്നെ പറയാം.

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്, തുക വിനിയോഗം, തൊഴിലാളികളുടെ അവകാശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടു ചെറുന്നിയൂർ പഞ്ചായത്തിലെ 14 വാർഡുകളിലും നടത്തപ്പെട്ട സോഷ്യൽ

ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനും അംഗീകരിക്കുന്നതിനുമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 17 -)o വകുപ്പ് പ്രകാരം 5/11/2019 കാറതല സാംസ്കാരിക നിലയത്തിൽ നടത്തിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ ചർച്ചയുടെ വിവരങ്ങളും തീരുമാനങ്ങളും

**അജണ്ട**

- സ്വാഗതം
- അദ്യക്ഷനെ തിരഞ്ഞെടുക്കൽ
- റിപ്പോർട്ട് അവതരണം
- ചർച്ചയും ക്രോഡീകരണവും
- നന്ദി

BRP ബിന്ദു സ്വാഗതം പറഞ്ഞു കൊണ്ട് ഗ്രാമസഭ തുടങ്ങി. ആദ്യമായി അധ്യക്ഷനെ തിരഞ്ഞെടുത്തു.(100 തൊഴിൽ നടേിയ തൊഴിലാളി)

ഭരണഘടനാ പ്രതിനജ്ഞാ vrp സൗമ്യ എസ് ബി പറഞ്ഞു കൊടുത്തു.

തൊഴിലാളികളുടെ പത്തു അവകാശങ്ങളെ പറ്റി vrp ആർഷ എ എസ് വിശദമാക്കി കൊടുത്തു

അതിനു ശേഷം റിപ്പോർട്ട് അവതരണം vrp അനിൽ സുചിത്ര ചിത്ര റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ചർച്ച തുടങ്ങി, തൊഴിലാളികളുടെ ആവശ്യങ്ങളും പരാതികളും ചുവടെ ചേർക്കുന്നു:

1. ജോലി സമയം 5:00 pm നിന്നു 4:00 ആക്കണം
2. ജോലി ചെയ്ത കൂലി സമയത്തു കിട്ടുന്നില്ല. വേതനം കിട്ടുന്നതിൽ താമസം ഉണ്ടാകുന്നതു വളരെ ബുദ്ധിമുട്ടായി തൊഴിലാളികൾ പറയുന്നു
3. ആസ്തിയുള്ള പ്രവർത്തനങ്ങൾ സ്ത്രീകൾക് ബുദ്ധിമുട്ടല്ലേ സ്ത്രീകൾ എങ്ങനെ ആണ് കിണറുകുഴിക്കാൻ പോകാൻപറ്റുമോ? വയസായവർ എങ്ങനെ ഇത്രയും കട്ടിയുള്ള പണികൾ ചെയ്യും?
4. തണലിനുള്ള സൗകര്യങ്ങൾ, പ്രാഥമിക ശുശ്രുഷ കിറ്റ്,തുടങ്ങിയവ സ്വന്തമായി വാങ്ങിക്കുകയാണ്

5. ഫ്രണ്ട് ഓഫീസ് വഴിയല്ല തൊഴിലിനുള്ള അപേക്ഷ നൽകുന്നത്, കൈപ്പറ്റു റസിപ്റ്റ് വാങ്ങാറില്ല

**മറുപടി**

1. സമയം മാറ്റം സോഷ്യൽ ഓഡിറ്റിന്റെ പരിധിയിൽ നിക്കുന്നതല്ല. റിപ്പോർട്ടിൽ പരാമർശിക്കാമെന്നു വി ആർ പിമാർ ഉറപ്പുനൽകി

2. വർഷാവസാനം ആകുമ്പോൾ ഫണ്ടിൽ ഉണ്ടാകുന്ന കേന്ദ്രത്തിന്റെ ഫണ്ടിൽ ഉണ്ടാകുന്ന കുറവും വേതനം ബാങ്കുവഴി ലഭ്യമാക്കുന്നതിലുണ്ടാകുന്ന തടസ്സമാണ് കൂടുതലും എന്ന് വി ആർ പി അനിൽ സുചിത്ര ചിത്ര മറുപടി നൽകി.വേതനത്തിന്റെ കാലതാമസം പരിഹരിക്കാൻ നമ്മുടെ റിപ്പോർട്ടിൽ പരാമർശിക്കുമെന്നു വി ആർ പിമാർ ഉറപ്പുനൽകി.

3. ആസ്തിയുള്ള പ്രവർത്തനങ്ങളിൽ കക്കൂസ്, കിണർ ഇല്ലാത്തവർക് വ്യക്തിഗത അപേക്ഷ നൽകാമെന്നും, കോഴിക്കൂട്, കന്നുകാലികൾക്കുള്ള ഷെഡ്, തൊഴുത്തു തുടങ്ങിയ പ്രവർത്തികൾ ചെയ്യാമെന്നും, നല്ല ബണ്ടുകൾ, മഴക്കുഴികൾ, കംപോസ്റ്റുകുഴികൾ, അതിരുകൾ, തുടങ്ങിയവ ചെയ്യാമെന്നും brp തൊഴിലാളികൾക്കു വിവരിച്ചു. അല്ലാതെ നിങ്ങൾ ഉടനെ പോയി കിണറു വെട്ടുക എന്നല്ല ആസ്തി എന്നത് കൊണ്ട് ഉദ്ദേശിക്കുന്നതെന്നും വിവരിച്ചു

4. ടാർപോളിൻ, പ്രാഥമികശുശ്രൂഷ കിറ്റ്, ബൂട്സ് തുടങ്ങിയവ അഡ്മിൻ ഫണ്ട് ലഭിക്കാത്തതൊണ്ടാണ് തരാത്തതെന്നും ads അക്കൗണ്ടിൽ കുറച്ചു ഫണ്ട് ഉണ്ടെന്നും അതിൽ നിന്നു എടുത്തു ഈ വക സാധനങ്ങൾ വാങ്ങികൊടുക്കാമെന്നും AE മറുപടി പറഞ്ഞു.

**തീരുമാനങ്ങൾ**

1. ആസ്തിയുള്ള പ്രവർത്തികൾ ചെയ്യാൻ സന്നദ്ധരാണ്
2. ടാർപോളിൻ, പ്രാഥമിക ശുശ്രുഷ കിറ്റ് തുടങ്ങിയ ആവശ്യവസ്തുക്കൾ ads അക്കൗണ്ടിൽ നിന്നു കൊടുക്കാം
3. കാടുവെട്ടൽ, നിറത്തികിളയ്ക്കൽ തുടങ്ങിയവയ്ക് വേതനം കുറവായിരിക്കും
4. നല്ല അതിരു, ബണ്ടുകൾ നിലനിൽക്കുന്ന രീതിയിൽ കെട്ടണം.
5. ഫ്രണ്ട് ഓഫീസ് വഴി മാത്രമേ തൊഴിലിനുള്ള അപേക്ഷ നൽകാനും നൽകിയാൽ കൈപ്പറ്റു റസീപ്റ്റ് വാങ്ങിക്കുകയും വേണം.

## നന്ദി

വർക്കല ബ്ലോക്ക് ചെറുന്നിയൂർ പഞ്ചായത്തിലെ വാർഡ് 5 ലെ 2018-19 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ചെറുന്നിയൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പു വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മറ്റേറുമാർ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

# തിരുവനന്തപുരം

**വർക്കല ബ്ലോക്ക്**

**ചെറുന്നിയൂർ ഗ്രാമപഞ്ചായത്**

**വാർഡ് 6 അച്ചമ്മാമുക്ക്**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 01/10/2018 to 31/3/2019**

## റിപ്പോർട്ട് തയാറാക്കിയത്

## തിരുവനന്തപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

**അജിത ട, മഞ്ജു എം എസ്, അഞ്ജന ജെ ആർ**

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ

പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽഓഡിറ്റ്.

## ***ഭരണഘടനാ പ്രതിജ്ഞ***

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,

മതനിരപേക്ഷ,

ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും

ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവും

സാമ്പത്തികവും രാഷ്ട്രീയവുമായ

നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,

സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം

എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന

സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബർ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു'

ഇന്ന് 2019 നവംബർ 6-ആം തീയതി കാറാത്തല സാംസ്കാരിക നിലയത്തിൽ കൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കാളികളായ ഞങ്ങൾ ഭരണഘടനാ മൂല്യങ്ങൾ നടപ്പിലാക്കുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്യുന്നു.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂൾ** 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂൾ** 1 & **ഷെഡ്യൂൾ** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള | **സെക്ഷൻ** 7,8,9 |

| | | |
|---|---|---|
| | അവകാശം | |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂൾ** 2**പാരഗ്രാഫ്** 18 & **പാരഗ്രാഫ്** 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **ഷെഡ്യൂൾ**2 **പാരഗ്രാഫ്** 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സെഷൻ**3(2),6, sch 2 ,29,a,b,c,d,e,f.30 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സെഷൻ** 19, & **സെഷൻ** 17( 2) |

## അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ

*തൊഴിൽ കാർഡ് പുതുക്കുന്നതിനു വേണ്ടി തൊഴിലാളികൾക്ക് അവരുടെ കയ്യിൽ നിന്നും കാശ് ചെലവായിട്ടുണ്ടെന്നും, കൂടാതെ തൊഴിൽ കാർഡിനുള്ള ഫോട്ടോ തൊഴിലാളികൾ സ്വന്തം

ചെലവിലാണ് നൽകിയിട്ടുള്ളത് എന്നും മനസിലാക്കാൻ സാധിച്ചു.

* ഫയൽ പരിശോധനയിൽ വ്യക്തമായ ഡിമാന്റ് ഫോറം കാണാൻ സാധിച്ചിലല് . അതിനാൽ തൊഴിലിനു അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ആയതിനാൽ തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു അവർ തൊഴിലുറപ്പ് നിയമ പ്രകാരമല്ല തൊഴിൽ ആവശ്യപ്പെട്ടത് എന്ന് മനസിലായി.

* ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.

*തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.

*തൊഴിൽ സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ടെങ്കിലും അവയെല്ലാം തൊഴിലാളികൾ സ്വന്തമായി ക്രമീകരിച്ചിരിക്കുന്നതാണ്.

* ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.
*തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.

* തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.
* പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിച്ചതായി അറിയാൻ സാധിച്ചിട്ടില്ല അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞട്ടില്ല.

## പൊതുവിവരങ്ങൾ -ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

| | |
|---|---|
| ജില്ല | തിരുവനന്തപുരം |
| ബ്ളോക്ക് | വർക്കല |
| വിസ്തീർണ്ണം | 10.87 ച.കി.മീ. |

| | |
|---|---|
| വാർഡുകളുടെ എണ്ണം | **14** |
| ജനസംഖ്യ | **18114** |
| സ്ത്രീപുരുഷഅനുപാതം | 97:82 |
| പട്ടികജാതി | 4449 |
| പ്രസിഡന്റ് | നവപ്രകാശ് എൻ |
| സെക്രട്ടറി | സിന്ധു R S |
| പ്രധാന തൊഴിൽ | കൃഷിയും അനുബന്ധ മേഖലകളും |
| രജിസ്റ്റേർഡ് വർക്കർ | 4103 |
| സജീവത്തൊഴിലാളികൾ | 1346 |
| 100ജോലി തികഞ്ഞവർ | 470 |

Source : Census data 2011

# സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി തൊഴിലുറപ്പപദ്ധതി തിരുവനന്തപുരം ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് ആറിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

➔ ജില്ലയിലെ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർ വിശദമായ യോഗം ചേരുകയും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു .ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, വാർഡ് മെംബർ, മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി ജീവനക്കാർ സോഷ്യൽ ഓഡിറ്റ് അംഗങ്ങൾ എന്നിവർ ചേർന്ന യോഗത്തിൽ സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും, വാർഡ് 6ൽ ചെയ്യുന്ന സോഷ്യൽ ഓഡിറ്റ് പ്രവർത്തങ്ങളെകുറിച്ച് ചർച്ച

ചെയ്യൽ .

- ➔ കഴിഞ്ഞ6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ , MIS എന്നിവ പരിശോധിക്കൽ
- ➔ പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
- ➔ ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
- ➔ തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .
- ➔ ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ .

## പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ

| Sl | വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | പദ്ധതി ആരംഭം | പദ്ധതി അവസാനം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് |
|---|---|---|---|---|---|---|
| 1 | **1614010002/IF/385369** | **സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസനപ്രവർത്തനങ്ങൾ വിഭാഗം ബി ഖണ്ഡിക 5 പ്രകാരം** | **14-02-2019** | **12-03-19** | 291971 | 118404 |
| 2 | **1614010002/IF/366385** | സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂവികസനം | **26-12-2018** | 30-01-2019 | 169810 | 163668 |

| | | | | | | |
|---|---|---|---|---|---|---|
| | | പ്രവർത്തികൾ വിഭാഗം ബി ഖണ്ഡിക 5 പ്രകാരം | | | | |
| 3 | 1614010002/IF/336500 | സ്വകാര്യവ്യക്തി കളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം | 22-10-2018 | 26-11-2019 | 146579 | 139932 |
| 4 | 1614010002/IF/336497 | സ്വകാര്യവ്യക്തി കളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം | 19-12-2018 | 21-01-2019 | 99674 | 94392 |
| 5 | 16140100021/IF/366383 | സ്വകാര്യവ്യക്തി കളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം | 29-10-2018 | 12-12-2018 | 1516441 | 145176 |

## 22 ഡൊക്യുമെന്റ്സ്

### 1. കവർപേജ്

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ

വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച 6 ഫയലുകളിലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർപേജ് ലഭ്യമല്ല

**2. ചെക്ക് ലിസ്റ്റ്**

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച 6 ഫയലുകളിലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ് ഉണ്ടായിരുന്നില്ല

**3. ആക്ഷൻപ്ലാൻ കോപ്പി**

പരിശോധിച്ച 6 ഫയലുകളിൽ ഒരു ഫയലിൽ പോലും വാർഷിക മാസ്റ്റർ സറക്കുലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

**4. എസ്റ്റിമേറ്റ് കോപ്പി**

പരിശോധിച്ച 6 ഫയലുകളിലും സെക്യൂരിറ്റിൽ നിന്നുമെടുത്ത എസ്റ്റിമേറ്റിൽ കോപ്പി കാണാൻ സാധിച്ചു.എന്നാൽ ഒരു ഫയലിലും പ്രൊജക്റ്റ് റിപ്പോർട്ട്, സർവ്വേ ഡാറ്റ ,ജനകീയ എസ്റ്റിമേറ്റ്, ബന്ധപ്പെട്ട അധികാരികളുടെ ഒപ്പ് സീല് എന്നിവ ഉണ്ടായിരുന്നില്ല.

**5. സാങ്കേതികാനുമതി**

പരിശോധിച്ച 6 ഫയലുകളിലും പ്രാദേശികമായി തയ്യാറാക്കിയ സാങ്കേതിക അനുമതി പത്രമാണ് വർക്ക് ഫയലിൽ കാണാൻ കഴിഞ്ഞത്

**6. ഭരണാനുമതി**

പരിശോധിച്ച 6 ഫയലുകളിലും ഭരണാനുമതി കാണാൻ സാധിച്ചില്ല.

**7.തൊഴിലിനുള്ള അപേക്ഷ**

പരിശോധിച്ച 6 ഫയലുകളിൽ 5 ഫയലിലും ഡിമാൻഡ് ഫോം ലഭ്യമല്ല

**8. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം**

പരിശോധിച്ച 6 ഫയലുകളിലും പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നില്ല.

**9. ഇ മസ്റ്റർ റോൾ**

പരിശോധിച്ച പ്രവർത്തി ഫയലുകളുടെ മസ്റ്റർ റോളുകളിലും വെട്ടിത്തിരുത്തലുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. മസ്റ്റ്ർ റോളുകളിൽ ബി.ഡി.ഓ ,സെക്രട്ടറി എന്നിവരുടെ ഒപ്പ്

സീൽ  എന്നിവ ഉണ്ടായിരുന്നെങ്കിലും തിയതി ഉണ്ടായിരുന്നില്ല. മസ്റ്റർ റോളുകളിൽ ആയുധങ്ങളുടെ വാടക രേഖപെടുത്തിയിട്ടുണ്ട് .

**10. മെഷര്‌മെന്റ് ബുക്ക്**

മെഷര്‌മെന്റ് ബുക്കിൽ പ്രീ മെഷര്‌മെന്റ്  ,എ .എസ്  നമ്പർ,ടി എസ്  നമ്പർ എന്നിവ രേഖപ്പെടുത്തിട്ടുണ്ടായിരുന്നു. എല്ലാ മെഷർ മെന്റ് ബുക്കിലും ഒന്നോ  അതിലധികമോ ഇടങ്ങളിൽ ഒപ്പ് രേഖപെടുത്തുമ്പോൾ  തീയതി എഴുതിയിരുന്നില്ല.

**11. മെറ്റീരിയൽ**

6 പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയുന്നതല്ല. അതുകൊണ്ടു ബാധകമല്ല.

**12.വേജ് ലിസ്റ്റ്**

പരിശോധിച്ച 6 പ്രവർത്തിഫയലുകളിൽ 4 എണ്ണത്തിൽ വേജ് ലിസ്റ്റ് ലഭ്യമാണ്. IF/385369കോഡ് പ്രകാരമുള്ളതിൽ എം ബുക്ക് പ്രകാരമുള്ള ആകെ വേതനം 118404രൂപയാണ്. എന്നാൽ വേജ് ലിസ്റ്റ്  പ്രകാരം 118680 രൂപയാണ് കാണാൻ കഴിഞ്ഞത്. ഇവ തമ്മിൽ 276 രൂപയുടെ വ്യത്യാസം കാണുന്നു

**13.ഫണ്ട് ട്രാൻസ്ഫർ ഓർഡർ**

പരിശോധിച്ച ആറ് ഫയലുകളിൽ ഒരു ഫയലിൽ മാത്രമേ FTO കാണാൻ സാധിച്ചുള്ളൂ

## 14. മെറ്റീരിയൽ ബിൽ ആൻഡ് വൗച്ചർ

പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല. അതുകൊണ്ട് ഇത് ബാധകമല്ല.

**15. റോയൽറ്റി**

പരിശോധിച്ച 6ഫയലുകളിലും  റോയൽറ്റി ബാധകം ആയിരുന്നില്ല

**16. ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്**

പരിശോധിച്ച 6 ഫയലുകളിൽ ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ് ലഭ്യമല്ല

**17.പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

**18.മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്**

മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു, എന്നാൽ മസ്റ്റർ റോൾ നമ്പറുകൾ കൃത്യമായി രേഘപെടുത്തതും പല കോളങ്ങളും പൂരിപ്പിക്കാത്ത രീതിയിലും അപൂര്ണമായി എല്ലാ മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകളും കാണപ്പെട്ടു .

**19.ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്സ്**

ഒരു ഫയലിലും കാണാൻ സാധിച്ചില്ല

**20.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

**21.സൈറ്റ് ഡയറി**

പരിശോദിച്ച 6 ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , തൊഴിൽ ഉപകരണങ്ങളുടെ വാടക , വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട് , സന്ദര്ശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു . ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല. IF/385369കോഡ് പ്രകാരം തൊഴിൽ ദിനങ്ങൾ 432ആയി രേഖപ്പെടുത്തിയിരിക്കുന്നു എന്നാൽ mustroll പ്രകാരം തൊഴിൽദിനങ്ങൾ 430 ആണ്

**22. ഡ്രോയിങ് ആൻഡ് ഡിസൈനിങ്**

പരിശോധനയ്ക്ക് വിധേയമാക്കിയ 6 ഫയലുകളിലും ഡ്രോയിങ് ആന്റി ഡിസൈൻ ലഭ്യമായിരുന്നില്ല

**രജിസ്റ്ററുകളുടെ പരിശോധന**

നിയമപ്രകാരം7രജിസ്റ്ററുകൾഗ്രാമപഞ്ചായത്ത് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ് അവ ചുവടെ ചേർക്കുന്നു.

**1. തൊഴിൽ card രജിസ്റ്റർ**

**2.ഗ്രാമസഭാ രജിസ്റ്റർ**

**3.ഡിമാൻഡ് രജിസ്റ്റർ**

**4.വർക്ക് രജിസ്റ്റർ**

**5.ആസ്തി രജിസ്റ്റർ**

**6.പരാതി രജിസ്റ്റർ**

**7. മെറ്റീരിയൽ രജിസ്റ്റർ**

**എല്ലാ രജിസ്റ്ററുകളും പഞ്ചായത്ത് സൂക്ഷിക്കുന്നുണ്ട്**

**<u>പ്രവർത്തിയിടങ്ങൾ പരിശോധിച്ചതിലെ പൊതുവായ കണ്ടെത്തലുകൾ</u>**

പരിശോധനയ്ക്ക് വിധേയമാക്കിയ 6 ഫയലുകളിലും ആയി ആകെ 29 തൊഴിലിടങ്ങൾ ആണ് സന്ദർശിച്ചത്. എം ബുക്ക് പ്രകാരം ഉള്ള ജോലികൾ ഏറെക്കുറെ യും പ്രവൃത്തി ഇടങ്ങളിലും കാണാൻ സാധിച്ചു. സന്ദർശിച്ച തൊഴിലിടങ്ങളിൽ ഏറെയും കാടുപിടിച്ച നിലയിൽ കണ്ടു. മഴക്കുഴികൾ വേസ്റ്റ് കുഴികൾ വാഴ കുഴികൾ ഇവ എണ്ണിത്തിട്ടപ്പെടുത്താൻ സാധിച്ചിരുന്നില്ല.

- ★ **IF/385369 വർക്ക് കോഡ് പ്രകാരമുള്ള തൊഴിലിടത്തിൽ റഫ ബീവിയുടെ പുരയിടത്തിൽ 10 വാഴ കുഴി എടുത്തു അതിൽ നാല് കുഴികൾ വെറുതെ കിടക്കുന്നു.**
- ★ **ലിസ ഷാബുവിന്റെ പുരയിടത്തിൽ അതിര് മഴക്കുഴി വേസ്റ്റ് കുഴി കാണാൻ കഴിഞ്ഞു**
- ★ **വത്സലയുടെ പുരയിടത്തിൽ വേസ്റ്റ് കുഴി മഴക്കുഴി ഇവ ഉണ്ട് തെങ്ങിൻ കുഴിക്ക് പകരം അതിര് കോരി യിട്ടുണ്ട്.**
- ★ **IF/366385 വർക്ക് കോഡ് പ്രകാരമുള്ള തൊഴിലിടത്തിൽ മുനീറ ബീവിയുടെ പുരയിടത്തിൽ വാഴ കുഴിയിൽ വാഴ ചേമ്പ് ഇവ നട്ടി ട്ടുണ്ട് വേസ്റ്റ് കുഴിയും കാണാൻ കഴിഞ്ഞു.**
- ★ **ഫാത്തിമ ബീവി യുടെ പുരയിടത്തിൽ മഴക്കുഴി, വാഴക്കുഴി ഉണ്ടായിരുന്നു. വാഴകുഴിയിൽ ഒന്നും നട്ടതായി കണ്ടില്ല.**
- ★ **ഹാജിറയുടെ പുരയിടത്തിൽ അതിര് മഴക്കുഴി വേസ്റ്റ് കുഴി കാണാൻ കഴിഞ്ഞു. തെങ്ങിൻ തടം 15, തെങ്ങിൻ കുഴി 4, അതിര് ഒരു മീറ്റർ ഉണ്ടായിരുന്നു.**
- ★ **ഹസീനയുടെ പുരയിടത്തിൽ അതിര് എടുത്തിട്ടുണ്ട് ചേമ്പ് കൃഷി ചെയ്യതായി കണ്ടു**
- ★ **നിസാ ടി എം തെങ്ങിൻ തടം 7, വാഴ കുഴി 4, വേസ്റ്റ് കുഴി, മഴക്കുഴി ഇവ കാണാൻ കഴിഞ്ഞു**
- ★ **വസന്തയുടെ പുരയിടത്തിൽ തെങ്ങിൻ തടം 5, വാഴ കുഴി 2,**

**മഴക്കുഴി വേസ്റ്റ് കുഴി അതിര് കാണാൻ കഴിഞ്ഞു**

- **സത്യഭാമയുടെ പുരയിടത്തിൽ വാഴ കുഴി അഞ്ചെണ്ണം, മഴക്കുഴി, വേസ്റ്റ് കുഴി ഉണ്ടായിരുന്നു**
- **IF/366383 വർക്ക് കോഡ്പ്രകാരം ആയിഷ ബീവിയുടെ പുരയിടത്തിൽ എടുത്ത് നൽകിയ മഴക്കുഴി വേസ്റ്റ് കുഴിയും വീടുപണിയ്ക്കിടെ നികന്നതായി കണ്ടു.**

**<u>പൊതുവായ നിരീക്ഷണങ്ങൾ.</u>**

- _ഫസ്റ്റ് എയ്ഡ് ബോക്സ് പഞ്ചായത്തിൽ നിന്നും ലഭിക്കുന്നില്ല. പകരം തൊഴിലാളികളും ഏറ്റവും ചേർന്ന പണം പിരിച്ചു കൂടിയാണ് വാങ്ങുന്നത്.
- **തൊഴിൽ സമയം രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെ ആകണമെന്നാണ് തൊഴിലാളികളുടെ പൊതുവായ അഭിപ്രായം.**
- **ആവശ്യത്തിന് തൊഴിൽ ലഭ്യമല്ല. നിലവിലുള്ള വർഷത്തിൽ തൊഴിൽ എണ്ണം കുറവാണ്.**
- **പുതിയ തൊഴിൽ കാർഡ് ലഭിക്കുന്നതിനും നിലവിലെ തൊഴിൽ കാർഡ് പുതുക്കുന്നതിനും തൊഴിലാളികളുടെ കയ്യിൽ നിന്നും പണം ചിലവാകാറുണ്ട്.**
- അർദ്ധ വിദഗ്ദ, വിദഗ്ദ തൊഴിലിനെക്കുറിച്ച് തൊഴിലാളികൾക്ക് വ്യക്തമായ ധാരണയില്ല.
- തൊഴിലിനുള്ള അപേക്ഷ മേറ്റ് വഴി ഗ്രൂപ്പ് ആയിട്ട് വെള്ളപേപ്പറിൽ എഴുതി ആണ് പഞ്ചായത്തിൽ ഏൽപ്പിക്കുന്നത്. കൈപ്പറ്റ് രസീത് വാങ്ങിയിട്ടില്ല എന്നും മനസ്സിലായി
- തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ച് അവർക്ക് വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല.
- ജോലി പൂർത്തിയായിട്ടും കൃത്യമായി വേതനം ലഭിക്കുന്നില്ല എന്ന അഭിപ്രായം തൊഴിലാളികൾ പറഞ്ഞു.
- എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ തൊഴിലാളികൾ ചെയ്തിട്ടും ഭൂഉടമകളുടെ അനാസ്ഥമൂലം അവ ഉപയോഗശൂന്യമായി കിടക്കുന്നത് കാണാൻ കഴിഞ്ഞു.
- തൊഴിലാളികളുടെ അവകാശങ്ങൾ പലപ്പോഴും ഹനിക്കപ്പെടുന്നുണ്ട്.
- തൊഴിൽ കാർഡുകൾ അപൂർണമായാണ് പൂരിപ്പിച്ചിട്ടുള്ളത്.

# <u>നന്ദി</u>

വർക്കല ബ്ലോക്കിലെ വാർഡ് ആറിലെ 2018-19സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച

ബഹുമാനപ്പെട്ട ചെറുന്നിയൂർ  പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മേറ്റുമാർ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

.

<u>തിരുവനന്തപുരം</u>

<u>വർക്കല ബ്ലോക്ക്</u>

ചെറുന്നിയൂർ പഞ്ചായത്ത്

<u>വാർഡ് -7 (ദളവാപുരം)</u>

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 1/10/2018 to 31/03/2019**

റിപ്പോർട്ട് തയ്യാറാക്കിയത്

തിരുവനതപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

അനിൽ സുചിത്ര ചിത്ര VRP, ആർഷ എ എസ് VRP, നന്ദു രാജ് ആർ VRP, സൗമ്യ എസ് ബി VRP, സുഹൈൽ എ എസ് VRP.

ആമുഖം

ദശേീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ല് വിജ്ഞാപനം ചയെ്തു. എങ്കിലും , 2005-ല് പാര്ലമന്െറ് പാസ്സാക്കിയ മഹാത്മാഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫബെ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ല് നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലയേും ഗ്രാമീണ മഖേലകള് ഈ നിയമത്തിന്റെ പരിധിയില് വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവര്ഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴില് ദിനങ്ങള് ആവശ്യാധിഷ്ഠിതമായി പ്രദാനം ചയെ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പട്ടെ പൊതു ആസ്തികളും ദുര്ബല ജനവിഭാഗങ്ങള്ക്കായി ഈടുറ്റതും ഗുണമന്േമയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭദേഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദശേീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തില് കൂട്ടി ചര്േക്കുകയും ചയെ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പട്ടെിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചയെ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളില് വരുത്തുന്ന ഭദേഗതികള് സംസ്ഥാന പദ്ധതിയിലും ഉള്ക്കൊള്ളിക്കണ്േടതാണ്. മഹാത്മാഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികള്ക്ക് ഒരു കൂട്ടം അവകാശങ്ങള് നല്കുന്നുണ്ട്.

ദശേിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദശേത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധയേമാക്കണമന്െന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തപ്പെറ്റിയും പൊതു ധനം

ചലെവഴിക്കുന്നതിനപെറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

**മഹാത്മാ ദശേിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷഡ്യൂള്** 2 |
| 2 | തൊഴിൽ ആവശ്യപ്പെടൊനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷഡ്യൂള്** 1 & **ഷഡ്യൂള്** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലങ്കെിൽ തൊഴിലാല്ലായ്മ വതേനം ലഭിക്കുവാനുള്ള അവകാശം | **സഷെന്** 7,8,9 |
| 4 | എറ്റെടുക്കണ്ടേ പ്രവൃത്തികൾ ആസൂത്രണം ചയ്യുെവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലങ്കെിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷഡ്യൂള്** 2**പാരഗ്രാഫ്** 18 & **പാരഗ്രാഫ്** 20 |
| 6 | കുടിവള്ളെം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ | **ഷഡ്യൂള്**2 **പാരഗ്രാ** |

| | | |
|---|---|---|
| | പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **ഷ്** 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സക്ഷെന്**3( 2),6, sch 2 ,29,a,b,c,d,e,f .30 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സക്ഷെന്** 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സക്ഷെന്** 19, & **സക്ഷെന്** 17( 2) |

അവകാശ അധിഷ്ഠിത നീരിക്ഷണങ്ങൾ.

*** ഫയൽ പരിശോധനയിൽ വ്യക്തമായ ഡിമാന്റ് ഫോറം കാണാൻ സാധിച്ചില്ല .**

**അതിനാൽ തൊഴിലിനു അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ആയതിനാൽ തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു അവർ തൊഴിലുറപ്പ് നിയമ പ്രകാരമല്ല തൊഴിൽ ആവശ്യപ്പെട്ടത് എന്ന് മനസിലായി.**

* ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.

*തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.

*തൊഴിൽ സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ടെങ്കിലും അവയെല്ലാം തൊഴിലാളികൾ സ്വന്തമായി ക്രമീകരിച്ചിരിക്കുന്നതാണ്.

* ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

*തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.

* തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.

* പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിച്ചതായി അറിയാൻ സാധിച്ചിട്ടില്ല അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന ക്യത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞട്ടില്ല.

# പൊതുവിവരങ്ങൾ -ചെറുന്നിയൂർ പഞ്ചായത്ത്

| | |
|---|---|
| ജില്ല | തിരുവനന്തപുരം |
| ബ്ളോക്ക് | വർക്കല |
| വിസ്തീര്ണ്ണം | 10.87ച.കി.മീ. |
| വാര്ഡുകളുടെ എണ്ണം | 1. 14 |
| ജനസംഖ്യ | 2. 18114 |
| സ്ത്രീ : പുരുഷ അനുപാതം | 97:82 |

തിരുവനന്തപുരം ജില്ലയി**ൽ** വ**ർ**ക്കല താലൂക്കി**ൽ** വ**ർ**ക്കല ബ്ലോക്ക് പഞ്ചായത്തി**ൽ** ഉ**ൾ**പ്പെട്ട പ്രദേശമാണ് ചെറുന്നിയൂ**ർ** ഗ്രാമപഞ്ചായത്തു. ഈ പ്രദേശത്തിന്റെ സമ്പത് ഘടനയിലെ നി**ർ**ണ്ണായക ഘടകം കാ**ർ**ഷിക മേഖല ആയിരുന്നു.ഭൂപ്രകൃതി അനുസരിച് ഈ പ്രദേശത്തെ പാലച്ചിറ പുത്തന്കടവ് നീ**ർ**ത്തടം, അയന്തി ശാസ്താം നട നീ**ർ**ത്തടം, വെന്നികോടെ ചെറുന്നിയൂ**ർ** നീ**ർ**ത്തടം എന്നിങ്ങനെ മൂന്നായി തിരികാം.ഈ നീ**ർ**ത്തടങ്ങളി**ൽ** ആകെ 8 തോടുകളും 17കുളങ്ങളും ഒരു കായലും ഒട്ടേറെ നീരുറവകളും ഉണ്ടായിരിന്നു. ചെറു നീരുറവകളുടെ നാട് എന്ന അ**ർ**ത്ഥത്തി**ൽ** ആണ് ചെറുന്നിയൂ**ർ** എന്ന നാമം ലഭിച്ചത്.തോടുകളും, കുളങ്ങളും നീരുറവകളും പലതും നിലവിലുള്ളതായിട്ടുണ്ട് അശാസ്ത്രീയമായ വയ**ൽ** നികത്ത**ൽ**, കുന്നിടിച്ചു നിരപ്പാക്ക**ൽ**, കായ**ൽ** നികത്ത**ൽ**, മണലൂറ്റി എന്നിവ മൂലം ഭൂപ്രകൃതി ആകെ മാറിയിരിക്കുന്നു.വടക്കു പാലച്ചിറ വടശ്ശേരിക്കോണം തുടങ്ങിയ ഉയ**ർ**ന്ന പ്രദേശങ്ങളി**ൽ** നിന്ന് തെക്കുകിഴക്കും തെക്കുപടിഞ്ഞാറും കോഴി തോട്ടം കായലിലേക്ക് ചരിഞ്ഞു കിടക്കുന്ന ഒരു ഭൂ വിഭാഗമാണ് ചെറുന്നിയൂ**ർ** ഗ്രാമപഞ്ചായത്ത്, ഏകദേശം ഒരു ഉപദ്വീപിന്റെ ആകൃതി ആണെന്ന് പറയാം. വടക്കുപടിഞ്ഞാറ**ൻ** പ്രതീക്ഷയുമായ ജയന്തി താരതമ്യനേ ഉയ**ർ**ന്ന ഭാഗവും കിഴക്ക**ൻ** പ്രദേശമായ വെള്ളിയാഴ്ചകാവ് കമ്പിക്കകം  എന്നിവ താഴ്ന്ന പ്രദേശങ്ങളും ആണ്  മരക്കടമുക്കുവരെ വ്യാപിച്ചുകിടക്കുന്ന കുന്നും പള്ളിക്കുന്നു പടിഞ്ഞാറ് കല്ലുമലകുന്നും വടക്ക് പാലച്ചിറ യുമാണ് പഞ്ചായത്തിലെ ഏറ്റവും ഉയ**ർ**ന്ന പ്രദേശങ്ങ**ൾ**. വിസ്തൃതിയി**ൽ** വലുത് കല്ലുമാല കുന്നും ചെറുത് പള്ളിക്കുന്നും ആണ് ഇവിടെ നിന്നും നോക്കിയാ**ൽ** പഞ്ചായത്തി**ൻ**റെ മനോഹരമായ ദൃശ്യം ലഭിക്കും. ക്രമമായി ചരിഞ്ഞ ഒരു ഭൂപ്രകൃതി അല്ല മറിച്ച് ഉയ**ർ**ന്ന പ്രദേശങ്ങളും വയലുകളും താഴ്ന്ന പ്രദേശങ്ങളും കൂടിക്കല**ർ**ന്ന കായലോരങ്ങളും അവസാനിക്കുന്ന ഭൗമ ഘടന ഇനം തിരിച്ച് പരിശോധിച്ചാ**ൽ** കുന്നി**ൽ**  പ്രദേശവും തീരപ്രദേശവും

**ഉൾപ്പെടുന്നതാണ് ഈ പഞ്ചായത്ത്.**

സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

**കേരളസോഷ്യൽ**ഓഡിറ്റ്സൊസൈറ്റിതൊഴിലുറപ്പുപദ്ധതി **തിരുവനന്തപുരം** ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് 7 ലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

- കഴിഞ്ഞ6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെഫയലുകൾ,വിവരശേഖരണാർത്ഥ MIS എന്നിവ പരിശോധിക്കൽ
- പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
- ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
- തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .
- ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

| S. No | **വര്‍ക്ക് കോഡ്** | പ്രവര്‍ത്തിയുടെ പരേ് | പദ്ധതിയുടെ ആരംഭം | പദ്ധതിയുടെ അവസാനം | എസ്റ്റിമറേ്റ് തുക | യഥാര്‍ത്ഥ ചലെവ് | തൊഴില്‍ ദിനങ്ങള്‍ |
|---|---|---|---|---|---|---|---|
| **1** | 1614010002/IF/ 385371 | സ്വകാര്യ വ്യക്തികളുടെ ഭൂമിയില്‍ ഭൂവികസന പ്രവര്‍ത്തികള്‍ ഖണ്ഡിക 5 പ്രകാരം | 18/2/2019 | 25/3/2019 | 291971 | 206448 | 748 |
| **2** | 1614010002/IF/ 350061 | സ്വകാര്യ വ്യക്തികളുടെ ഭൂമിയില്‍ ഭൂവികസന പ്രവര്‍ത്തികള്‍ ഖണ്ഡിക 5 പ്രകാരം | 22/10/2018 | 9/11/2018 | 176183 | 168738 | 611 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 1614010002/IF/ 337214 | കൃഷിയ്ക്കാവശ്യമായ കുളം നിർമ്മാണം | 24/12/2018 | 16/2/2019 | 258149 | 250255 | 840 |
| 4 | 1614010002/IF/ 337221 | കൃഷിയ്ക്കാവശ്യമായ കുളം നിർമ്മാണം | 03/05/2018 | 04/02/2019 | 135314 | 129809 | 470 |

22 ഡോക്യൂമെന്ററസ്

**1. കവർപജേ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപജേിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചലെവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രഖേപടെുത്തണേ്ടതാണ്. പരിശോധിച്ച 4 **ഫൈലുകളിൽ** ഒരു പ്രവർത്തിയിൽ പോലും വാർഷിക മാസ്റ്റർ സർക്യൂലർ പ്രകാരമുള്ള കവർ പജേ് കാണാൻ സാധിച്ചില്ല.

**2. ചക്കെ്ക് ലിസ്റ്റ്**

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പജേ് നമ്പറും രഖേപ്പടെുത്തണേ്ട ചക്കെ്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കണേ്ടതാണ്. പരിശോധിച്ച 4 **ഫൈലുകളിലും** വാർഷിക മാസ്റ്റർ സർക്യൂലർ പ്രകാരമുള്ള ചക്കെ്ക് ലിസ്റ്റ് കാണാൻ **സാധിച്ചില്ല** .

**3. ആക്ഷൻപ്ലാൻ കോപ്പി**

പരിശോധിച്ച 4 ഫയലുകളിൽ ഒരു ഫയലിൽ പോലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

**4. എസ്റ്റിമേറ്റ് കോപ്പി**

പരിശോധിച്ച 4 ഫയലുകളിലും എസ്റ്റിമേറ്റ് കോപ്പി കാണാൻ സാധിച്ചു.., എസ്റ്റിമേറ്റിന്റെ കോപ്പിയിൽ അക്രഡിറ്റഡ് എഞ്ചിനീയറുടെ ഒപ്പ്, സീല് എന്നിവ ഉണ്ടായിരുന്നു.

**5. സാങ്കേതികാനുമതി**

പരിശോധിച്ച 4 ഫൈലുകളിലും വാർഷിക മാസ്റ്റർ പ്രകാരം ഉള്ള സാങ്കേതികാനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടില്ല . എന്നാൽ, പ്രാദേശികമായിട്ടുള്ള സാങ്കേതികാനുമതി കോപ്പി സൂക്ഷിച്ചിട്ടുണ്ട് **ബന്ധപ്പെട്ട** ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ കാണാൻ സാധിച്ചിട്ടുണ്ട്

**6. ഭരണാനുമതി**

പരിശോധിച്ച 4 ഫയലുകളിൽ സാങ്കേതികാനുമതി കോപ്പി സൂക്ഷിച്ചിട്ടില്ല .

**7.വർക്ക് അലോക്കേഷൻ ഫോം**

പരിശോധിച്ച 4 ഫയലുകളിൽ വർക്ക് അലോക്കേഷൻ ഫോം ഇല്ലായിരുന്നു.

**8. തൊഴിലിനുള്ള അപേക്ഷ**

പരിശോധിച്ച 4 ഫയലുകളിൽ ഒരു പ്രവർത്തിയിലും വ്യക്തമായ തരത്തിലുള തൊഴിൽ അപേക്ഷ ഉണ്ടായിരുന്നില്ല .

**9. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം**

പരിശോധിച്ച 4 ഫയലുകളിലും പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നില്ല.

**10. മസ്റ്റർ റോൾ**

പരിശോധിച്ച 4 പ്രവർത്തി ഫയലുകളുടെ മസ്റ്റർ റോളുകളിൽ ബി.ഡി.ഓ ,സെക്രട്ടറി എന്നിവരുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നു . ആയുധങ്ങളുടെ വാടക രഖേപടുെത്തിയിട്ടുണ്ട് .

**11. മഷെർമന്റെ് ബുക്ക്**

മഷെർമന്റെ് ബുക്കിൽ പ്രീ മഷെർമന്റെ് ,എ .എസ് നമ്പർ,ടി എസ് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് .

**12. മറ്റീരിയൽ**

15 പ്രവർത്തികൾ ഒന്നും തന്നെ മറ്റീരിയൽ ഉപയോഗിച്ച് ചയ്യുന്നതല്ല. അതുകൊണ്ടു ബാധകമല്ല.

**13. വജ്ലിസ്റ്റ്**

പരിശോധിച്ച 4 പ്രവർത്തിഫയലുകളിൽ **മൂന്നിലും** വജ് ലിസ്റ്റ് ഉൾപ്പടെുത്തിയിരുന്നില്ല.

**14.ഫണ്ട് ട്രാൻസ്ഫർ ഓർഡർ**

**ഇല്ല**

**15. മറ്റീരിയൽ വൗച്ചർ ബിൽ**

പരിശോധിച്ച 4 ഫൈലുകൾക്കും മെറ്റീരിയൽ വൗച്ചർ ബില്ല് ആവശ്യമില്ല

**16. റോയൽറ്റി**

പരിശോധിച്ച 4 ഫയലുകളിലും റോയൽറ്റി ബാധകം ആയിരുന്നില്ല

**17. ഫോട്ടോഗ്രാഫ്സ് .**

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല

**18. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

**19. മസ്റ്റർ റോൾ മൂവമെന്റ്**

മസ്റ്റർ റോൾ മൂവമെന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു.

**20. ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്സ്**

പരിശോധിച്ച ഒരു ഫൈലിലും കാണാൻ സാധിച്ചില്ല .

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല .

**22. സൈറ്റ് ഡയറി**

എല്ലാ ഫയലിലും സൈറ്റ് ഡയറി കാണാൻ സാധിച്ചു . സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട് , സന്ദർശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു , തൊഴിൽ ഉപകരണങ്ങളുടെ വാടക, ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല

**തൊഴിൽ കാർഡ് പരിശോധന**

- തൊഴിൽ കാർഡുകളിൽ തൊഴിൽ ആവശ്യപ്പെടുന്ന സംബന്ധിച്ച വിവരം, പ്രവർത്തിയുടെ അളവ് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചു.

- മസ്റ്റർ റോൾ അനുവദിക്കപ്പെട്ട പ്രവർത്തി, കൂലി നൽകിയത് എന്നീ വിവരങ്ങൾ എഴുതിയത് ഭാഗികമാണ്.

കണ്ടെത്തലുകൾ( പ്രവർത്തിയുടെ സന്ദർശ്ശനം )

**പ്രവർത്തി 1:**

**സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂ വികസന പ്രവർത്തികൾ ഖണ്ഡിക 5പ്രകാരം**

**161401002/IF/385371**

**10 ഗുണഭോക്താക്കൾ ആണ് ഈ പദ്ധതിയിൽ ഉൾപെട്ടിരിക്കുന്നതു**

- അനിൽകുമാർ , ലിജി ഭവൻ , പുരയിടത്തിൽ കാടുവെട്ടി തളിക്കൽ, നിരത്തികിളയ്ക്കൽ വാഴകുഴി, തെങ്ങിൻതടം , അതിരു, മഴക്കുഴി , ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു.
- ലിജ ഗോപി വി ജെ മന്ദിരം, പുരയിടത്തിൽ വാഴകുഴി 3 തെങ്ങിൻ കുഴി 3 എസ്റ്റിമേറ്റ് പ്രകാരം സൈറ്റിൽ കൃത്യമായി ഈ പ്രവർത്തികൾ കണ്ടെത്തി കണ്ടെത്തി
- വാസുദേവൻപിള്ള, എൻ വി സദനം, പുരയിടത്തിൽ അതിര്, മഴക്കുഴി, വാഴ കുഴി 6, തെങ്ങിൻ തടം 7, ആണ് എസ്റ്റിമേറ്റ് പ്രകാരം സൈറ്റിൽ എല്ലാം കൃത്യമായി കണ്ടെത്തി
- തങ്കമ്മ കെ, ജയ വിലാസം, പുരയിടത്തിൽ കാടു വെട്ടി, നിരത്തി കിളച്ചു, അതിര്, മഴക്കുഴി തെങ്ങിൻ തടം ഇവ എത്ര എണ്ണം ചെയ്തിട്ടുണ്ട് എന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല
- രാജൻ ടി, വള്ളൂർ വീട്, പുരയിടത്തിൽ കാടുവെട്ടി, നിരത്തി കിളച്ചു, മഴക്കുഴി, വാഴക്കുഴി ഇവയെല്ലാം എസ്റ്റിമേറ്റ് പ്രകാരം തന്നെ അവിടെ ഉണ്ടായിരുന്നു പക്ഷേ മഴ കുഴി മൂടി കിടക്കുന്നു
- ഷിബു, പ്രിയ മന്ദിരം, പുരയിടത്തിൽ കാടുവെട്ടി, നിരത്തികിളച്ചു, 5 തെങ്ങിൻ തടം, 6 തെങ്ങിൻ കുഴി ആണ് എസ്റ്റിമേറ്റ് പ്രകാരം, ഇവയെല്ലാം കൃത്യമായി കണ്ടെത്തി
- വിജയകുമാരി, വിജയ് ഭവൻ, പുരയിടത്തിൽ കാടു വെട്ടി, നിരത്തി കിളച്ചു, അതിര്, മഴക്കുഴി വാഴ കുഴി, തെങ്ങിൻ തടം 8, തെങ്ങിൻ കുഴി 6

ഇതൊക്കയൊണ് എസ്റ്റിമേറ്റ് പ്രകാരം, ഇതല്ലൊം സൈറ്റിൽ കൃത്യമായി കണ്ടു

- സരളാദവേി, പണയിൽ വീട്, പുരയിടത്തിൽ കാടു വട്ടെി നിരത്തി കിളച്ചു മഴ കുഴി, വാഴ കുഴി, വസേ്റ്റ് കുഴി ആണ് എസ്റ്റിമേറ്റ് പ്രകാരം, എത്ര എണ്ണം എന്ന് രഖേപ്പടുെത്തിയിട്ടില്ല
- സരോജം, മടത്തു വിള വീട്, കാടു വട്ടെി വൃത്തിയാക്കി, നിരത്തി കിളച്ചു, അതിരു പിടിച്ചു, വാഴ കുഴി, മഴക്കുഴി, തങ്ങിൻ തടം 20 ആണ് എസ്റ്റിമേറ്റ് പ്രകാരം, സൈറ്റിൽ എല്ലാം കണ്ടു
- സീത മാൾ, അനിത വിലാസം, പുരയിടത്തിൽ തങ്ങിൻ തടം 10, വാഴ കുഴി 10, നിരത്തി കിളയ്ക്കൽ, കാടുവട്ടെി വൃത്തിയാക്കൽ, തട്ടു തിരിച്ചു, ഒരു മഴക്കുഴി ഒരു വാഴക്കുഴി കണ്ടു.

**നിരീക്ഷണം**

- തൊഴിലാളികൾ എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും കൃത്യമായി ചയ്തെിരിക്കുന്നു. പക്ഷേ ഗുണഭോക്താക്കൾ ഉപയോഗിക്കുന്നില്ല.
- മഴക്കുഴിയുടെ യും, കമ്പോസ്റ്റ് കുഴിയും, അതിരുകളയെും, നീളം വീതി തുടങ്ങിയവയല്ലൊം എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന പോലെ തന്നെ ആണ്. അതിരുകൾ എസ്റ്റിമേറ്റിൽ പറഞ്ഞതിനക്കേൾ കൂടുതലായി കാണപ്പടുെന്നു

**പ്രവർത്തി 2:**

**സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂ വികസന പ്രവർത്തികൾ ഖണ്ഡിക 5പ്രകാരം**

**161401002/IF/350061**

**3 ഗുണഭോക്താക്കൾ ആണ് ഈ പദ്ധതിയിൽ ഉൾപട്ടെിരിക്കുന്നത**

- റഷീദ്, സലിം മൻസിൽ, പുരയിടത്തിൽ ഏഴ് തങ്ങിൻ തടം, കയ്യാല അതിരു 180 മീറ്റർ അതിരു നല്ല രീതിയിൽ പൊക്കത്തിൽ കാണാൻ കഴിഞ്ഞു. എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്കുകൾ എല്ലാം പുരയിടത്തിൽ കണ്ടിട്ടുണ്ട്. പുരയിടം നല്ല രീതിയിൽ കൃഷി ചെയ്തു ഉപയോഗിച്ചു പോരുന്നു.
- സദാനന്ദന്, പുരയിടത്തിൽ 14 തെങ്ങിൻ തടം, 15 വാഴക്കുഴി, 21 തെങ്ങിൻ കുഴി മാലിന്യ സംസ്കരണ കുഴി ഒന്ന്, ഇതലെല്ലാം എസ്റ്റിമേറ്റ് പ്രകാരം ഉള്ളവയാണ്. അതിര് പിടിച്ചിട്ടുണ്ട് പക്ഷേ അത് മഴയത്ത് ഒലിച്ചു പോയി എന്ന് പറഞ്ഞു. രണ്ടു മഴക്കുഴി എടുത്തിട്ടുണ്ട്. വാഴക്കുഴി രണ്ടെണ്ണത്തിൽ വാഴയില്ല.
- സുജ, പുരയിടത്തിൽ മഴക്കുഴി, വാഴ കുഴി, വേസ്റ്റ് കുഴി തുടങ്ങിയവ കണ്ടു.എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ വർക്കുമുള്ളതായി കണ്ടു.

**നിരീക്ഷണങ്ങൾ**

- എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന എല്ലാ പ്രവർത്തികളും തൊഴിലാളികൾ ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾ നല്ല രീതിയിൽ ഉപയോഗിച്ചിട്ടുണ്ട്. 9 മാസത്തിനു ശേഷവും പല പുരയിടങ്ങളിലും ഗുണഭോക്താക്കൾ വൃത്തിയായി കൃഷിചെയ്യുന്നു.

**പ്രവർത്തി 3: കൃഷിയ്ക്കാവശ്യമായ കുളം നിർമ്മാണം**

**161401002/IF/337214**

- കുളം വളരെ നന്നായി ഉപയോഗിച്ചിരിക്കുന്നു. കുളത്തിൽ മത്സ്യ കൃഷി നടത്തുന്നുണ്ട്. കുളം വലയിട്ടു വൃത്തിയായി മൂടിയിരിക്കുന്നു. മത്സ്യകൃഷി നല്ല വരുമാനമാർഗം ആണെന്ന് മേറ്റ് പറഞ്ഞു.
- 21 578 -21 955 വരയെുള്ള മസ്റ്റർ റോളുകൾ വെട്ടിയിരിക്കുന്നു, കാരണം വ്യക്തമല്ല.

**പ്രവർത്തി 4: കൃഷിയ്ക്കാവശ്യമായ കുളം നിർമ്മാണം**

**161401002/IF/337221**

- കുളം കൃഷിയ്ക്കായി ഉപയോഗിക്കുന്നു.
- Ci ബോർഡ് ഉണ്ടായിരുന്നു
- കുളം വൃത്തി ആയി സൂക്ഷിച്ചിരിക്കുന്നു.

**നിരീക്ഷണം**

- രണ്ടു കുളവും നന്നായി സംരക്ഷിച്ചിരിക്കുന്നു.ഇതുപോലുള്ള പ്രവർത്തികൾ ഗുണമേന്മയുള്ളവയാണ്. വരുമാനം ലഭിക്കുന്നു എന്നതിലുപരി സർക്കാരിന്റെ പണവും ദുരുപയോഗപെടുന്നില്ല.

**പൊതു നിരീക്ഷണം**

- തൊഴിലാളികൾ അവരുടെ പ്രവർത്തികൾ കൃത്യമായി ചെയ്യുന്നുണ്ട് പക്ഷെ ഗുണഭോകതാക്കൾ അത് ഉപയോഗിക്കുന്നില്ല വീണ്ടും മൂന്നുവർഷം കഴിഞ്ഞു ഭൂവികസന പ്രവർത്തനത്തിലൂടെ ഗുണഭോകതാക്കളുടെ പുരയിടത്തിൽ പ്രവർത്തി ചെയ്തു കൊടുക്കുമെന്ന കരുതലുണ്ട്.
- തൊഴിലാളികൾക്ക് വേതനം കൃത്യസമയത്ത് ലഭിക്കുന്നില്ല ഒരുപാട് വൈകിയാണ് അവർക്ക് വേതനം ലഭിക്കുന്നത് അതിനാൽ തൊഴിലാളികൾ വളരെയേറെ ബുദ്ധിമുട്ടുകൾ സഹായിക്കുന്നുണ്ട് വേതനം കിട്ടുമെന്ന് കരുതി പലരും കടംവാങ്ങിയും പിന്നീട് കൊടുക്കാൻ പറ്റാതെ ആവുകയും ചെയ്യുന്നു തുടങ്ങിയ പരാതികൾ നിരവധി പേരുടെ ഭാഗത്തുനിന്ന് കേൾക്കാൻ കഴിഞ്ഞു.
- തൊഴിലാളികൾ ഫ്രണ്ട് ഓഫീസ് മുഖേനേ അപേക്ഷ നൽകുകയോ കൈപ്പറ്റ് രസീത് വാങ്ങിക്കുകയും ചെയ്യുന്നില്ല.
- വർക്ക് ഫയലിൽ ഉൾപ്പെടുത്തേണ്ട 22 ഇനം ഡോക്യുമെന്റുകൾ എല്ലാം തന്നെ ഫയലിൽ ഉൾപെടുത്തുന്നില്ല.
- എസ്റ്റിമേറ്റ് ജനകിയ ഭാഷയിൽ എഴുതുന്നില്ല
- ഓരോ പ്രവൃത്തിയുടെയും ഉദ്ദേശ്യലക്ഷ്യം ഗുണഭോക്താക്കളെ പറഞ്ഞു ബോധ്യപെടുത്തുന്നില്ല.

- മസ്റ്റർറോൾ തിരുത്തലുണ്ട്.
- എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന പ്രവർത്തിയ്ക് പുറമെ ഗുണഭോക്താക്കൾ പറയുന്ന പ്രവർത്തികൾ കൂടി ചെയ്യേണ്ടി വരുന്നു.
- തൊഴിൽ സ്ഥലത്തു അപകടം സംഭവിച്ചു കഴിഞ്ഞാൽ ഉണ്ടാകുന്ന ആശുപത്രി ചിലവുകളും മറ്റിനുമുള്ള ബില്ലുകൾ തൊഴിലാളികൾ പഞ്ചായത്തിൽ ഏല്പിക്കുന്നില്ല. അങ്ങനെ ചെയ്താൽ അവര്ക് ചിലവായ തുക തിരികെകിട്ടുമെന്നുള്ള അറിവില്ലായ്മ ആണ് ഇതിനുള്ള കാരണം.
- കുളം മീൻവളർത്താൻ ഉപയോഗിക്കുന്നു. വളരെ നന്നായിട്ട് കുളം സംരക്ഷിച്ചിരിക്കുന്നു.
- പഞ്ചായത്തിൽ മെറ്റീരിയൽ പ്രവർത്തികൾ വളരെ കുറവാണു തീരെ ഇല്ലന്നു തന്നെ പറയാം.

- Amc പ്രകാരമുള്ള 22 രേഖകൾ ഫയൽ ചെയ്യുന്നില്ല
- സൈറ്റ് ഡയറിയിൽ പദ്ധതി ചെലവ് ആയുധങ്ങളുടെ വാടക തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല
-

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്, തുക

വിനിയോഗം, തൊഴിലാളികളുടെ അവകാശങ്ങൾ എന്നിവയുമായി ബന്ധപെട്ടു ചെറുന്നിയൂർ പഞ്ചായത്തിലെ 14 വാർഡുകളിലും നടത്തപ്പെട്ട സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനും അംഗീകരിക്കുന്നതിനുമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 17 -)o വകുപ്പ് പ്രകാരം 7/11/2019 M.L.P.S കൊച്ചുപാലച്ചിറ സ്കൂളിൽ നടത്തിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ ചർച്ചയുടെ വിവരങ്ങളും തീരുമാനങ്ങളും

അജണ്ട

- സ്വാഗതം
- അദ്യക്ഷനെ തിരഞ്ഞെടുക്കൽ
- റിപ്പോർട്ട് അവതരണം
- ചർച്ചയും ക്രോഡീകരണവും
- നന്ദി

Vrp സുഹൈൽ  സ്വാഗതം പറഞ്ഞു കൊണ്ട് ഗ്രാമസഭ തുടങ്ങി. ആദ്യമായി അധ്യക്ഷനെ തിരഞ്ഞെടുത്തു : സീജ  (100 തൊഴിൽ നടേിയ തൊഴിലാളി)

ഭരണഘടനാ പ്രതിനജ്ഞാ vrp ആർഷ എ എസ്  പറഞ്ഞു കൊടുത്തു.

തൊഴിലാളികളുടെ പത്തു അവകാശങ്ങളെ പറ്റി vrp അനിൽ സുചിത്ര ചിത്ര വിശദമാക്കി കൊടുത്തു

അതിനു ശേഷം റിപ്പോർട്ട് അവതരണം vrp സൗമ്യ എസ് ബി  റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ചർച്ച തുടങ്ങി, തൊഴിലാളികളുടെ ആവശ്യങ്ങളും പരാതികളും ചുവടെ ചേർക്കുന്നു:

1. ജോലി സമയം 5:00 pm നിന്നു 4:00 ആക്കണം
2. ജോലി ചെയ്ത കൂലി സമയത്തു കിട്ടുന്നില്ല. വേതനം കിട്ടുന്നതിൽ താമസം ഉണ്ടാകുന്നതു വളരെ ബുദ്ധിമുട്ടായി തൊഴിലാളികൾ പറയുന്നു
3. തൊഴിൽ ദിനം 45 ദിവസമാക്കി കുറയ്ക്കാൻ പോകുന്നുണ്ടോ?
4. റോഡിനു സൈഡിലുള്ള പുല്ലുകൾ വെട്ടിമാറ്റാൻ തൊഴിലുറപ്പിലൂടെ സാധിക്കുമോ?

5. ശമ്പളം 271ൽ നിന്നു 300 ആക്കുമോ?
6. ഫ്രണ്ട് ഓഫീസ് വഴി അപേക്ഷ നൽകാറില്ല കൈപ്പറ്റു റസീപ്റ്റ് വാങ്ങിക്കാറുമില്ല.

## മറുപടി

1. സമയം മാറ്റം സോഷ്യൽ ഓഡിറ്റിന്റെ പരിധിയിൽ നികുന്നതല്ല. റിപ്പോർട്ടിൽ പരാമർശിക്കാമെന്നു വി ആർ പിമാർ ഉറപ്പുനൽകി
2. വേതനം ബാങ്കുവഴി ലഭ്യമാക്കുന്നതിലുണ്ടാകുന്ന തടസ്സമാണ് കൂടുതലും എന്ന് വി ആർ പി അനിൽ സുചിത്ര ചിത്ര മറുപടി നൽകി.വേതനത്തിൻറെ കാലതാമസം പരിഹരിക്കാൻ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുമെന്നു വി ആർ പിമാർ ഉറപ്പുനൽകി.

3. മഹാത്മാഗാന്ധി തൊഴിലുറപ്പ് നിയമപ്രകാരം 100 തൊഴിൽദിനങ്ങൾ തൊഴിലാളികൾക്കു ഉണ്ട് അതിൽ മാറ്റാൻ വരുത്താൻ കഴിയില്ല. അധിക 100 തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്കു കിട്ടുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം.

4. റോഡിന്റെ വശങ്ങളിലുള്ള പുല്ലുകൾ വൃത്തിയാക്കുന്നത് ഇതിൽ ഉൾപ്പെടുന്ന പ്രവർത്തി അല്ല.

5. ശമ്പളം കൂട്ടുന്നത് സോഷ്യൽ ഓഡിറ്റിന്റെ പരിധിയിൽ വരുന്നതല്ല.

## തീരുമാനങ്ങൾ

1. കാടുവെട്ടൽ, നിരത്തി കിളയ്ക്കൽ എന്നിവയുടെ റേറ്റ് കുറവായിരിക്കും
2. ആസ്തി ഉള്ള പ്രവർത്തികൾ ആയിരിക്കും ചെയ്യുന്നത്

3. അപേക്ഷ നൽകി 15 ദിവസത്തിനുള്ളിൽ ജോലി നല്കിയിരിക്കും.
4. വേതനം ലഭിക്കുന്നതിന്റെ കാലതാമസം റിപ്പോർട്ടിൽ പരാമർശിക്കും
5. കക്കൂസ് നിർമ്മാണം, കോഴിക്കൂട്, മഴക്കുഴികൾ, കമ്പോസ്റ്റ് കുഴികൾ, അതിരു, ബണ്ടുകൾ തുടങ്ങിയ ആസ്തികൾ ചെയ്യാൻ ശ്രമിക്കണം
6. അപേക്ഷ ഫ്രോൻറ്റോഫീസ് വഴി മാത്രമേ നൽകു, നൽകിയിട്ടു കൈപ്പറ്റു റസിപ്റ്റ് വാങ്ങിയിരിക്കും.
7. ഗുണമേന്മയുള്ള നല്ല പ്രവർത്തികൾ ചെയ്യണം
8. മസ്റ്റർ റോളിൽ തിരുത്തൽ വരാൻ പാടില്ല
9. ഏതു തൊഴിൽ വേണമെങ്കിലും ചെയ്യാൻ തയ്യാറാണ്

റിപ്പോർട്ട് എല്ലാവരും അംഗീകരിക്കുകയും ചെറുന്നിയൂർ പഞ്ചായത്ത് പ്രസിഡന്റ് നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

## നന്ദി

വർക്കല ബ്ലോക്ക് ചെറുന്നിയൂർ പഞ്ചായത്തിലെ വാർഡ് 7 ലെ 2018-19 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ചെറുന്നിയൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പു വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മറ്റുമാർ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

# മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

തിരുവനന്തപുരം

വർക്കല ബ്ലോക്ക്

ചെറുന്നിയൂർ പഞ്ചായത്ത്

വാർഡ് -8(ചറെുന്നിയൂ**ർ** )

സംോഷ്യ**ൽ** ഓഡിററ് കാലയളവ് :- 1/10/2018 to 31/03/2019

റിപ്പോർട്ട് തയ്യാറാക്കിയത്

തിരുവന്തപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

അനിൽ സുചിത്ര ചിത്ര VRP, ആർഷ എ എസ് VRP, നന്ദു രാജ് ആർ VRP , സൗമ്യ എസ് ബി VRP, സുഹൈൽ എ എസ് VRP

# ആമുഖം

ദശേീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ല് വിജ്ഞാപനം ചയെ്തു. എങ്കിലും , 2005-ല് പാര്ലമനെ്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫബെ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ല് നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലയേും ഗ്രാമീണ മഖേലകള് ഈ നിയമത്തിന്റെ പരിധിയില് വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവര്ഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴില് ദിനങ്ങള് ആവശ്യാധിഷ്ഠിതമായി പ്രദാനം ചയെ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പട്ടെ പൊതു ആസ്തികളും ദുര്ബല ജനവിഭാഗങ്ങള്ക്കായി ഈടുറ്റതും ഗുണമനേ്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭദേഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദശേീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തില് കൂട്ടി ചര്േക്കുകയും ചയെ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊ**ഴികെ** രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പട്ടെിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം

ചയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളില് വരുത്തുന്ന ഭേദഗതികള് സംസ്ഥാന പദ്ധതിയിലും ഉള്ക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികള്ക്ക് ഒരു കൂട്ടം അവകാശങ്ങള് നല്കുന്നുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവര്ത്തികളും സോഷ്യൽ ഓഡിററിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കര്ഷിക്ക്ന്നു. പദ്ധതി പ്രവര്ത്തനത്തെപ്പററിയും പൊതു ധനം ചെലവഴിക്കുന്നതിനപെററിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിററ്.

**മഹാത്മാ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേര്ക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാര്ഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | ഷെഡ്യൂള് 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | ഷെഡ്യൂള് 1 & ഷെഡ്യൂള് |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | സെഷന് 7,8,9 |

| | | |
|---|---|---|
| 4 | എറ്റടെുക്കണ്േട പ്രവൃത്തികൾ ആസൂത്രണം ചയെ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലങ്കെിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | ഷഡ്യെൂള് 2പാരഗ്രാഫ് 18 & പാരഗ്രാഫ് 20 |
| 6 | കുടിവള്ളെം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടങ്കെിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | ഷഡ്യെൂള്2 പാരഗ്രാഫ് 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | സഷെന്3(2),6, sch 2 ,29,a,b,c,d,e,f .30 |
| 8 | തൊഴിൽ ചയെ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലങ്കെിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | സഷെന് 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചലെവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന | സഷെന് 19, & സഷെന് |

| | | |
|---|---|---|
| | നടത്തുവാനുള്ള അവകാശം. | 17( 2) |

**അവകാശ അധിഷ്ഠിത നീരിക്ഷണങ്ങൾ.**

* ഫയൽ പരിശോധനയിൽ വ്യക്തമായ ഡിമാന്റ് ഫോറം കാണാൻ സാധിച്ചില്ല . അതിനാൽ തൊഴിലിനു അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ആയതിനാൽ തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു അവർ തൊഴിലുറപ്പ് നിയമ പ്രകാരമല്ല തൊഴിൽ ആവശ്യപ്പെട്ടത് എന്ന് മനസിലായി.

* ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.

*തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.

*തൊഴിൽ സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ടെങ്കിലും അവയെല്ലാം തൊഴിലാളികൾ സ്വന്തമായി ക്രമീകരിച്ചിരിക്കുന്നതാണ്.

* ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

*തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.

* തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.

* പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിച്ചതായി അറിയാൻ സാധിച്ചിട്ടില്ല അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന ക്യത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല.

# പൊതുവിവരങ്ങൾ -ചെറുന്നിയൂർ പഞ്ചായത്ത്

| | |
|---|---|
| ജില്ല | തിരുവനന്തപുരം |
| ബ്ളോക്ക് | വർക്കല |
| വിസ്തീർണ്ണം | 10.87ച.കി.മീ. |
| വാർഡുകളുടെ എണ്ണം | 14 |
| ജനസംഖ്യ | 18114 |
| സ്ത്രീ : പുരുഷ അനുപാതം | 97:82 |

Source : Census data 2011

തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ വർക്കല ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശമാണ് ചെറുന്നിയൂർ ഗ്രാമപഞ്ചായത്തു. ഈ പ്രദേശത്തിന്റെ സമ്പത് ഘടനയിലെ നിർണ്ണായക ഘടകം കാർഷിക മേഖല ആയിരുന്നു.ഭൂപ്രകൃതി അനുസരിച് ഈ പ്രദേശത്തെ പാലച്ചിറ പുത്തൻകടവ് നീർത്തടം, അയന്തി ശാസ്താം നട നീർത്തടം, വെന്നികോടെ ചെറുന്നിയൂർ നീർത്തടം എന്നിങ്ങനെ മൂന്നായി തിരികാം.ഈ നീർത്തടങ്ങളിൽ ആകെ 8 തോടുകളും 17കുളങ്ങളും ഒരു കായലും ഒട്ടേറേ നീരുറവകളും ഉണ്ടായിരിന്നു. ചെറു നീരുറവകളുടെ നാട് എന്ന അർത്ഥത്തിൽ ആണ് ചെറുന്നിയൂർ എന്ന നാമം ലഭിച്ചത്.തോടുകളും, കുളങ്ങളും നീരുറവകളും പലതും നിലവിലുള്ളതായിട്ടുണ്ട് അശാസ്ത്രീയമായ വയൽ നികത്തൽ, കുന്നിടിച്ചു നിരപ്പാക്കൽ, കായൽ നികത്തൽ, മണലൂറ്റി എന്നിവ മൂലം ഭൂപ്രകൃതി ആകെ മാറിയിരിക്കുന്നു.വടക്കു പാലച്ചിറ വടശ്ശേരിക്കോണം തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് തെക്കുകിഴക്കും തെക്കുപടിഞ്ഞാറും കോഴി തോട്ടം കായലിലേക്ക് ചരിഞ്ഞു കിടക്കുന്ന ഒരു ഭൂ വിഭാഗമാണ് ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്, ഏകദേശം ഒരു ഉപദ്വീപിന്റെ ആകൃതി ആണെന്ന് പറയാം. വടക്കുപടിഞ്ഞാറൻ പ്രതീക്ഷയുമായ ജയന്തി താരതമ്യനേ ഉയർന്ന ഭാഗവും കിഴക്കൻ പ്രദേശമായ വെള്ളിയാഴ്ചകാവ് കമ്പിക്കകം  എന്നിവ താഴ്ന്ന പ്രദേശങ്ങളും ആണ്  മരക്കടമുക്കുവരെ വ്യാപിച്ചുകിടക്കുന്ന കുന്നും പള്ളിക്കുന്നു പടിഞ്ഞാറ് കല്ലുമലകുന്നും വടക്ക് പാലച്ചിറ യുമാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങൾ. വിസ്തൃതിയിൽ വലുത് കല്ലുമാല കുന്നും ചെറുത് പള്ളിക്കുന്നും ആണ് ഇവിടെ നിന്നും നോക്കിയാൽ പഞ്ചായത്തിൻറെ മനോഹരമായ ദൃശ്യം ലഭിക്കും. ക്രമമായി ചരിഞ്ഞ ഒരു ഭൂപ്രകൃതി അല്ല മറിച്ച് ഉയർന്ന പ്രദേശങ്ങളും വയലുകളും താഴ്ന്ന പ്രദേശങ്ങളും കൂടിക്കലർന്ന കായലോരങ്ങളും അവസാനിക്കുന്ന ഭൗമ ഘടന ഇനം തിരിച്ച് പരിശോധിച്ചാൽ കുന്നിൽ  പ്രദേശവും തീരപ്രദേശവും ഉൾപ്പെടുന്നതാണ് ഈ പഞ്ചായത്ത്.

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

➔ കേരളസോഷ്യൽഓഡിറ്റ്സൊസൈറ്റിതൊഴിലുറപ്പുപദ്ധതി

തിരുവനന്തപുരം ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് 8 ലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

- ★ കഴിഞ്ഞ6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെഫയലുകൾ,വിവരശേഖരണാർത്ഥ MIS എന്നിവ പരിശോധിക്കൽ
- ★ പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
- ★ ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
- ★ തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .
- ★ ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

| S.no | വര്ക്ക് കോഡ് | പ്രവര്ത്തിയുടെ പേര് | പദ്ധതി ആരംഭം | പദ്ധതി അവസാനം | എസ്റ്റിമേറ്റ് തുക | യഥാര്ത്ഥ ചെലവ് | തൊഴില് ദിനങ്ങള് |
|---|---|---|---|---|---|---|---|
| **1** | 1614010002/LD/251237 | സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസനപ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം | **30/10 2018** | **09/12/2018** | 147021 | **140954** | **511** |
| **2** | 1614010002/LD/322203 | സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസനപ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം | **30/10/2018** | **30/12/3018** | 148439 | **142140** | **515** |
| | | | | | | | |
| **3** | 1614010002/IF/368593 | സ്വകാര്യവ്യക്തികളുടെ | **03/12/2018** | **25/01/2019** | 170867 | | **594** |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഭൂമിയിൽ ഭൂവികസനപ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം | | | | | |
| **4** | 1614010002/IF/350049 | സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസനപ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം | **25/01/2019** | **18/03/2019** | 147936 | **147936** | **538** |
| **5** | 1614010002/IF/383173 | സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസനപ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം | **24/01/2019** | **25/02/2019** | 134496 | **64800** | **225** |
| **6** | 1614010002/IF/368590 | സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസനപ്ര | **30/10/2018** | **31/12/2018** | 200100 | **193752** | **705** |

| | | | | | | | |
|---|---|---|---|---|---|---|---|
| | | വർത്തികൾ ഖണ്ഡിക 5 പ്രകാരം | | | | | |
| **7** | 1614010002/IF/385362 | സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസനപ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം | **16/03/2019** | **31/03/2019** | 291996 | **40572** | **147** |
| **8** | 1614010002/IF/336510 | സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസനപ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം | **171842** | **165018** | 23/10/2018 | **24/11/2018** | **598** |

22 ഡോക്യുമെന്റസ്

## 1. **കവർപജ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപജേിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക,

ആകെ ചലെവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രഖേപടുെത്തണ്േടതാണ്. പരിശോധിച്ച 8 ഫൈലുകളിൽ ഒരു പ്രവർത്തിയിൽ പോലും വാർഷിക മാസ്റ്റർ സർക്യൂലർ പ്രകാരമുള്ള കവർ പജേ് കാണാൻ സാധിച്ചില്ല.

## 2. ചെക്ക് ലിസ്റ്റ്

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പജേ് നമ്പറും രഖേപ്പടുെത്തണ്േട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കണ്േടതാണ്. പരിശോധിച്ച 8 ഫൈലുകളിലും വാർഷിക മാസ്റ്റർ സർക്യൂലർ പ്രകാരമുള്ള ചെക്ക് ലിസ്റ്റ് കാണാൻ സാധിച്ചില്ല .

## 3. ആക്ഷൻപ്ലാൻ കോപ്പി

പരിശോധിച്ച 8 ഫയലുകളിൽ ഒരു ഫയലിൽ പോലും വാർഷിക മാസ്റ്റർ സറക്യൂലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കണ്േട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

## 4. എസ്റ്റിമേറ്റ് കോപ്പി

പരിശോധിച്ച 8 ഫയലുകളിലും എസ്റ്റിമേറ്റ് കോപ്പി കാണാൻ സാധിച്ചു.., എസ്റ്റിമേറ്റിന്റെ കോപ്പിയിൽ അക്രഡിക്ടഡ് എഞ്ചിനീയരുടെ ഒപ്പ്, സീല് എന്നിവ ഉണ്ടായിീരുന്നു.

## 5. സാങ്കേതികാനുമതി

പരിശോധിച്ച 8 ഫൈലുകളിലും വാർഷിക മാസ്റ്റർ പ്രകാരം ഉള്ള സാങ്കേതികനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടില്ല . എന്നാൽ, പ്രാദേശികമായിട്ടുള്ള സാങ്കേതികാനുമതി കോപ്പി സൂക്ഷിച്ചിട്ടുണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ കാണാൻ

സാധിച്ചിട്ടുണ്ട്

6. **ഭരണാനുമതി**

പരിശോധിച്ച 8 ഫയലുകളിൽ സാങ്കേതികാനുമതി കോപ്പി സൂക്ഷിച്ചിട്ടില്ല **.**

7.**വർക്ക് അലോക്കഷേൻ ഫോം**

പരിശോധിച്ച 8ഫയലുകളിൽ വർക്ക് അലോക്കഷേൻ ഫോം ഇല്ലായിരുന്നു.

8. **തൊഴിലിനുള്ള അപേക്ഷ**

പരിശോധിച്ച 8 ഫയലുകളിൽ 8 പ്രവർത്തിയിലും വ്യക്തമായ തരത്തിലുള തൊഴിൽ അപേക്ഷ ഉണ്ടായിരുന്നില്ല .

9. **പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം**

പരിശോധിച്ച 8 ഫയലുകളിലും പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നില്ല**.**

10. **മസ്റ്റർ റോൾ**

പരിശോധിച്ച 8 പ്രവർത്തി ഫയലുകളുടെ മസ്റ്റർ റോളുകളിൽ IF/383173 പ്രവർത്തിയിൽ മസ്റ്റർ റോൾ നമ്പർ 21028, 21030 വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു. മസ്റ്റർ റോളുകളിൽ ബി.ഡി.ഓ ,സെക്രട്ടേറി എന്നിവരുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നു . IF/350049 മസ്റ്റർ റോൾനമ്പർ 21315, 21323 വരെ ഉള്ള റോളുകളിൽ വേതനം 270 ആയി കാണിച്ചിരിക്കുന്നു കാരണം വ്യക്തമല്ല. മസ്റ്റർ റോളുകളിൽ ആയുധങ്ങളുടെ വാടക രേഖപ്പെടുത്തിയിട്ടുണ്ട് .

11. **മഷെര്‍മന്െറ് ബുക്ക്**

മഷെര്‍മന്െറ് ബുക്കില്‍ പ്രീ മഷെര്‍മന്െറ് ,എ .എസ് നമ്പര്‍,ടി എസ് നമ്പര്‍ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് .

12. **മറ്െറീരിയല്‍**

8 പ്രവര്‍ത്തികള്‍ ഒന്നും തന്നെ മറ്െറീരിയല്‍ ഉപയോഗിച്ച് ചയെുന്നതല്ല. അതുകൊണ്ടു ബാധകമല്ല.

13. **വജെ്ലിസ്**റ്

പരിശോധിച്ച 8 പ്രവര്‍ത്തിഫയലുകളില്‍ മൂന്നിലും വജേ് ലിസ്റ്റ് ഉള്‍പ്പടെുത്തിയിരുന്നില്ല.

14.**ഫണ്ട് ട്രാന്‍സ്ഫര്‍ ഓര്‍ഡര്‍**

ഇല്ല

15. **മറ്െറീരിയല്‍ വൗച്ചര്‍ ബില്‍**

പരിശോധിച്ച 8 ഫൈലുകള്‍ക്കും മെറ്റീരിയല്‍ വൗച്ചര്‍ ബില്ല് ആവശ്യമില്ല

16. **റോയല്‍**റ്റി

പരിശോധിച്ച 8 ഫയലുകളിലും റോയല്‍റ്റി ബാധകം ആയിരുന്നില്ല

17. **ഫോട്ടോഗ്രാഫ്സ് .**

പരിശോധിച്ച ഒരു ഫയലിലും കാണാന്‍ സാധിച്ചില്ല

## 18. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

## 19. മസ്റ്റർ റോൾ മൂവമേന്റ്

മസ്റ്റർ റോൾ മൂവമേന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു.

## 20. ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്സ്

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

## 21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

## 22. സൈറ്റ് ഡയറി

എല്ലാ ഫയലിലും സൈറ്റ് ഡയറി കാണാൻ സാധിച്ചു . സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , വിജിലൻസ് ആൻഡ് മോണിററിങ് കമ്മിറ്റി റിപ്പോർട് , സന്ദർശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു , തൊഴിൽ ഉപകരണങ്ങളുടെ വാടക, ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രഖേപ്പടുെത്തി കണ്ടില്ല.

# സിറ്റിസൺ ഇൻഫർമഷേൻ ബോർഡ്

ആകയെുള്ള 8പ്രവർത്തികളിൽ 1 പ്രവർത്തിയിൽ മാത്രമാണ് സിറ്റിസൺ ഇൻഫർമഷേൻ ബോർടിന്റെ ബിൽ കാണാൻ സാധിച്ചു.പക്ഷെ പ്രവർത്തി

കഴിഞ്ഞു ഇത്രയും ദിവസം കഴിഞ്ഞിട്ടും സൈറ്റിൽ കാണാൻ സാധിച്ചിട്ടില്ല. പ്രവർത്തി നമ്പർ: IF/383173. 2700 രൂപ CI ബോർഡിന് ചിലവാക്കിയിട്ടുണ്ട്

# കണ്ടെത്തലുകൾ( പ്രവർത്തിയുടെ സന്ദർശനം )

**2 ഗുണഭോക്താക്കൾ ആണ് ഈ പദ്ധതിയിൽ ഉൾപടെട്ടിരിക്കുന്നതു**

**പ്രവർത്തി 1:**

**സ്വകാര്യ വ്യക്തികളുടടെ ഭൂമിയിൽ ഭൂ വികസന പ്രവർത്തികൾ ഖണ്ഡിക 5പ്രകാരം**

**161401002/IF/385362**

- വിന്ധ്യ , പുരയിടത്തിൽ വാഴ കുഴി 7, മഴക്കുഴി 1, അതിരു 50 മീറ്റർ തുടങ്ങിയ പ്രവർത്തികൾ ആണ് ചെയ്തിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ എല്ലാം കണ്ടു.
- പ്രസന്നകുമാരി,പുരയിടത്തിൽ വാഴ കുഴി, മഴക്കുഴി, അതിരു തുടങ്ങിയ പണികൾ ആണ് ചെയ്തിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരമുള്ള ഈ പ്രവർത്തികൾ സൈറ്റിൽ കാണാൻ കഴിഞ്ഞു.
- ശാന്തകുമാരി, പുരയിടത്തിൽ വാഴ കുഴി, മഴക്കുഴി, അതിരു തുടങ്ങിയ പണികൾ ആണ് ചെയ്തിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരമുള്ള ഈ പ്രവർത്തികൾ സൈറ്റിൽ കാണാൻ കഴിഞ്ഞു.
- രാധാമണി, പുരയിടത്തിൽ വാഴ കുഴി, മഴക്കുഴി, അതിരു തുടങ്ങിയ പണികൾ ആണ് ചെയ്തിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരമുള്ള ഈ പ്രവർത്തികൾ സൈറ്റിൽ കാണാൻ കഴിഞ്ഞു

## നിരീക്ഷണം

എസ്റ്റിമേറ്റ് പ്രകാരം ഉള്ള ഭൂ വികസന പ്രവർത്തികളായി അതിരു, മഴക്കുഴി വാഴക്കുഴി തുടങ്ങിയ പ്രവർത്തികൾ ആണ് പറഞ്ഞിരുന്നത്. തൊഴിലാളികൾ അവരുടെ ജോലി വൃത്തി ആയി ചെയ്തിട്ടുണ്ട് എങ്കിലും ഗുണഭോക്താക്കൾ ഈ പ്രവർത്തിയുടെ ഗുണങ്ങൾ ഉപയോഗിക്കാൻ ശ്രമിച്ചതായി കാണാൻ കഴിഞ്ഞില്ല.

**പ്രവർത്തി 2:**

## സ്വകാര്യ വ്യക്തികളുടെ ഭൂ വികസന പ്രവർത്തികൾ

## ഖണ്ഡിക 5 പ്രകാരം

## 161401002/IF/251237

## 3 ഗുണഭോക്താക്കൾ ആണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്.

- ശ്രീകുമാർ , പുരയിടത്തിൽ കാടുവെട്ടൽ , നിരപ്പാക്കൽ , കിളയ്ക്കൽ , അതിരു ആണ് പറഞ്ഞിരിക്കുന്നത്.അത് സൈറ്റിൽ കാണാൻ സാധിച്ചു .
- ഉഷ, പുരയിടത്തിൽ കാടുവെട്ടൽ , നിരപ്പാക്കൽ , കിളയ്ക്കൽ , അതിരു ആണ് പറഞ്ഞിരിക്കുന്നത്.അത് സൈറ്റിൽ കാണാൻ സാധിച്ചു
- കൃഷ്ണൻനായർ, പുരയിടത്തിൽ കാടുവെട്ടൽ , നിരപ്പാക്കൽ , കിളയ്ക്കൽ , അതിരു ആണ് പറഞ്ഞിരിക്കുന്നത്.അത് സൈറ്റിൽ കാണാൻ സാധിച്ചു.

**നിരീക്ഷണം**

ഭൂവികസന പ്രവർത്തികൾ ആയ കാട് വെട്ടൽ, നിരത്തി കിളയിൽ, അതിരു നിർമ്മാണം തുടങ്ങിയ പ്രവർത്തികളെല്ലാം എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നത് പോലെ തന്നെ തൊഴിലാളികൾ ചെയ്തിട്ടുണ്ട് പക്ഷേ ഗുണഭോക്താക്കൾ നല്ല രീതിയിൽ ഉപയോഗിച്ചിട്ടില്ല പല

പ്രദശേങ്ങളും കാടുകയറിയ നിലയിലായിരുന്നു.

**പ്രവർത്തി 3:**

**സ്വകാര്യ വ്യക്തികളുടെ ഭൂ വികസന പ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം 1614010002/LD/322203**

**2 ഗുണഭോകതാവിന്റെ പുരയിടം ആണ് ഈ പദ്ധതിയിൽ ഉൾപ്പടെുത്തിയിരിക്കുന്നത്**

പുഷ്പകുമാരി

പാട്ടക്കൃഷിയാണ് പുഷ്പകുമാരിയുടെ പുരയിടത്തിൽ ചെയ്തതു.അതിൽ പച്ചക്കറി, കപ്പ, വാഴക്കൃഷി ആണ് അധികം ഉള്ളത്. കൂടാതെ പച്ചമുളക്, ചനേ, ചമേ്പ് തുടങ്ങിയ വിളകളും ഉണ്ടായിരുന്നു. 1 ഏക്കർ 60 സന്റെ് പുരയിടത്തിൽ CI ബോർഡ് ഇല്ലായിരുന്നു.

- ശലൈമാണി, പുരയിടത്തിൽ തണ്ടെിൻതടം, വാഴക്കുഴി - 50, തണ്ടെിൻകുഴി- 10 തുടങ്ങിയവ ഉണ്ടായിരുന്നു.

**നിരീക്ഷണം**

ഈ പദ്ധതിയിലെ എസ്റ്റിമറേറിൽ ഉൾപ്പടെ്ടിരിക്കുന്ന എല്ലാ പ്രവർത്തികളും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളും ഈ പ്രവർത്തികളിൽ നിന്ന് ഗുണങ്ങൾ എടുക്കുന്നുണ്ട്.

**പ്രവർത്തി 4:**

**സ്വകാര്യ വ്യക്തികളുടെ ഭൂ വികസന പ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം**

**1614010002/IF/368593**

**8 ഗുണഭോക്താവിന്റെ പുരയിടം ആണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്**

- **ശ്രീദേവി അമ്മയുടെ പുരയിടത്തിൽ 15 തെങ്ങിൻ തടം, 15 വാഴക്കുഴി, 3 തെങ്ങിൻ കുഴി , ഒരു വേസ്റ്റ് കൂടി എന്നിവ കാണാൻ സാധിച്ചു.എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ തൊഴിലാളികൾ ഈ പുരയിടത്തിൽ ചെയ്തിട്ടുണ്ട്.**
- **ലീല ഭായി അമ്മ പുരയിടത്തിൽ 6 തെങ്ങിൻ തടം, 5 വാഴ കുഴി, ഒരു വേസ്റ്റ് കുഴി, കാണാൻ സാധിച്ചു. എസ്റ്റിമേറ്റ് പറഞ്ഞിട്ടുള്ള മഴക്കുഴി 1 കണ്ടിട്ടില്ല**
- **സുഗതകുമാരിയുടെ പുരയിടത്തിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള 2 തെങ്ങിൻ തടം, 5 വാഴകുഴി, 4 തെങ്ങിൻകുഴി, ഒരു വേസ്റ്റ്കുഴി, ഒരു മഴക്കുഴി, 27 മീറ്റർ അതിരു എല്ലാം കണ്ടെത്തി**
- **സരോജിനി അമ്മയുടെ പുരയിടത്തിൽ രണ്ട് തെങ്ങിൻ തടം, 5 വാഴ ക്കുഴി, 2 തെങ്ങും കുഴി, ഒരു വേസ്റ്റ് കുഴി, ഒരു മഴക്കുഴി, തുടങ്ങിയവ കണ്ടെത്തി.**
- **മേബിളിന്റെ പുരയിടത്തിൽ 15 തെങ്ങിൻ തടം, പന്ത്രണ്ടെണ്ണം മാത്രം കണ്ടു 15 വാഴക്കുഴി അത് 15 എണ്ണത്തിലും വാഴ നട്ടിരുന്നു.ഒരു തെങ്ങിൻ കുഴി നികത്തിയ നിലയിലായിരുന്നു**
- **ശ്രീകുമാരിയുടെ പുരയിടത്തിൽ അഞ്ചു തെങ്ങിൻ കുഴി, വാഴ കുഴി 12, ഒരു മഴക്കുഴി, ഒരു വേസ്റ്റ് കുഴി ഉണ്ടായിരുന്നു.**
- **വസന്തകുമാരിയുടെ പുരയിടത്തിൽ അഞ്ചുതെങ്ങ് കുഴി, 5 വാഴക്കുഴ, ഒരു മഴക്കുഴി, ഒരു വേസ്റ്റ് കുഴി എന്നിവയുണ്ടായിരുന്നു.**
- **ഭവാനിയമ്മയുടെ പുരയിടത്തിലും 5 തെങ്ങിൻകുഴി, ഒരു മഴക്കുഴി, 1 വേസ്റ്റ് കുഴി, 12 വാഴകുഴി ഉണ്ടായിരുന്നു.ഭവാനിയമ്മയുടെ**

**പുരയിടത്തിൽ 15 വഴക്കുഴിയിൽ 12 എണ്ണം മാത്രമാണ് കണ്ടത്.**

## നിരീക്ഷണം

ഈ പദ്ധതിയിലെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ പ്രവർത്തികളും ചെയ്തിട്ടുണ്ട്. ഗുണഭോക്താകൾക്ക് ഈ പ്രവർത്തികളിൽ നിന്ന് ഗുണങ്ങൾ ലഭിക്കുന്നുണ്ട് അവർ നന്നായി ഉപയോഗിക്കുന്നുണ്ട് .

**പ്രവർത്തി 5:**

**സ്വകാര്യ വ്യക്തികളുടെ ഭൂ വികസന പ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം 1614010002/IF/368590**

**3 ഗുണഭോകതാവിന്റെ പുരയിടം ആണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്**

- ➔ സൂര്യ കലയുടെ പുരയിടത്തിൽ അതിര്, തെങ്ങിൻതടം 30, വാഴകുഴി 20 എന്നിവ കണ്ടെത്തി.അതിരു ഒരു ഭാഗത്ത് നശിച്ച നിലയിലായിരുന്നു.
- ➔ രമാഭായിയുടെ പുരയിടത്തിൽ 40 തെങ്ങിൻ തടം പലതും ശരിയായ നിലയിൽ അല്ലായിരുന്നു. അതിരു ഉണ്ടായിരുന്നു. വാഴകൾ 20 എണ്ണം അതിൽ അഞ്ച് എണ്ണത്തിൽ വാഴ ഇല്ലാതെ പുല്ലു പിടിച്ചു കിടക്കുന്നതായി കണ്ടു
- ➔ കുഞ്ഞിലക്ഷ്മി അമ്മയുടെ പുരയിടത്തിൽ 15 തെങ്ങിൻ തടം, 20 വാഴ കുഴി യാണ് എസ്റ്റിമേറ്റ് പ്രകാരം ഉണ്ടായിരുന്നത് പ്രവർത്തി അതുപോലെ തന്നെ കാണാൻ സാധിച്ചു.

## നിരീക്ഷണങ്ങൾ

വാഴക്കുഴികളിൽ പലതിലും ഗുണഭോക്താക്കൾ വാഴനാട്ടിട്ടില്ല.പലകുഴികളും വേസ്റ്റ് മൂടി കിടക്കുന്നു**.**

**പ്രവർത്തി 6:**

**സ്വകാര്യ വ്യക്തികളുടെ ഭൂ വികസന പ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം**

**1614010002/IF/383173**

**3 ഗുണഭോകതാവിന്റെ പുരയിടം ആണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്**

- ★ ശ്യാമള, ശ്യാമളാലയം, പുരയിടത്തിൽ ഒരു വേസ്റ്റ് കുഴി, ഒരു മഴക്കുഴി, 20 വാഴകുഴി, 5 തെങ്ങിൻ തടം, വാഴ, പച്ചക്കറികൾ, കൃഷിഭൂമിയിൽ ഉണ്ടായിരുന്നു,. തൊഴിലാളികൾ ചെയ്ത പ്രവർത്തികൾ ഗുണഭോക്താക്കൾ ഏറ്റെടുത്തു ചെയ്യുന്നുണ്ട്.
- ★ സരള, എസ് എച് സധനം, പുരയിടത്തിൽ 20 മഴക്കുഴി, 10 തെങ്ങിൻ തടം, വാഴ, ചേമ്പ് മഞ്ഞൾ ഇവയെല്ലാം കണ്ടു നല്ല രീതിയിൽ വൃത്തിയായി കൃഷി ചെയ്യുന്നു.
- ★ നളിനാക്ഷി, കുഴിവിള വീട്, 20 വാഴ കുഴി, 6 തെങ്ങിൻ തടം, തുടങ്ങിയവ സൈറ്റിൽ കണ്ടിരുന്നു. ഇതെല്ലാം നല്ല രീതിയിൽ ഉപയോഗിച്ചു പോന്നു.

## നിരീക്ഷണം

- ഈ പദ്ധതിയിലെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ പ്രവർത്തികളും ചെയ്തിട്ടുണ്ട്. ഗുണഭോക്താകൾക്ക് ഈ പ്രവർത്തികളിൽ നിന്ന് ഗുണങ്ങൾ ലഭിക്കുന്നുണ്ട് അവർ നന്നായി ഉപയോഗിക്കുന്നുണ്ട് .
- ഈ പ്രവർത്തിയിൽ സിഐ ബോർഡിന് 2700 രൂപ

അനുവദിച്ചുണ്ട് പക്ഷേ അത് സൈറ്റിൽ കണ്ടിട്ടില്ല. ഒരു പ്രവർത്തി തുടങ്ങുമ്പോൾ തന്നെ CI ബോർഡ് ചെയ്ത് വെച്ചിരിക്കണം.പ്രവർത്തി അവസാനിച്ചു മാസം കഴിഞ്ഞിട്ടും CI ബോർഡ് വെച്ചിട്ടില്ല.

## പ്രവർത്തി 7:

## സ്വകാര്യ വ്യക്തികളുടെ ഭൂ വികസന പ്രവർത്തികൾ

**ഖണ്ഡിക 5 പ്രകാരം**

**1614010002/IF/350049**

**5 ഗുണഭോകതാവിന്റെ പുരയിടം ആണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്**

2. സരസ്വതി, മുല്ലശ്ശേരി, പുരയിടത്തിൽ മഴക്കുഴി, തെങ്ങിൻ തടം, വേസ്റ്റ് കുഴി എന്നിവ കണ്ടെത്തി.
3. സുഷമ, പുന്നവിള വീട്, പുരയിടത്തിൽ 20 തെങ്ങിൻ തടം, 10 വാഴ കുഴി, ഒരു മഴക്കുഴി ആണ് എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നത്. പക്ഷേ ആ പുരയിടം കാണാൻ പറ്റിയില്ല കാരണം അത് വിറ്റുപോയി എന്ന് മേറ്റ് സൂചിപ്പിച്ചു.
4. സുകശേിനി, വിശ്വഭവൻ, 12 തെങ്ങിൻ തടം, 10 വാഴ കുഴി, ഒരു വേസ്റ്റ് കുഴി, ഒരു മഴക്കുഴി എന്നിവയാണ് എസ്റ്റിമേറ്റ് പ്രകാരം.പക്ഷേ ഇതൊന്നും സൈറ്റിൽ കാണാൻ പറ്റില്ല കാരണം അവിടെ ഇപ്പോൾ കാറ്ററിംഗ് സർവീസ് നടത്തുന്നു.
5. അംബുജാക്ഷി അമ്മ, പുരയിടത്തിൽ 35 തെങ്ങിൻ തടം 20 മഴക്കുഴി ഒരു വേസ്റ്റ് കുഴി ഒരു മഴക്കുഴി ഇവയെല്ലാം സൈറ്റിൽ ഉണ്ടായിരുന്നു.

5. ഭദ്രാദവേി, മുല്ലശ്ശരേി, പുരയിടത്തിൽ തങ്ങെിൻ തടം, തങ്ങെിൻകുഴി, വാഴക്കുഴി തുടങ്ങിയവ കണ്ടു.

## നിരീക്ഷണം

ഈ പദ്ധതിയിലെ എസ്റ്റിമറ്റേിൽ ഉൾപ്പടെട്ടിരിക്കുന്ന എല്ലാ പ്രവർത്തികളും ചയെ്തിട്ടുണ്ട്. ഗുണഭോക്താകൾക്ക് ഈ പ്രവർത്തികളിൽ നിന്ന് ഗുണങ്ങൾ ലഭിക്കുന്നുണ്ട് അവർ നന്നായി ഉപയോഗിക്കുന്നുണ്ട് .

## പ്രവർത്തി 8:

## സ്വകാര്യ വ്യക്തികളുടെ ഭൂ വികസന പ്രവർത്തികൾ

**ഖണ്ഡിക 5 പ്രകാരം**

**1614010002/IF/336510**

**5 ഗുണഭോകതാവിന്റെ പുരയിടം ആണ് ഈ പദ്ധതിയിൽ ഉൾപ്പടെുത്തിയിരിക്കുന്നത്**

2. **സതീദവേിയുടെ പുരയിടത്തിൽ ഏഴ് തങ്ങെിൻ തടം, 5 വാഴ കുഴി, 2 തങ്ങെിൻ കുഴി, ഒരു വസേ്റ്റ് കുഴി, ഒരു മഴക്കുഴി എന്നിവയാണ്** എസ്റ്റിമറ്റേ് പ്രകാരം പറഞ്ഞിട്ടുള്ളത്. മഴക്കുഴി വസേ്റ്റ് കുഴിയ്കും പകരം അതിരു പിടിക്കുകയാണ് ചയെ്തിരുന്നത്.
3. സതേു കുട്ടി അമ്മയുടെ പുരയിടത്തിൽ തങ്ങെിൻ തടം 18, വാഴ കുഴി 2, വസേ്റ്റ് കുഴി 1, മഴക്കുഴി 1, വാഴക്കുഴി എടുത്തിട്ടുണ്ട് ചമേ്പാണ് നട്ടിരിക്കുന്നു എന്ന് മാത്രം. മഴക്കുഴി നികന്ന നിലയിലായിരുന്നു. തങ്ങെിൻ തടം 18 എണ്ണത്തിൽ അതിൽ എട്ടണ്ണെം നശിച്ചു. എസ്റ്റിമറ്റേ് പ്രകാരം അതിരു ഇല്ല.പക്ഷെ അതിരു എടുത്തിട്ടുണ്ട്.
4. ഷനൈ് ജോസഫ്, പുരയിടത്തിൽ 6 തങ്ങെിൻ തടം, 5 വാഴ കുഴി, ഒരു വസേ്റ്റ്

കുഴി, 2 തൈങ്ങിൻ കുഴി, ഒരു മഴക്കുഴി എന്നിവയാണ് എസ്റ്റിമേറ്റ് പ്രകാരം പറഞ്ഞിരിക്കുന്നത് എങ്കിൽ മഴക്കുഴി നികന്ന നിലയിലായിരുന്നു. 5 വാഴ കുഴി കണ്ടു തൈങ്ങിൻകുഴി, വസ്റ്റ് കുഴി തുടങ്ങിയവ ചെയ്തിട്ടില്ല പകരം അതിരു എടുത്തിട്ടുണ്ട്.

5. ഷീബ പുരയിടത്തിൽ ഏഴ് തൈങ്ങിൻ തടം, നാല് വാഴ കുഴി, നാല് തൈങ്ങിൻ കുഴി, ഒരു വസ്റ്റ് കുഴി, ഒരു മഴക്കുഴി ഇവയല്ലൊമാണ് എസ്റ്റിമേറ്റ് പ്രകാരം ഇതല്ലൊം പുരയിടത്തിൽ കണ്ടിട്ടുണ്ട്
6. റീന പുരയിടത്തിൽ 15 തൈങ്ങിൻ തടം, 5 വാഴ കുഴി, 2 തൈങ്ങിൻ കുഴി, ഒരു വസ്റ്റ് കുഴി, 12 മഴക്കുഴി തുടങ്ങിയവയാണ് എസ്റ്റിമേറ്റ് പ്രകാരം വസ്റ്റ് കുഴി വസ്റ്റ് ഇടാതെ മാറ്റിയിരിക്കുന്നു അതിരു പിടിച്ചിട്ടുണ്ട്.

## നിരീക്ഷണം

എസ്റ്റിമേറ്റ് പ്രകാരം ഉള്ള ഭൂ വികസന പ്രവർത്തികളായി അതിരു, മഴക്കുഴി വാഴക്കുഴി തുടങ്ങിയ പ്രവർത്തികൾ ആണ് പറഞ്ഞിരുന്നത്. തൊഴിലാളികൾ അവരുടെ ജോലി വൃത്തി ആയി ചെയ്തിട്ടുണ്ട് എങ്കിലും ഗുണഭോക്താക്കൾ ഈ പ്രവർത്തിയുടെ ഗുണങ്ങൾ ഉപയോഗിക്കാൻ ശ്രമിച്ചതായി കാണാൻ കഴിഞ്ഞില്ല.

## പൊതുനിരീക്ഷണങ്ങൾ

- തൊഴിലാളികൾ ഫ്രണ്ട് ഓഫീസ് മുഖനേ അപേക്ഷ നൽകുകയോ കൈപ്പറ്റ് രസീത് വാങ്ങിക്കുകയും ചെയ്യുന്നില്ല.
- തൊഴിലാളികൾക്കു വേതനം സമയത്തിന് ലഭിക്കുന്നില്ല ഒരുപാടു

താമസിച്ചാണ് വതേനം ലഭിക്കുന്നത്.

- ജോേലിയുടെ സമയക്രമത്തില്‍ മാറ്റം വരുത്താന്‍ എല്ലാ വാര്‍ഡിലയെും തൊഴിലാളികള്‍ ഒരുപോേലെ ആവശ്യമടുെന്നു 9 am മുതല്‍ 4:30 വരെ.
- വര്‍ക്ക് ഫയലില്‍ ഉള്‍പ്പടുെത്തണേ്ട 22 ഇനം ഡോേക്യുമന്െറുകള്‍ എല്ലാം തന്നെ ഫയലില്‍ ഉള്‍പടുെത്തുന്നില്ല.
- എസ്റ്റിമറേ്റ് ജനകിയ ഭാഷയില്‍ എഴുതുന്നില്ല
- ഓരോേ പ്രവൃത്തിയുടയെും ഉദ്ദശേ്യലക്ഷ്യം ഗുണഭോേക്താക്കളെ പറഞ്ഞു ബോേധ്യപടുെത്തുന്നില്ല.
- മസ്റ്റര്‍റോേള്‍ തിരുത്തലുണ്ട്.
- എസ്റ്റിമറേ്റില്‍ പറഞ്ഞിരിക്കുന്ന പ്രവര്‍ത്തിയ്ക് പുറമെ ഗുണഭോേക്താക്കള്‍ പറയുന്ന പ്രവര്‍ത്തികള്‍ കൂടി ചയെ്യണേ്ടി വരുന്നു.
- തൊഴില്‍ സ്ഥലത്തു അപകടം സംഭവിച്ചു കഴിഞ്ഞാല്‍ ഉണ്ടാകുന്ന ആശുപത്രി ചിലവുകളും മറ്റിനുമുള്ള ബില്ലുകള്‍ തൊഴിലാളികള്‍ പഞ്ചായത്തില്‍ ഏല്പിക്കുന്നില്ല. അങ്ങനെ ചയെ്താല്‍ അവര്‍ക് ചിലവായ തുക തിരികകിെട്ടുമന്െനുള്ള അറിവില്ലായ്മ ആണ് ഇതിനുള്ള കാരണം.
- തൊഴിലാളികള്‍ അവരുടെ ജോേലി കൃത്യമായി ചയെ്യുന്നുണ്ടങ്െകിലും ഗുണഭോേക്താക്കള്‍ ഉപയോേഗിക്കുന്നില്ല.
- പഞ്ചായത്തില്‍ മറ്െറീരിയല്‍ പ്രവര്‍ത്തികള്‍ വളരെ കുറവാണു തീരെ ഇല്ലന്െനു തന്നെ പറയാം.

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്, തുക വിനിയോഗം, തൊഴിലാളികളുടെ അവകാശങ്ങൾ എന്നിവയുമായി ബന്ധപെട്ടു ചെറുന്നിയൂർ പഞ്ചായത്തിലെ 14 വാർഡുകളിലും നടത്തപ്പെട്ട സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനും അംഗീകരിക്കുന്നതിനുമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 17 -)o വകുപ്പ് പ്രകാരം 6/11/2019 പഞ്ചായത്തു ഓഫീസിൽ നടത്തിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ ചർച്ചയുടെ വിവരങ്ങളും തീരുമാനങ്ങളും

**അജണ്ട**

- സ്വാഗതം
- അദ്ധ്യക്ഷനെ തിരഞ്ഞെടുക്കൽ
- റിപ്പോർട്ട് അവതരണം
- ചർച്ചയും ക്രോഡീകരണവും
- നന്ദി

BRP ബിന്ദു സ്വാഗതം പറഞ്ഞു കൊണ്ട് ഗ്രാമസഭ തുടങ്ങി. ആദ്യമായി അധ്യക്ഷനെ തിരഞ്ഞെടുത്തു.(100 തൊഴിൽ നേടിയ തൊഴിലാളി)

ഭരണഘടനാ പ്രതിജ്ഞ vrp അനിൽ സുചിത്ര ചിത്ര പറഞ്ഞു കൊടുത്തു.

തൊഴിലാളികളുടെ പത്തു അവകാശങ്ങളെ പറ്റി vrp സൗമ്യ എസ് ബി വിശദമാക്കി കൊടുത്തു.

അതിനു ശേഷം റിപ്പോർട്ട് അവതരണം vrp അനിൽ സുചിത്ര ചിത്ര റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ചർച്ച തുടങ്ങി, തൊഴിലാളികളുടെ ആവശ്യങ്ങളും പരാതികളും ചുവടെ ചേർക്കുന്നു:

- ജോലി സമയം 5:00 pm നിന്നു 4:00 ആക്കണം
- ജോലി ചെയ്ത കൂലി സമയത്തു കിട്ടുന്നില്ല. വേതനം കിട്ടുന്നതിൽ താമസം ഉണ്ടാകുന്നതു വളരെ ബുദ്ധിമുട്ടായി തൊഴിലാളികൾ പറയുന്നു
- മേറ്റ്മാർ തമ്മിൽ ചെറിയ തോതിൽ വാക്കുതർക്കമുണ്ടായി. ഒരു മേറ്റ് പ്രായമുള്ളതിനാൽ തൊഴിലാളികൾ അവരെ ഒരിടത്തു ഇരുത്തുമെന്നും അവർ ചെയ്യണ്ട തൊഴിലാളികൾ ജോലിചെയ്തു കൊള്ളാം അവർ ചെയ്തില്ലെങ്കിലും സാരമില്ലന്നും പകരം അവർക് ജോലി ചെയ്യാതെ മസ്റ്റർ റോളിൽ ഒപ്പിടാൻ മറ്റുള്ളവർ അനുവദിക്കുന്നുണ്ടെന്നും എന്നാൽ അടുത്ത ഗ്രൂപ്പിലെ മേറ്റ് പ്രവർത്തി ചെയ്യുന്നത് മൂലം എല്ലാവരും ഒരുപോലെ ജോലി ചെയ്തേ പറ്റു എന്നായിരുന്നു തർക്കം.
- തണലിനുള്ള സൗകര്യങ്ങൾ, പ്രാഥമിക ശുശ്രുഷ കിറ്റ്,തുടങ്ങിയവ സ്വന്തമായി വാങ്ങിക്കുകയാണ്
- ഫ്രണ്ട് ഓഫീസ് വഴിയല്ല തൊഴിലിനുള്ള അപേക്ഷ നൽകുന്നത്, കൈപറ്റു റെസിപ്റ് വാങ്ങാറില്ല.
- രണ്ടു ഗ്രൂപ്പ് ആയി മാറണം ഒറ്റ ഗ്രൂപ്പ് ആയി പ്രവർത്തി ചെയ്യാൻ ബുദ്ധിമുട്ടാണ്.

**മറുപടി**

  - സമയം മാറ്റം സോഷ്യൽ ഓഡിറ്റിന്റെ പരിധിയിൽ നികുന്നതല്ല. റിപ്പോർട്ടിൽ പരാമർശിക്കാമെന്നു വി ആർ പിമാർ ഉറപ്പുനൽകി

- വർഷാവസാനം ആകുമ്പോൾ ഫണ്ടിൽ ഉണ്ടാകുന്ന കേന്ദ്രത്തിന്റെ ഫണ്ടിൽ ഉണ്ടാകുന്ന കുറവും വേധനം ബാങ്കുവഴി ലഭ്യമാക്കുന്നതിലുണ്ടാകുന്ന തടസ്സമാണ് കൂടുതലും എന്ന് വി ആർ പി

അനിൽ സുചിത്ര ചിത്ര മറുപടി നൽകി.വധേനത്തിൻറെ കാലതാമസം പരിഹരിക്കാൻ സോഷ്യൽ ഓഡിററ് റിപ്പോർട്ടിൽ പരാമർശിക്കുമെന്നു വി ആർ പിമാർ ഉറപ്പുനൽകി.

- ആസ്തിയുള്ള പ്രവർത്തനങ്ങളിൽ കക്കൂസ്, കിണർ ഇല്ലാത്തവർക് വ്യക്തിഗത അപേക്ഷ നൽകാമെന്നും, കോഴിക്കൂട്, കന്നുകാലികൾക്കുള്ള ഷെഡ്, തൊഴുത്തു തുടങ്ങിയ പ്രവർത്തികൾ ചെയ്യാമെന്നും, നല്ല ബണ്ടുകൾ, മഴക്കുഴികൾ, കംപോസ്ററുകുഴികൾ, അതിരുകൾ, തുടങ്ങിയവ ചെയ്യാമെന്നും brp തൊഴിലാളികൾക്കു വിവരിച്ചു.
    - ടാർപോളിൻ, പ്രാഥമികശുശ്രുഷ കിററ്, ബൂട്സ് തുടങ്ങിയവ അഡ്മിൻ ഫണ്ട് ലഭിക്കാത്തതൊണ്ടാണ് തരാത്തതെന്നും ads അക്കൗണ്ടിൽ കുറച്ചു ഫണ്ട് ഉണ്ടെന്നും അതിൽ നിന്നു എടുത്തു ഈ വക സാധനങ്ങൾ വാങ്ങികൊടുക്കാമെന്നും AE മറുപടി പറഞ്ഞു.
- ഒററ ഗ്രൂപ്പ് ആയെ പ്രവൃത്തി നടത്താൻ പററുള്ളൂ.കാരണം തൊഴിലാളികൾ കുറവാണു.

6. എല്ലാരും നിർബന്ധമായി ജോലി ചെയ്തേ പററു.ആർക്കും ജോലി ചെയ്യാതെ മസ്ററർ റോളിൽ ഒപ്പിടാൻ അവകാശമില്ല.

**തീരുമാനങ്ങൾ**

1. ആസ്തിയുള്ള പ്രവർത്തികൾ ചെയ്യാൻ സന്നദ്ധരാണ്
2. ടാർപോളിൻ, പ്രാഥമിക ശുശ്രുഷ കിററ് തുടങ്ങിയ ആവശ്യവസ്തുക്കൾ ads അക്കൗണ്ടിൽ നിന്നു കൊടുകാം
3. കാടുവെട്ടൽ, നിറത്തികിളയ്ക്കൽ തുടങ്ങിയവയ്ക് വേതനം കുറവായിരിക്കും
4. നല്ല അതിരു, ബണ്ടുകൾ നിലനിൽക്കുന്ന രീതിയിൽ കെട്ടണം.

5. ഫ്രണ്ട് ഓഫീസ് വഴി മാത്രമേ തൊഴിലിനുള്ള അപേക്ഷ നൽകാനും നൽകിയാൽ കൈപ്പറ്റു രസീപ്റ്റ് വാങ്ങിക്കുകയും വേണം.
6. എല്ലാരും നിര്ബന്ധമായി ജോലി ചെയ്തേ പറ്റു.ആർക്കും ജോലി ചെയ്യാതെ മസ്റ്റർ റോളിൽ ഒപ്പിടാൻ അവകാശമില്ല.

## നന്ദി

വർക്കല ബ്ലോക്ക് ചെറുന്നിയൂർ പഞ്ചായത്തിലെ വാർഡ് 8 ലെ 2018-19 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ചെറുന്നിയൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പു വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മറ്റുമാർ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

.

***മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതി***

***സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്***

# തിരുവനന്തപുരം

**വർക്കല ബ്ലോക്ക്**

**ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത്**

**വാർഡ്- 9,ചാക്കപൊയ്ക**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 01/10/2018 to 31/3/2019**

## റിപ്പോർട്ട് തയാറാക്കിയത്

## തിരുവനന്തപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

## സ്വപ്ന എ എസ്, സൗമ്യ ആർ

# ഭരണഘടനാ പ്രതിജ്ഞ

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനുംഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവുംസാമ്പത്തികവും രാഷ്ട്രീയവുമായ

നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,

സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തന്റെ  ഐക്യവും അഖണ്ഡതയും

ഉറപ്പുവരുത്തുന്ന സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബർ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു.

ഇന്ന് 2019 നവംബർ 6 ആം  തീയതി ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ  കൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കാളികളായ ഞങ്ങൾ

ഭരണഘടനാ മൂല്യങ്ങൾ നടപ്പിലാക്കുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്യുന്നു.

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 -ൽ വിജ്ഞാപനം ചെയ്തെങ്കിലും 2005ൽ പാർലമെൻറ് പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2006 ഫെബ്രുവരി രണ്ടിന് രാജ്യത്ത് തുടക്കംകുറിച്ചു. മൂന്ന് ഘട്ടങ്ങളായി 2008ൽ നമ്മുടെ രാജ്യത്തെ എല്ലാ ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു. ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യ അധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജന വിഭാഗങ്ങൾക്കായി ഈടുറ്റതും, ഗുണമേന്മയുള്ളതും

ഉൽപാദനക്ഷമത ഉള്ള ഉപജീവന ആസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. മഹാത്മാഗാന്ധി എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് അനുപൂരകമായി ജമ്മു-കാശ്മീർ ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് പത്ത് അവകാശങ്ങൾ ഉറപ്പു നൽകുന്നുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കണെ മെന്ന് നിയമത്തിലെ 17- വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചിലവഴിക്കുന്നതിനെ പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ

പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു

1. തൊഴിൽ കാർഡിന് അപേക്ഷിക്കാൻ ഉം 15 ദിവസത്തിനകം ലഭിക്കുവാനും ഉള്ള അവകാശം

2. തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽ ലഭിക്കാനുള്ള അവകാശം

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം

4. ഏറ്റെടുക്കേണ്ട പ്രവർത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം

5. താമസസ്ഥലത്തിന് 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനും ഉള്ള അവകാശം

6. കുടിവെള്ളം തണൽ പ്രാഥമിക ശുശ്രൂഷ കിറ്റ് തൊഴിലാളികളോട് ഒപ്പം അഞ്ചു വയസ്സിനു താഴെയുള്ള അഞ്ചു കുട്ടികൾ പ്രവർത്തി സ്ഥലത്ത് വന്നിട്ടുണ്ട് എങ്കിൽ അവരെ നോക്കാനായി ആയ,

ഇതിനായുള്ള അവകാശം

7. 15 ദിവസത്തിനുള്ളിൽ വേതനം  ലഭിക്കുന്നതിനുള്ള അവകാശം

8. കൂലി ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ നഷ്ടപരിഹാരം കിട്ടുന്നതിനുള്ള അവകാശം

9. പരാതികളിൽ സമയബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിനുള്ള അവകാശം

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

# പൊതുവിവരങ്ങൾ ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

ജില്ല : തിരുവനന്തപുരം

ബ്ലോക്ക് : വർക്കല

പഞ്ചായത്ത് : ചെറുന്നിയൂർ

വിസ്തീർണ്ണം : 10.87 ച. കി

വാർഡുകളുടെ എണ്ണം :14

ജനസംഖ്യ :18114 (2011 ലെ സെൻസസ് പ്രകാരം)

സ്ത്രീ പുരുഷ അനുപാതം :97:82

പട്ടികജാതി : 4449

പ്രസിഡന്റ് :നവപ്രകാശ്. എൻ

സെക്രട്ടറി :സിന്ധു ആർ.എസ്

വാർഡ് :ചാക്കപൊയ്ക

വാർഡ്മെമ്പർ:ലതസേനൻ

പ്രധാന തൊഴിൽ :കൃഷിയും അനുബന്ധ മേഖലകളും

രജിസ്‌ട്രേഡ് വർക്കേഴ്സ് : 4103

സജീവ തൊഴിലാളികൾ : 1346

100 ജോലി തികഞ്ഞവർ :470

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

തിരുവനന്തപുരം ജില്ല

വർക്കല ബ്ലോക്ക്

ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത്

വാർഡ് :9 ചാക്കപൊയ്ക

1)പ്രവർത്തിയുടെ പേര് :സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തനങ്ങൾ (വിഭാഗം ബി ഖണ്ഡിക 5 പ്രകാരം )

പ്രവർത്തിയുടെ കോഡ് :1614010002/ IF/385384

അടങ്കൽ തുക :291971

ചിലവായ തുക :127236

പ്രവർത്തി ആരംഭിച്ച തീയതി  :22/02/2019

പ്രവൃത്തി പൂർത്തീകരിച്ച തീയതി :   23/03/2019

ആകെ തൊഴിൽദിനങ്ങൾ : 461

മസ്റ്റർ റോളുകളുടെ എണ്ണം  : 5

മേറ്റ് :ലളിത

2)പ്രവർത്തിയുടെ പേര് : സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ ( ഖണ്ഡിക 5 പ്രകാരം)

പ്രവർത്തിയുടെ കോഡ് :1614010002/IF/336527

അടങ്കൽ തുക : 140034

ചിലവായ തുക :135840

പ്രവൃത്തി ആരംഭിച്ച തീയതി :17/12/2018

പ്രവർത്തി അവസാനിച്ച തീയതി :  19/01/2019

ആകെ തൊഴിൽദിനങ്ങൾ : 493

മസ്റ്റർ റോളുകളുടെ എണ്ണം : 5

മേറ്റ്  :ലളിത

3)പ്രവർത്തിയുടെ പേര്  : സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ ( ഖണ്ഡിക 5 പ്രകാരം)

പ്രവർത്തിയുടെ കോഡ് :1614010002/IF/372036

അടങ്കൽ തുക : 226171

ചിലവായ തുക :221628

പ്രവൃത്തി ആരംഭിച്ച തീയതി :10/12/2018

പ്രവർത്തി അവസാനിച്ച തീയതി : 28/02/2019

ആകെ തൊഴിൽദിനങ്ങൾ : 803

മസ്റ്റർ റോളുകളുടെ എണ്ണം : 12

മേറ്റ് : ഗീത

# വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ഫയലുകളിലെ പൊതുവായ കണ്ടെത്തലുകൾ

1. കവർ പേജ് :

പരിശോധിച്ച 3 ഫയലുകളിലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർപേജ് കാണാൻ സാധിച്ചില്ല.

2.ചെക്ക് ലിസ്റ്റ് :

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ കാണാൻ സാധിച്ചില്ല.

3.ആക്ഷൻ പ്ലാൻ :

പരിശോധിച്ച 3 ഫയലുകളിലും  ആക്ഷൻപ്ലാൻ കോപ്പി കാണാൻ സാധിച്ചില്ല.

4.ഭരണാനുമതി :

പ്രത്യേകമായി ഭരണാനുമതി ഇല്ലായിരുന്നു. എന്നാൽ ഭരണാനുമതി നമ്പർ സാങ്കേതികാനുമതി ഫോമിൽ ഉൾപ്പെടുത്തിയിരുന്നു.

5.സാങ്കേതിക അനുമതി  :

പരിശോധിച്ച 3 ഫയലുകളിലും പ്രാദേശികമായി തയ്യാറാക്കിയ സാങ്കേതിക അനുമതി പത്രം ഉണ്ട്.

6. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് :

പരിശോധിച്ച 3 ഫയലുകളിലും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു . ബന്ധപ്പെട്ട അധികാരികളുടെ ഒപ്പും സീലും ഉണ്ടായിരുന്നു.

7. ഡ്രോയിങ് & ഡിസൈനിങ് :

പരിശോധനക്ക് വിധേയമാക്കിയ 3 ഫയലുകളിലും ഡ്രോയിംഗ് ആൻഡ് ഡിസൈനിങ് ലഭ്യമല്ല.

8.ഡിമാൻഡ് ഫോം :

പരിശോധിച്ച 3ഫയലുകളിലും വെള്ളപേപ്പറിൽ തയാറാക്കിയ ഡിമാൻഡ് ഫോം ഉണ്ടായിരുന്നു .

9. വർക്ക് അലോക്കേഷൻ ഫോം:

പരിശോധിച്ച ഫയലുകളിൽ വർക്ക് അലോക്കേഷൻ ഫോം ഉണ്ടായിരുന്നില്ല.

10. ഇ -മസ്റ്ററോൾ :

3 ഫയലുകളിലും മസ്റ്ററോൾ ഉണ്ടായിരുന്നു.

11. മസ്റ്ററോൾ മൂവ്മെൻറ് സ്ലിപ് :

മസ്റ്ററോൾ മൂവ്മെൻറ് സ്ലിപ് പരിശോധിച്ച എല്ലാ

ഫയലുകളിലും  ഉണ്ടായിരുന്നു.

12.വേജ് ലിസ്റ്റ് :

പരിശോധിച്ച 3 ഫയലുകളിലും  വേജ് ലിസ്റ്റ് ഇല്ലായിരുന്നു .

13. ഫണ്ട് ട്രാൻസ്ഫർ ഓർഡർ:

പരിശോധിച്ച  3 ഫയലുകളിലും   എഫ്. ടി. ഒ. കാണാൻ സാധിച്ചില്ല.

14. എം  ബുക്ക് :

പരിശോധിച്ച 3 ഫയലുകളിലും  എം  ബുക്ക് ഉണ്ട്.

15. മെറ്റീരിയൽ പ്രൊക്യൂർമെൻറ്  സ്റ്റേറ്റ്മെൻറ്:

പ്രവർത്തികൾ ഒന്നുംതന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല അതുകൊണ്ട് ഇത് ബാധകമല്ല.

16. മെറ്റീരിയൽ ബില്ല് &വൗച്ചർ :

3 ഫയലുകൾക്കും  ഇത് ബാധകമല്ല.

17. റോയൽറ്റി പെയ്മെൻറ് റെസിപ്റ് :

രണ്ട് ഫയലുകൾക്കും റോയൽറ്റി ബാധകമായിരുന്നില്ല.

18.ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്:

പരിശോധിച്ച 3 ഫയലുകളിലും ഫോട്ടോഗ്രാഫ് കാണാൻ സാധിച്ചില്ല.

19.വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്:

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല.

20.ജിയോ ടാഗ് ഫോട്ടോഗ്രാഫ് :

ഒരു ഫയലിലും കാണാൻ സാധിച്ചില്ല.

21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി

പരിശോധിച്ച 3 ഫയലുകളിലും കാണാൻ സാധിച്ചില്ല.

22.സൈറ്റ് ഡയറി:

പരിശോധിച്ച 3 ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു.

# നിരീക്ഷണങ്ങളും കണ്ടെത്തലുകളും

1)എം ബുക്കിൽ കുഴി,തടം കാട് വെട്ടി തെളിയ്ക്കൽ എന്നിവയാണ് പ്രധാന ഇനം പ്രവർത്തിയായി കണ്ടത്.

2) എസ്റ്റിമേറ്റിൽ നിന്നും വിഭിന്നമായി ഗുണഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ച് തൊഴിലാളികൾക്ക് ജോലി ചെയ്യേണ്ടി വരികയും ആയതിനാൽ എസ്റ്റിമേറ്റിൽ പ്രതിപാദിക്കാത്ത ഇനം  പ്രവർത്തികൾ ഫീൽഡിൽ  കാണാൻ സാധിച്ചു.(അതിരു കോരൽ )

3) പ്രവൃത്തികളിൽ ഏർപ്പെടുന്ന തൊഴിലാളികൾക്കും ഗുണഭോക്താക്കൾക്കും പ്രവർത്തിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ചുള്ള

ധാരണക്കുറവ് പലപ്പോഴും ഫീൽഡ് വിസിറ്റിൽ കാണാൻ സാധിച്ചു. പല കുഴികളും ഉപയോഗശൂന്യമായ നിലയിലും മരം വെച്ച് പിടിപ്പിച്ചിരിക്കുന്ന നിലയിലും കണ്ടെത്തി.

4)ശ്യാമളയുടെ പുരയിടത്തിൽ എസ്റ്റിമേറ്റ് പ്രകാരം തെങ്ങിൻ തടം- 6, വാഴക്കുഴി -2, തെങ്ങിൻകുഴി -2, മാലിന്യസംസ്കരണകുഴി -1, മഴക്കുഴി -1 ഇവയായിരുന്നു. എന്നാൽ പുരയിടത്തിൽ മാലിന്യക്കുഴി കണ്ടെത്താൻ സാധിച്ചില്ല. ആൾതാമസം ഇല്ലാതിരുന്ന വീടായതിനാൽ മാലിന്യക്കുഴി ഉടമയുടെ നിർദ്ദേശപ്രകാരം ഒഴിവാക്കിയതായി മനസിലാക്കാൻ സാധിച്ചു. പകരം അതിരുകോരി നൽകി.

5)ഇന്ദുലേഖയുടെ പുരയിടത്തിൽ തെങ്ങിൻതടം 5, വാഴക്കുഴി 10, തെങ്ങിൻകുഴി 2, മാലിന്യസംസ്കരണകുഴി 1, മഴക്കുഴി 1 എന്നിവ എസ്റ്റിമേറ്റ് പ്രകാരം കാണാൻ സാധിച്ചു. എന്നാൽ

തെങ്ങിൻകുഴിയിൽ തെങ്ങ് നട്ടിട്ടില്ലായിരുന്നു.

6)വിജയമ്മയുടെ പുരയിടത്തിൽ എസ്റ്റിമേറ്റ് പ്രാകാരമുള്ള തെങ്ങിൻതടം 5, വാഴക്കുഴി 10, തെങ്ങിൻകുഴി 5, മാലിന്യക്കുഴി 1, മഴക്കുഴി 1 എന്നിവ കാണാൻ കഴിഞ്ഞു.

7)അമ്പിളിയുടെ പുരയിടത്തിൽ തെങ്ങിൻതടം 2, വാഴക്കുഴി 2, തെങ്ങിൻകുഴി 2, മാലിന്യക്കുഴി 1, മഴക്കുഴി 1 എന്നിവ എസ്റ്റിമേറ്റ് പ്രകാരം കാണാൻ സാധിച്ചു.

8)മനീഷ് എന്ന വ്യക്തിയുടെ പുരയിടത്തിൽ തെങ്ങിൻതടം 10, വാഴക്കുഴി 15, മഴക്കുഴി 1, മാലിന്യക്കുഴി 1എന്നിവ കണ്ടു. എന്നാൽ മാലിന്യ സംസ്കരണ കുഴിയിൽ ഓല വീണ് കിടക്കുന്നതായി കണ്ടു.

9)സ്നേലതയുടെ പുരയിടത്തിൽ തെങ്ങിൻതടം 2, വാഴക്കുഴി 2, തെങ്ങിൻകുഴി 2, മഴക്കുഴി 1,

മാലിന്യസംസ്കരണ കുഴി 1 എന്നിവ കാണാൻ കഴിഞ്ഞു.

10)ഫീൽഡ് വിസിറ്റിങ്ങിനിടെ തൊഴിലാളികളെ കാണുകയും തൊഴിലാളികൾ കാർഡുകൾ പരിശോധിക്കുകയും ചെയ്തു. ഈ വർഷം 26 തൊഴിൽദിനങ്ങളാണ് തൊഴിലാളികൾക്കു ലഭിച്ചത്. കഴിഞ്ഞ വർഷം ഒട്ടുമിക്ക തൊഴിലാളികൾക്കും 100 തൊഴിൽദിനങ്ങൾ കിട്ടി.

11)IF/336527 എന്ന പ്രവർത്തി ഫയലിൽ മസ്റ്ററോൾ നമ്പർ 19343-19348 വരെ 270 രൂപയാണ് വേതനമായി നൽകിയത്.

# ചർച്ച

=====

ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ 9ആം വാർഡിലെ (ചാക്കപൊയ്ക ) ഗ്രാമസഭ 06-11-2019 ന് വൈകുന്നേരം 3 മണിക്ക് ചെറുന്നിയൂർ പഞ്ചായത്തിൽ ആരംഭിച്ചു . യോഗത്തിന്റെ തുടക്കത്തിൽ അവിടെ കൂടിയ തൊഴിലാളികളിൽ നിന്നും 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ ചന്ദ്രൻ എന്ന തൊഴിലാളിയെ അധ്യക്ഷസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. തുടർന്ന് ഭരണഘടനാ പ്രതിജ്ഞ vrp സ്വപ്ന ചൊല്ലിത്തന്നു. വാർഡ് മെമ്പർ ലതസേനൻ സ്വാഗതം പറയുകയും ബിആർപി ബിന്ദു മേഡം തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചും സോഷ്യൽ ഓഡിറ്റിങ്ങിനെക്കുറിച്ചും ആമുഖപ്രസംഗം നടത്തുകയും ചെയ്തു . തുടർന്നു വി ആർ പിമാർ ഓരോരുത്തരായി തൊഴിലാളികളുടെ പത്ത് അവകാശങ്ങൾ വിശദീകരിച്ചു. തുടർന്ന് വി ആർ പി സൗമ്യ, റിജിലാൽ എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു.

അതിനുശേഷം റിപ്പോർട്ട് അവതരണത്തെ കുറിച്ചും തൊഴിലാളികളുടെ പരാതികളെ കുറിച്ചും ചർച്ചചെയ്തു.

100 തൊഴിൽദിനങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി തൊഴിലാളികൾ ഉന്നയിച്ചു. 100 ദിവസം തൊഴിൽ ലഭിക്കാനായി തൊഴിൽ ആവശ്യപ്പെടേണ്ട രീതിയെക്കുറിച്ചു എ ഇ, ബി ആർ പി എന്നിവർ വ്യക്തമാക്കി.

തൊഴിൽ കാർഡ് പുതുക്കാനായി ഫോട്ടോയെടുക്കാൻ തൊഴിലാളികളിൽ നിന്നും  പണം ചെലവായി എന്ന് ചർച്ചയിൽ മനസ്സിലായി. എന്നാൽ  തൊഴിൽ കാർഡ് പുതുക്കൽ  സൗജന്യം ആണെന്നും തൊഴിലാളികൾക്ക് പൈസ ചെലവാക്കേണ്ട ആവശ്യമില്ലെന്നും ബി ആർ പി ബിന്ദു മേഡം  വ്യക്തമാക്കി.

തൊഴിൽ കിട്ടുന്നില്ല എന്നതായിരുന്നു തൊഴിലാളികളുടെ പ്രധാന പരാതി. പരാതിക്ക് A E, ബിന്ദു മാഡം  മറുപടി നൽകി.

എന്തെന്നാൽ ഈ പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ചെയ്യേണ്ടുന്ന വ്യക്തിഗതവും പൊതുസമൂഹത്തിന് ഉതകുന്നതുമായ പ്രവർത്തികളെ കുറിച്ച് വ്യക്തമാക്കുകയും ചെയ്തു.

തൊഴിലാളികൾക്ക്  അർത്ഥവിദഗ്ദ , വിദഗ്ദ തൊഴിലുകളോട് താൽപര്യമില്ലായ്മ

വ്യക്തമായി.

തോടുപണി, തടയണ നിർമ്മാണം തുടങ്ങിയ പ്രവർത്തികൾ സാമൂഹ്യവിരുദ്ധർ നശിപ്പിക്കുന്നതായി തൊഴിലാളികൾ പരാതിപ്പെട്ടു.

തൊഴിലിടങ്ങളിൽ വെച്ചുള്ള അപകടങ്ങൾക്ക് ചികിത്സ ചിലവ് ലഭിക്കുന്നില്ല എന്ന പരാതി തെഴിലാളികൾ ഉന്നയിച്ചു. അപകടങ്ങൾ നടന്നാൽ അത് ഉടൻ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ

അറിയിക്കണമെന്നും ചിലവാകുന്ന പണത്തിന്റെ രസീതുകൾ പഞ്ചായത്തിൽ നൽകണമെന്നും ബി ആർ പി ബിന്ദു മാഡം മറുപടി നൽകി.

ഫസ്റ്റ് എയ്ഡ് ബോക്സ്, ടാർപ്പ  എന്നിവ തൊഴിലാളികൾക്ക് സൗജന്യമായി ലഭിക്കുന്നില്ലെന്ന് പരാതി പറയുകയുണ്ടായി.  ഇതിന്റെ  പരിഹാരം ഉടനെ ഉണ്ടാകും എന്ന് A E  ഉറപ്പുനൽകി.

ഫയലിൽ ഇല്ലാത്ത ചില പ്രധാനപ്പെട്ട രേഖകൾ ഇനിയുള്ള ഫയലുകളിൽ കൃത്യമായി ഉൾപ്പെടുത്തുമെന്നും A E ഗ്രാമസഭയിൽ ഉറപ്പുനൽകി.

ചർച്ചകൾക്ക്  ഒടുവിൽ തൊഴിലാളികൾ റിപ്പോർട്ട് കൈയടിച്ചു പാസാക്കി. വൈകുന്നേരം  4.30 ന്   യോഗം നന്ദി പറഞ്ഞു കൊണ്ട് അവസാനിപ്പിച്ചു.


# നന്ദി

=======

വർക്കല ബ്ലോക്കിലെ ചെറുന്നിയൂർ പഞ്ചായത്തിലെ വാർഡ് 9 ന്റെ 2018- 19 സാമ്പത്തികവർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ചെറുന്നിയൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി,  ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ ഫീൽഡ് പ്രവർത്തനങ്ങൾക്ക് സഹായിച്ച മേറ്റ്മാർ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

***മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതി***

***സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്***




# തിരുവനന്തപുരം

**വർക്കല ബ്ലോക്ക്**

**ചെറുന്നിയൂർ ഗ്രാമപഞ്ചായത്**

**വാർഡ് 10 മുടിയക്കോട്**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 01/10/2018 to 31/3/2019**

## റിപ്പോർട് തയാറാക്കിയത്

## തിരുവനന്തപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

**അജിത ട, മഞ്ജു എം എസ്, അഞ്ജന ജെ ആർ**

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽഓഡിറ്റ്.

## ***ഭരണഘടനാ പ്രതിജ്ഞ***

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,

മതനിരപേക്ഷ,

ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും

ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവും

സാമ്പത്തികവും രാഷ്ട്രീയവുമായ

നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,

സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം

എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന

സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബർ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു'

ഇന്ന് 2019 നവംബർ 8 -ആം തീയതി മുടിയക്കോട് സ്കൂളിൽ കൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കാളികളായ ഞങ്ങൾ ഭരണഘടനാ മൂല്യങ്ങൾ നടപ്പിലാക്കുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്യുന്നു.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂൾ** 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂൾ** 1 & **ഷെഡ്യൂൾ** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 7,8,9 |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂൾ** 2**പാരഗ്രാഫ്** 18 & **പാരഗ്രാഫ്** 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **ഷെഡ്യൂൾ**2 **പാരഗ്രാഫ്** 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സെഷൻ**3(2),6, sch 2 ,29,a,b,c,d,e,f.30 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 3(3) |

| | | |
|---|---|---|
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സെഷൻ** 19, & **സെഷൻ** 17( 2) |

## അവകാശ അധിഷ്ഠിത നീരിക്ഷണങ്ങൾ

*****തൊഴിൽ കാർഡ് പുതുക്കുന്നതിനു വേണ്ടി തൊഴിലാളികൾക്ക് അവരുടെ കയ്യിൽ നിന്നും കാശ് ചെലവായിട്ടുണ്ടെന്നും, കൂടാതെ തൊഴിൽ കാർഡിനുള്ള ഫോട്ടോ തൊഴിലാളികൾ സ്വന്തം ചെലവിലാണ് നൽകിയിട്ടുള്ളത് എന്നും മനസിലാക്കാൻ സാധിച്ചു.

* ഫയൽ പരിശോധനയിൽ വ്യക്തമായ ഡിമാന്റ് ഫോറം കാണാൻ സാധിച്ചിലല് . അതിനാൽ തൊഴിലിനു അപേക്ഷിച്ചിട്ട 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ആയതിനാൽ തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു അവർ തൊഴിലുറപ്പ് നിയമ പ്രകാരമല്ല തൊഴിൽ ആവശ്യപ്പെട്ടത് എന്ന് മനസിലായി.

* ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.

*തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.

*തൊഴിൽ സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ടെങ്കിലും അവയെല്ലാം തൊഴിലാളികൾ സ്വന്തമായി ക്രമീകരിച്ചിരിക്കുന്നതാണ്.

* ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. *തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.

* തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.

* പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിച്ചതായി അറിയാൻ സാധിച്ചിട്ടില്ല അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല.

## പൊതുവിവരങ്ങൾ -ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

| | |
|---|---|
| ജില്ല | തിരുവനന്തപുരം |
| ബ്ളോക്ക് | വർക്കല |
| വിസ്തീർണ്ണം | 10.87 ച.കി.മീ. |
| വാർഡുകളുടെ എണ്ണം | ▪ **14** |
| ജനസംഖ്യ | ▪ **18114** |
| സ്ത്രീപുരുഷഅനുപാതം | 97:82 |
| പട്ടികജാതി | 4449 |
| പ്രസിഡന്റ് | നവപ്രകാശ് എൻ |
| സെക്രട്ടറി | സിന്ധു R S |
| പ്രധാന തൊഴിൽ | കൃഷിയും അനുബന്ധ മേഖലകളും |
| രജിസ്റ്റേർഡ് വർക്കർ | 4103 |
| സജീവത്തൊഴിലാളികൾ | 1346 |
| 100ജോലി തികഞ്ഞവർ | 470 |

Source : Census data 2011

# സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി തൊഴിലുറപ്പപദ്ധതി തിരുവനന്തപുരം ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് ആറിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

- ജില്ലയിലെ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർ വിശദമായ യോഗം ചേരുകയും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു .ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, വാർഡ് മെംമ്പർ, മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി ജീവനക്കാർ സോഷ്യൽ ഓഡിറ്റ് അംഗങ്ങൾ എന്നിവർ ചേർന്ന യോഗത്തിൽ സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും, വാർഡ് 6ൽ ചെയ്യുന്ന സോഷ്യൽ ഓഡിറ്റ് പ്രവർത്തങ്ങളെകുറിച്ച് ചർച്ച ചെയ്യൽ .
- കഴിഞ്ഞ6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ , MIS എന്നിവ പരിശോധിക്കൽ
- പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
- ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
- തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .
- ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ .

## പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ

സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി 2018 ഒക്ടോബർ 1 മുതൽ 2019 മാർച്ച് വരെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് 10 ആം വാർഡായ മുടിയക്കോടിൽ നടപ്പിലാക്കിയ പ്രവർത്തികൾ ആണ് സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കിയത്. അവ താഴെ പറയുന്നു.

| Sl | വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | പദ്ധതി ആരംഭം | പദ്ധതി അവസാനം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് |
|---|---|---|---|---|---|---|
| 1 | **1614010002/IF/336524** | **സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസനപ്രവർത്തനങ്ങൾ വിഭാഗം ബി ഖണ്ഡിക 5 പ്രകാരം** | 22 -10 -2018 | 28 -12 - 2018 | 278544 | 272166 |
| 2 | **1614010002/IF/383172** | സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂവികസനം പ്രവർത്തികൾ വിഭാഗം ബി ഖണ്ഡിക 5 പ്രകാരം | 22 - 01 - 2019 | 15 - 03 - 2019 | 169715 | 120011 |
| 3 | **1614010002/ IF/ 383166** | സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂവികസനം പ്രവർത്തികൾ വിഭാഗം ബി, ഖണ്ഡിക 5 പ്രകാരം | 22- 01- 2019 | 24/03/2019 | 267838 | 264617 |

| | | | | | | |
|---|---|---|---|---|---|---|
| 4 | **1614010002/ IF/ 366384** | സ്വകാര്യ ഭൂവുടമകളുടെ ഭൂമിയിൽ ഭൂ വികസന പ്രവർത്തികൾ വിഭാഗം ബി ഖണ്ഡിക 5 പ്രകാരം | 29/10/2018 | 31/11/2018 | 151232 | 145503 |
| | **1614010002/ IF/ 385382** | സ്വകാര്യ ഭൂവുടമകളുടെ ഭൂമിയിൽ മണ്ണ്, ജല സംരക്ഷണ പ്രവർത്തികൾ | 01/03/ 2019 | 28/03/2019 | 291971 | 162128 |

## *22 ഡൊക്യൂമെന്റ്സ്*

**1. കവർപേജ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച 5 ഫയലുകളിലും വാർഷിക മാസ്റ്റർ സർക്കുലർ

പ്രകാരമുള്ള കവർപേജ് ലഭ്യമല്ല

## 2. ചെക്ക് ലിസ്റ്റ്

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച 5 ഫയലുകളിലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ് ഉണ്ടായിരുന്നില്ല

## 3. ആക്ഷൻപ്ലാൻ കോപ്പി

പരിശോധിച്ച 5 ഫയലുകളിൽ ഒരു ഫയലിൽ പോലും വാർഷിക മാസ്റ്റർ സറക്കുലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

## 4. എസ്റ്റിമേറ്റ് കോപ്പി

പരിശോധിച്ച 5 ഫയലുകളിലും സെക്യൂരിറ്റിൽ നിന്നുമെടുത്ത എസ്റ്റിമേറ്റിൽ കോപ്പി കാണാൻ സാധിച്ചു.എന്നാൽ ഒരു ഫയലിലും പ്രൊജക്ക്റ്റ് റിപ്പോർട്ട്, സർവ്വേ ഡാറ്റ ,ജനകീയ എസ്റ്റിമേറ്റ് എന്നിവ ഉണ്ടായിരുന്നില്ല. എസ്റ്റിമേറ്റിൽ ബന്ധപ്പെട്ട അധികാരികളുടെ ഒപ്പും, സീലും ഉണ്ടായിരുന്നു. .

## 5. സാങ്കേതികാനുമതി

പരിശോധിച്ച 5 ഫയലുകളിലും പ്രാദേശികമായി തയ്യാറാക്കിയ സാങ്കേതിക അനുമതി പത്രമാണ് കാണാൻ കഴിഞ്ഞത്.

## 6. ഭരണാനുമതി

പരിശോധിച്ച 5 ഫയലുകളിലും ഭരണാനുമതി കാണാൻ സാധിച്ചില്ല.

## 7.തൊഴിലിനുള്ള അപേക്ഷ

പരിശോധിച്ച 5 ഫയലുകളിലും ഡിമാൻഡ് ഫോം ലഭ്യമല്ല.

## 8. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം

പരിശോധിച്ച 5 ഫയലുകളിലും പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നില്ല.

## 9. ഇ മസ്റ്റർ റോൾ

പരിശോധിച്ച 5 പ്രവർത്തി ഫയലുകളുടെ മസ്റ്റർ റോൾ കോപ്പി ഉണ്ടായിരുന്നു മാത്രവുമല്ല മസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു . മസ്റ്റ്ർ റോളുകളിൽ ബി.ഡി.ഓ ,സെക്രട്ടറി എന്നിവരുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നെങ്കിലും തിയതി ഉണ്ടായിരുന്നില്ല. മസ്റ്റർ റോളുകളിൽ ആയുധങ്ങളുടെ വാടക രേഖപെടുത്തിയിട്ടുണ്ട് .

## 10. മെഷര്മെന്റ് ബുക്ക്

പരിശോധിച്ച 5 ഫയലുകളിലും മെഷർമെൻറ് ബുക്ക് ഉണ്ടായിരുന്നു. മെഷര്മെന്റ് ബുക്കിൽ പ്രീ മെഷര്മെന്റ് ,എ .എസ് നമ്പർ,ടി എസ് നമ്പർ എന്നിവ രേഖപ്പെടുത്തിട്ടുണ്ടായിരുന്നു. എല്ലാ മെഷർ മെന്റ് ബുക്കിലും ഒന്നോ അതിലധികമോ ഇടങ്ങളിൽ ഒപ്പ് രേഖപെടുത്തുമ്പോൾ തീയതി എഴുതിയിരുന്നില്ല.

## 11. മെറ്റീരിയൽ

പ്രവർതികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയുന്നതല്ല. അതുകൊണ്ടു ബാധകമല്ല.

## 12.വേജ് ലിസ്റ്റ്

പരിശോധിച്ച 5 പ്രവർത്തി ഫയലുകളിലും 1 ഫയലിൽ മാത്രമേ വെജ് ലിസ്റ്റ് ലഭ്യമായിരുന്നുള്ളൂ .

## 13.ഫണ്ട് ട്രാൻസ്ഫർ ഓർഡർ

പരിശോധിച്ച 5 ഫയലുകളിലും 1 ഫയലിൽ മാത്രമേ ഫണ്ട് ട്രാൻസ്ഫർ ഓർഡർ ലഭ്യമായിരുന്നുള്ളൂ. .

## 14. മെറ്റീരിയൽ ബിൽ ആൻഡ് വൗച്ചർ

പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല. അതുകൊണ്ട് ഇത് ബാധകമല്ല.

**15. റോയൽറ്റി**

പരിശോധിച്ച 5 ഫയലുകളിലും റോയൽറ്റി ബാധകം ആയിരുന്നില്ല

**16. ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്സ്**

പരിശോധിച്ച 5 ഫയലുകളിൽ ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ് ലഭ്യമല്ല

**17.പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

**18.മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്**

മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു, എന്നാൽ മസ്റ്റർ റോൾ നമ്പറുകൾ കൃത്യമായി രേഘപെടുത്തതും പല കോളങ്ങളും പൂരിപ്പിക്കാത്ത രീതിയിലും അപൂർണമായി മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകളും കാണപ്പെട്ടു .

**19.ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്സ്**

ഒരു ഫയലിലും കാണാൻ സാധിച്ചില്ല

**20.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

**21.സൈറ്റ് ഡയറി**

പരിശോദിച്ച 5 ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്ന സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , തൊഴിൽ ഉപകരണങ്ങളുടെ വാടക , വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട് , സന്ദർശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു . ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല.

**22. ഡ്രോയിങ് ആൻഡ് ഡിസൈനിങ്**

പരിശോധനയ്ക്ക് വിധേയമാക്കിയ 5 ഫയലുകളിലും ഡ്രോയിങ് ആന്റി ഡിസൈൻ ലഭ്യമായിരുന്നില്ല

## ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

1. IF/ 336524 കോഡുള്ള വർക്ക് ഫയലിന്റെ മസ്റ്റർ റോളിൽ ടോട്ടൽ ക്യാഷ് പേയ്മെന്റ് രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോൾ നമ്പർ 11918 മുതൽ 15143 വരെയുള്ള മസ്റ്റർ റോളിൽ 271 രൂപവെച്ചാണ് വേതനം നൽകിയിരിക്കുന്നത്. മുകളിൽ പറഞ്ഞ നമ്പർ പ്രകാരം ഉള്ള ആകെ ഹാജർ 766 ആണ്. അതുപോലെ തന്നെ 17651 നമ്പർ മുതൽ 17657 നമ്പർ വരെയുള്ള മസ്റ്റർ റോളിൽ 270 രൂപ വെച്ചാണ് വേതനം നൽകിയിരിക്കുന്നത്, ഇത് പ്രകാരമുള്ള ആകെ ഹാജർ 225 ആണ്. ഈ നമ്പറ് പ്രകാരമുള്ള മസ്റ്റർ റോളിൽ ആയുധ വാടക രേഖപ്പെടുതിയിട്ടില്ല.

2. IF/ 336524 കോഡുള്ള വർക്ക് ഫയലിന്റെ സൈറ്റ് ഡയറിയിൽ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടിൽ തൊഴിൽ ദിനങ്ങൾ 990 ആയി കാണിച്ചിരിക്കുന്നു. എന്നാൽ മസ്റ്റർ റോൾ പ്രകാരം 991 തൊഴിൽ ദിനങ്ങൾ ആണ് വരേണ്ടത്.

3. IF/ 383172 കോഡുള്ള വർക്ക് ഫയലിൽ 25875 നമ്പർ മസ്റ്റർ റോൾ മുതൽ 25877 വരെയുള്ള മസ്റ്റർ റോളിൽ 270 രൂപ വെച്ചാണ് വേതനം നൽകിയിരിക്കുന്നത്. ഇതേ ഫയലിന്റെ സൈറ്റ് ഡയറിയിൽ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടിൽ തൊഴിൽ ദിനങ്ങൾ 456ആയി കണ്ടു , എന്നാൽ മസ്റ്റർ റോൾ പ്രകാരം തൊഴിൽ ദിനങ്ങൾ 435 ആയി കണ്ടു.

4. IF/ 366384 കോഡ് ഉള്ള വർക്ക് ഫയലിൽ 15761നമ്പർ മുതൽ 15765 വരെയുള്ള മസ്റ്റർ റോളിൽ 250 രൂപ വെച്ചാണ് തൊഴിലാളികൾക്ക് വേതനം നൽകിയിരിക്കുന്നത്. അതായത്, 221 തൊഴിൽ ദിനങ്ങൾക്ക് 250 രൂപ വെച്ച്. ബാക്കിയുള്ള 323 തൊഴിൽ ദിനങ്ങൾക്ക് 271 രൂപ വെച്ച്.

5. IF/ 383166 പ്രകാരമുള്ള വർക്ക് ഫയലിന്റെ മെഷർമെൻറ് ബുക്കിൽ തുക തെറ്റായി കാണിച്ചിരിക്കുന്നു ( 1300 ന് പകരം 1800). ഇതേ ഫയലിൽ തന്നെ 27014, 27017, 27548 എന്നീ നമ്പർ ഉള്ള മസ്റ്റർ റോളുകലിൽ 240 രൂപവെച്ച് വേതനം നൽകിയിരിക്കുന്നു.

## രജിസ്റ്ററുകളുടെ പരിശോധന

നിയമപ്രകാരം7രജിസ്റ്ററുകൾഗ്രാമപഞ്ചായത്ത് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ് അവ ചുവടെ ചേർക്കുന്നു.

### 1. തൊഴിൽ card രജിസ്റ്റർ

### 2.ഗ്രാമസഭാ രജിസ്റ്റർ

### 3.ഡിമാൻഡ് രജിസ്റ്റർ

### 4.വർക്ക് രജിസ്റ്റർ

**5.ആസ്തി രജിസ്റ്റർ**

**6.പരാതി രജിസ്റ്റർ**

**7. മെറ്റീരിയൽ രജിസ്റ്റർ**

**എല്ലാ രജിസ്റ്ററുകളും പഞ്ചായത്ത് സൂക്ഷിക്കുന്നുണ്ട്**

## <u>പ്രവർത്തിയിടങ്ങൾ പരിശോധിച്ചതിലെ പൊതുവായ കണ്ടെത്തലുകൾ</u>

പരിശോധനയ്ക്ക് വിധേയമാക്കിയ 5 ഫയലുകളിലും ആയി സന്ദർശിച്ച തൊഴിലിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. . എം ബുക്ക് പ്രകാരം ഉള്ള ജോലികൾ ഏറെക്കുറെ യും പ്രവൃത്തി ഇടങ്ങളിലും കാണാൻ സാധിച്ചു. മഴക്കുഴികൾ വേസ്റ്റ് കുഴികൾ വാഴ കുഴികൾ, അതിരു എന്നിവ പ്രവർത്തിയിടതിൽ കാണാൻ സാധിച്ചു.

ഭൂവികസന പ്രവർത്തിയിലെ ഗുണഭോക്തക്കൾ

- ★ ഷെർലി ജെറോൺ പനവിളാകം മുടിയക്കോട്
- ★ ടൈറ്റസ്, വട്ടവിളവീട് ചെറുന്നിയൂർ
- ★ ജാനറ്റാ ടൈറ്റസ് കിണറുവിളാകത്തു വീട് മുടിയക്കോട്
- ★ ലൈല ദീപം ചെറുന്നിയൂർ
- ★ റീത്ത മനുലാന്റ് ചെറുന്നിയൂർ
- ★ രാഖി കിണറുവിളാകത്തു വീട് മുടിയക്കോട്
- ★ ജീനു ചരുവിളവീട് ചെറുന്നിയൂർ
- ★ കോമളകുമാരി മുട്ടയ്ക്കട്ടുവിളവീട് ചെറുന്നിയൂർ
- ★ സരോജിനി പയറ്റഴികംവീട്
- ★ ചന്ദ്രലേഖ പാലവിളവീട്
- ★ മാർഗരറ്റ് എം. ജി. എൻ ഹൗസ്
- ★ പ്രസന്നകുമാരി അശ്വതി ഭവൻ
- ★ സരസ ചരുവിളവീട് എൽസി സ്റ്റീഫൻ പെരേര, എസ്. ഇ. ഹൗസ് മുടിയക്കോട്
- ★ സുമദാസ് റ്റി. വി. ആർ ഭവൻ ചെറുന്നിയൂർ

★ അനിത
★ ഡെൽമ
★ അമ്മിണി
★ ശാന്തകുമാരി
★ ഹിത
★ സരസ്വതി
★ ഷമീല
★ ഷീജ
★ ബേബി
★ അനിത
★ രാജു
★ നാഗദാസ്
★ കുട്ടൻ
★ ബേബി
★ വത്സല

എസ്റ്റിമേറ്റ് പ്രകാരം മഴക്കുഴി - 32 , വേസ്റ്റ് കുഴി - 32
വാഴക്കുഴി - 175, തെങ്ങിൻ തടം - 171, തെങ്ങിൻ കുഴി - 8
അതിര് - 40 എന്നിങ്ങനെ ആയിരുന്നു.

എന്നാൽ തൊഴിലിടങ്ങൾ സന്ദർശിച്ചതിൽ നിന്നും 32 വേസ്റ്റ് കുഴി, 30 മഴക്കുഴി എന്നിങ്ങനെ കാണാൻ സാധിച്ചു. ( ജീനു വിന്റെ വസ്തുവിൽ സ്ഥല പരിമിതി മൂലം മഴക്കുഴി വേണ്ട എന്ന് ഉടമ പറയുകയും പകരം അതിര് പിടിക്കുകയും ചെയ്തു., റൈറ്റസ് ന്റെ വസ്തുവിൽ മഴക്കുഴിയിൽ വാഴ നട്ടിരിക്കുന്നു., കൂടാതെ ലൈല യുടെ വസ്തുവിൽ ആൾ താമസം ഇല്ലാത്തതിനാൽ വേസ്റ്റ് കുഴി, മഴക്കുഴി എടുത്തില്ല അതുപോലെ തന്നെ ഫീൽഡ് സന്ദർശിച്ചപ്പോൾ ഒന്നും നാട്ടിട്ടില്ലായിരുന്നു. )

തെങ്ങിൻ തടം - 160 ഓളം തെങ്ങിൻ തടങ്ങൾ കണ്ടു. എസ്റ്റിമേറ്റ് പ്രകാരമുള്ള തെങ്ങിൻ കുഴികൾ ഫീൽഡിലു കാണാൻ സാധിച്ചു. വാഴ കുഴി എല്ലാം തന്നെ കൃത്യമായി ഉണ്ട് എന്നാൽ പകുതിയിലേറെയും വാഴ നടാതെ വെറുതെ കിടക്കുന്ന അവസ്ഥയായിരുന്നു കാണാൻ സാധിച്ചത്. തൊഴിലാളികളുടെ അധ്വാനത്തെ നിസാരവൽക്കരിക്കുന്നപ്രവർത്തിയാണ് ഇത്. ഒട്ടുമിക്ക പുരയിടങ്ങളിലും നിരത്തി കിളച്ചിടത്ത് മരച്ചീനി, മഞ്ഞൾ, ചേമ്പ്, നനകിഴങ് എന്നിവ നട്ടിട്ടുണ്ട്.

പാട്ടകൃഷി

- ഷാജിയുടെ വസ്തുവിൽ ( തൊഴിലാളികൾ - ലാലി, മിനിബാബു, ഷീബ കൃഷ്ണൻ ).
- ജോൺസൺ ഗോമസ് വക പുരയിടത്തിൽ
- ഐഡ യുടെയും ജെഡിസിലസിന്റെയും വസ്തുവിൽ
- അമ്മിണി യുടെ വസ്തുവിൽ
  പാട്ട കൃഷി എല്ലാം തന്നെ വളരെ നല്ല രീതിയിൽ ചെയ്തിട്ടുണ്ട്. കൃഷിയിടത്തിൽ മഞ്ഞൾ, മരച്ചീനി, ഇഞ്ചി, ചേമ്പ്, ചേന, കാച്ചിൽ, വാഴ എന്നീ കാർഷിക വിളകൾ നടുകയും നന്നായി തന്നെ പരിപാലിക്കുകയും ചെയ്തിട്ടുണ്ട്. വിളവെടുപ്പ് മോശമായിരുന്നില്ല എന്നാണ് തൊഴിലാളികളുടെ അഭിപ്രായം. കൃഷി യിടത്തിൽ 2 തവണ വിളവെടുപ്പ് നടത്തി. കൃഷിയിടത്തിൽ എലി, കീരി എന്നിവയുടെ ശല്യം ഉണ്ട് എന്ന് തൊഴിലാളികൾ പറഞ്ഞു. എന്നാൽ ഐഡ, ജെഡിസിലസ് എന്നീ വസ്തുക്കളുടെ ഉടമകൾ വിദേശത്ത് ആയതിനാൽ ഈ വർഷത്തിൽ കൃഷി നടത്താൻ സാധിച്ചില്ല. ആയതിനാൽ അടുത്ത വർഷത്തിൽ കൃഷി ചെയ്യാം എന്ന് ഉറപ്പു നൽകി

ഗ്രാമസഭ - ചർച്ചയും ക്രോഡീകരണവും

- _ഫസ്റ്റ് എയ്ഡ് ബോക്സ് പഞ്ചായത്തിൽ നിന്നും ലഭിക്കുന്നില്ല. പകരം തൊഴിലാളികളും ഏറ്റവും ചേർന്ന പണം പിരിച്ചു കൂടിയാണ് വാങ്ങുന്നത്.
- **തൊഴിൽ സമയം രാവിലെ 9 മ**മേറ്റ് വഴി ഗ്രൂപ്പ് ആയിട്ട് വെള്ളപേപ്പറിൽ എഴുതി ആണ് പഞ്ചായത്തിൽ ഏൽപ്പിക്കുന്നത്. കൈപ്പറ്റ് രസീത് വാങ്ങിയിട്ടില്ല എന്നും മനസ്സിലായി
- തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ച് അവർക്ക് വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല.
- ജോലി പൂർത്തിയായിട്ടും കൃത്യമായി വേതനം ലഭിക്കുന്നില്ല എന്ന അഭിപ്രായം തൊഴിലാളികൾ പറഞ്ഞു.
- എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ തൊഴിലാളികൾ ചെയ്തിട്ടും ഭൂഉടമകളുടെ അനാസ്ഥമൂലം അവ ഉപയോഗശൂന്യമായി കിടക്കുന്നത് കാണാൻ കഴിഞ്ഞു.
- തൊഴിലാളികളുടെ അവകാശങ്ങൾ പലപ്പോഴും ഹനിക്കപ്പെടുന്നുണ്ട്.
- തൊഴിൽ കാർഡുകൾ അപൂർണമായാണ് പൂരിപ്പിച്ചിട്ടുള്ളത്.

# <u>നന്ദി</u>

വർക്കല ബ്ലോക്കിലെ വാർഡ്  ആറിലെ 2018-19സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ചെറുന്നിയൂർ  പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മേറ്റുമാർ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

.

*മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി*

*സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്*

# തിരുവനന്തപുരം

**വർക്കല ബ്ലോക്ക്**

**ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത്**

**വാർഡ്- 11, താന്നിമൂട്**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 01/10/2018 to 31/3/2019**

## റിപ്പോർട്ട് തയാറാക്കിയത്

## തിരുവനന്തപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

**സ്വപ്ന എ എസ്, സൗമ്യ ആർ**

# ഭരണഘടനാ പ്രതിജ്ഞ

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര , സ്ഥിതിസമത്വ, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്ക്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവുംഅഖണ്ഡതയും ഉറപ്പുവരുത്തുന്നസാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ

ഭരണഘടനാസഭയിൽവച്ച്, 1949 നവംബർ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയുംനിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു'
ഇന്ന് 2019 നവംബർ 9ആം തീയതി KGGLPS, താന്നിമൂട് സ്കൂളിൽ കൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കാളികളായ ഞങ്ങൾ ഭരണഘടനാ മൂല്യങ്ങൾ നടപ്പിലാക്കുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്യുന്നു.

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 -ൽ വിജ്ഞാപനം ചെയ്തെങ്കിലും 2005ൽ പാർലമെൻറ് പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2006 ഫെബ്രുവരി രണ്ടിന് രാജ്യത്ത് തുടക്കംകുറിച്ചു. മൂന്ന് ഘട്ടങ്ങളായി 2008ൽ

നമ്മുടെ രാജ്യത്തെ എല്ലാ ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു. ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യ അധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജന വിഭാഗങ്ങൾക്കായി ഈടുറ്റതും, ഗുണമേന്മയുള്ളതും ഉൽപാദനക്ഷമത ഉള്ള ഉപജീവന ആസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. മഹാത്മാഗാന്ധി എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ്നിയമത്തിന്റെ ആരംഭത്തിൽകൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് അനുപൂരകമായി ജമ്മു-കാശ്മീർ ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ

പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്.
നിയമത്തിലും പട്ടികയിലും
കാലാകാലങ്ങളിൽ വരുത്തുന്ന
ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും
ഉൾക്കൊള്ളിക്കേണ്ടതു ആണ്.
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ
തൊഴിലുറപ്പ് നിയമം ഗ്രാമീണ
തൊഴിലാളികൾക്ക് പത്ത് അവകാശങ്ങൾ
ഉറപ്പു നൽകുന്നുണ്ട്. ദേശീയ ഗ്രാമീണ
തൊഴിലുറപ്പ് പദ്ധതി പ്രകാരം
ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന
എല്ലാ പ്രവർത്തികളും സോഷ്യൽ
ഓഡിറ്റിനു വിധേയമാക്കണമെന്ന്
നിയമത്തിലെ 17- വകുപ്പ് നിഷ്കർഷിക്കുന്നു.
പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു
ധനം ചിലവഴിക്കുന്നതിനെ പറ്റിയും
പൗരസമൂഹം നടത്തുന്ന പരസ്യവും
സ്വതന്ത്രവുമായ പരിശോധനയാണ്
സോഷ്യൽ ഓഡിറ്റ്.

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു

**1.**തൊഴിൽ കാർഡിന് അപേക്ഷിക്കാൻ ഉം 15 ദിവസത്തിനകം ലഭിക്കുവാനും ഉള്ള അവകാശം

2. തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽ ലഭിക്കാനുള്ള അവകാശം
3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം
4. ഏറ്റെടുക്കേണ്ട പ്രവർത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം
5. താമസസ്ഥലത്തിന് 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനും ഉള്ള

അവകാശം

6. കുടിവെള്ളം തണൽ പ്രാഥമിക ശുശ്രൂഷ കിറ്റ് തൊഴിലാളികളോട് ഒപ്പം അഞ്ചു വയസ്സിനു താഴെയുള്ള അഞ്ചു കുട്ടികൾ പ്രവർത്തി സ്ഥലത്ത് വന്നിട്ടുണ്ട് എങ്കിൽ അവരെ നോക്കാനായി ആയ, ഇതിനായുള്ള അവകാശം

7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം

8. കൂലി ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ നഷ്ടപരിഹാരം കിട്ടുന്നതിനുള്ള അവകാശം

9. പരാതികളിൽ സമയബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിനുള്ള അവകാശം

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

## പൊതുവിവരങ്ങൾ

# ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

ജില്ല : തിരുവനന്തപുരം

ബ്ലോക്ക് : വർക്കല

പഞ്ചായത്ത് : ചെറുന്നിയൂർ
വിസ്തീർണ്ണം : 10.87 ച. കി
വാർഡുകളുടെ എണ്ണം :14
ജനസംഖ്യ :18114 (2011 ലെ സെൻസസ് പ്രകാരം)
സ്ത്രീ പുരുഷ അനുപാതം :97:82

പട്ടികജാതി : 4449
പ്രസിഡന്റ് :നവപ്രകാശ് N

സെക്രട്ടറി :സിന്ധു ആർ.എസ്

വാർഡ് :താന്നിമൂട്
വാർഡ്മെമ്പർ:സുമേഷ്
പ്രധാന തൊഴിൽ :കൃഷിയും അനുബന്ധ മേഖലകളും
രജിസ്ട്രേഡ് വർക്കേഴ്സ് : 4103
സജീവ തൊഴിലാളികൾ : 1346
100 ജോലി തികഞ്ഞവർ :470

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

=================================================

തിരുവനന്തപുരം ജില്ല
വർക്കല ബ്ലോക്ക്
ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത്

വാർഡ് :11 താന്നിമൂട്

1)പ്രവത്തിയുടെ പേര് :
സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തനങ്ങൾ (വിഭാഗം ബി ഖണ്ഡിക 5 പ്രകാരം

പ്രവർത്തിയുടെ കോഡ് :1614010002/IF/385379

അടങ്കൽ തുക :291971
ചിലവായ തുക :164231

പ്രവർത്തി ആരംഭിച്ച തീയതി :14/02/2019

പ്രവൃത്തി പൂർത്തീകരിച്ച തീയതി :
21/03/2019

ആകെ തൊഴിൽദിനങ്ങൾ : 596
മസ്റ്ററോളുകളുടെ എണ്ണം : 7

മേറ്റ് : രുഗ്മ

2)പ്രവർത്തിയുടെ പേര്
:സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ
ഭൂവികസന പ്രവർത്തികൾ ( ഖണ്ഡിക 5
പ്രകാരം)
പ്രവർത്തിയുടെ കോഡ് :1614010002/IF/376981

അടങ്കൽ തുക : 206533

ചിലവായ തുക :202708
പ്രവൃത്തി ആരംഭിച്ച തീയതി :10/12/2018
പ്രവർത്തി അവസാനിച്ച തീയതി : 06/02/2019
ആകെ തൊഴിൽദിനങ്ങൾ : 735
മസ്റ്റർ റോളുകളുടെ എണ്ണം : 9
മേറ്റ് : രുഗ്മ

3)പ്രവർത്തിയുടെ പേര് :
സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ
ഭൂവികസന പ്രവർത്തികൾ ( ഖണ്ഡിക 5
പ്രകാരം)

പ്രവർത്തിയുടെ  കോഡ് :1614010002/IF/362986

അടങ്കൽ തുക : 188683

ചിലവായ തുക :183124
പ്രവൃത്തി ആരംഭിച്ച തീയതി :29/10/2018
പ്രവർത്തി അവസാനിച്ച തീയതി :  24/12/2018
ആകെ തൊഴിൽദിനങ്ങൾ : 664
മസ്റ്റർ റോളുകളുടെ എണ്ണം : 9
മേറ്റ് : അംബിക
4)പ്രവർത്തിയുടെ പേര്  :
സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ (വിഭാഗം ബി ഖണ്ഡിക 5

പ്രവർത്തിയുടെ കോഡ്  :1614010002/IF/385385
അടങ്കൽ തുക : 291971

ചിലവായ തുക :141312
പ്രവൃത്തി ആരംഭിച്ച തീയതി :07/03/2019
പ്രവർത്തി അവസാനിച്ച തീയതി :  30/03/2019

ആകെ തൊഴിൽദിനങ്ങൾ : 512
മസ്റ്റർ റോളുകളുടെ എണ്ണം : 5

മേറ്റ് : അംബിക

5)പ്രവർത്തിയുടെ പേര്  :
സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ
ഭൂവികസന  പ്രവർത്തികൾ
പ്രവർത്തിയുടെ  കോഡ് :1614010002/IF/366382
അടങ്കൽ തുക : 202465

ചിലവായ തുക :196227
പ്രവൃത്തി ആരംഭിച്ച തീയതി :29/10/2018
പ്രവർത്തി അവസാനിച്ച തീയതി :  05/12/2018
ആകെ തൊഴിൽദിനങ്ങൾ : 712
മസ്റ്റർ റോളുകളുടെ എണ്ണം : 6
മേറ്റ് : അശ്വതി

## വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ഫയലിലെ പ്രധാന കണ്ടെത്തലുകൾ

1. കവർ പേജ് :

5 ഫയലുകളിലും വാർഷിക മാസ്റ്റർ

സർക്കുലർ പ്രകാരമുള്ള കവർപേജ് കാണാൻ സാധിച്ചില്ല.
2.ചെക്ക് ലിസ്റ്റ് :

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലുകളിൽ  കാണാൻ സാധിച്ചില്ല.
3.ആക്ഷൻ പ്ലാൻ :

പരിശോധിച്ച 5 ഫയലുകളിലും ആക്ഷൻപ്ലാൻ കോപ്പി കാണാൻ സാധിച്ചില്ല.

4.ഭരണാനുമതി

:പ്രത്യേകമായി ഭരണാനുമതി ഇല്ലായിരുന്നു. എന്നാൽ ഭരണാനുമതി നമ്പർ സാങ്കേതികാനുമതി ഫോമിൽ ഉൾപ്പെടുത്തിയിരുന്നു.
5.സാങ്കേതിക അനുമതി  :
പരിശോധിച്ച 5 ഫയലുകളിലും പ്രാദേശികമായി തയ്യാറാക്കിയ സാങ്കേതിക അനുമതി പത്രം ഉണ്ട്.

6. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് :
പരിശോധിച്ച 5 ഫയലുകളിലും ഡീറ്റെയിൽഡ്  എസ്റ്റിമേറ്റ് ഉണ്ടായിരുന്നു . ബന്ധപ്പെട്ട അധികാരികളുടെ ഒപ്പും സീലും ഉണ്ടായിരുന്നു.

7. ഡ്രോയിങ് & ഡിസൈനിങ് :
പരിശോധനക്ക് വിധേയമാക്കിയ 5ഫയലുകളിലും ഡ്രോയിംഗ് ആൻഡ് ഡിസൈനിങ് ഇല്ലാരുന്നു.

8.ഡിമാൻഡ് ഫോം :
പരിശോധിച്ച 5 ഫയലുകളിലും   ഡിമാൻഡ് ഫോം ഉണ്ടായിരുന്നു .
തൊഴിലാളികൾ ഒപ്പിട്ട് വെള്ളപേപ്പറിൽ തയ്യാറാക്കിയ ഫോം ആയിരുന്നു.

9. വർക്ക് അലോക്കേഷൻ ഫോം:

പരിശോധിച്ച ഫയലുകളിൽ  വർക്ക് അലോക്കേഷൻ ഫോം ഉണ്ടായിരുന്നില്ല.

10. ഇ -മസ്റ്ററോൾ :

5 ഫയലുകളിലും മസ്റ്ററോൾ ഉണ്ടായിരുന്നു.

11. മസ്റ്ററോൾ മൂവ്മെൻറ് സ്ലിപ് :

മസ്റ്ററോൾ മൂവ്മെൻറ് സ്ലിപ് പരിശോധിച്ച എല്ലാ ഫയലുകളിലും ഉണ്ടായിരുന്നു.

12.വേജ് ലിസ്റ്റ് :

പരിശോധിച്ച 5 ഫയലുകളിൽ IF/385385 എന്ന പ്രവർത്തിയിൽ മാത്രമേ വേജ് ലിസ്റ്റ് ഉണ്ടായിരുന്നുള്ളു.

13. ഫണ്ട് ട്രാൻസ്ഫർ ഓർഡർ:

പരിശോധിച്ച 5 ഫയലുകളിൽ IF/385385 എന്ന പ്രവർത്തി ഫയലിൽ മാത്രമേ എഫ്. ടി. ഒ. ഉണ്ടായിരുന്നുള്ളു.

14. എം ബുക്ക് :

പരിശോധിച്ച 5ഫയലുകളിലും എം ബുക്ക് ഉണ്ട്.

15. മെറ്റീരിയൽ പ്രൊക്യൂർമെൻറ് സ്റ്റേറ്റ്മെൻറ്:

പ്രവർത്തികൾ ഒന്നുംതന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല അതുകൊണ്ട് ഇത് ബാധകമല്ല.

16. മെറ്റീരിയൽ ബില്ല് &വൗച്ചർ :

5 ഫയലുകൾക്കും  ഇത് ബാധകമല്ല.
17. റോയൽറ്റി പെയ്മെൻറ് റെസിപ്റ് :5 ഫയലുകൾക്കും
റോയൽറ്റി ബാധകമായിരുന്നില്ല.
18.ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്

: പരിശോധിച്ച 5 ഫയലുകളിലും ഫോട്ടോഗ്രാഫ് കാണാൻ സാധിച്ചില്ല.
19.വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്:
പരിശോധിച്ച ഒരു ഫയലിലും  കാണാൻ സാധിച്ചില്ല.
20.ജിയോ ടാഗ് ഫോട്ടോഗ്രാഫ് :

ഒരു ഫയലിലും കാണാൻ സാധിച്ചില്ല
21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി

പരിശോധിച്ച 5 ഫയലുകളിലും  കാണാൻ സാധിച്ചില്ല.
22.സൈറ്റ് ഡയറി:

പരിശോധിച്ച 5 ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു. IF/362986 എന്ന പ്രവർത്തി ഫയലിൽ സൈറ്റ് ഡയറി

പൂർത്തീകരിച്ചിട്ടില്ല.

# നിരീക്ഷണങ്ങളും കണ്ടെത്തലുകളും

1)എം ബുക്കിൽ കുഴി,തടം കാട് വെട്ടി തെളിയ്ക്കൽ എന്നിവയാണ് പ്രധാന ഇനം പ്രവർത്തിയായി കണ്ടത്.  സ്വകാര്യ വ്യക്തികളുടെ ഭൂമിയിലായിരുന്നു പ്രവർത്തികൾ.

2)  മനോഹരൻ എന്ന വ്യക്തിയുടെ പുരയിടത്തിൽ തെങ്ങിൻ തടം 5, വാഴക്കുഴി 10, മഴക്കുഴി 1, മാലിന്യസംസ്കരണ കുഴി 1 എന്നിവയാണ് എസ്റ്റിമേറ്റ് പ്രകാരം ഉണ്ടായിരുന്നത്. ഇതിൽ മാലിന്യസംസ്കരണ കുഴി മണ്ണ് മൂടിയ നിലയിലും മഴക്കുഴി ചുള്ളിക്കമ്പുകൾ കൊണ്ട് നിറഞ്ഞ നിലയിലും കാണപ്പെട്ടു.

3) പത്മകുമാർ എന്ന വ്യക്തിയുടെ പുരയിടത്തിൽ തെങ്ങുതടം 5, വാഴക്കുഴി 10,

മാലിന്യക്കുഴി1, മഴക്കുഴി 1 എന്നിവ കണക്കുപ്രകാരം കാണാൻ കഴിഞ്ഞു.
4)ശാന്തയുടെ പുരയിടത്തിൽ എസ്റ്റിമേറ്റ് പ്രകാരം തെങ്ങിൻ തടം- 20, വാഴക്കുഴി -15, മാലിന്യസംസ്കരണകുഴി -1, മഴക്കുഴി -1 ഇവയായിരുന്നു. എന്നാൽ പുരയിടത്തിൽ മാലിന്യക്കുഴി, മഴക്കുഴി എന്നിവ കണ്ടെത്താൻ സാധിച്ചില്ല. പകരം അതിരുകോരി നൽകി.
5)സരോജിനിയുടെ പുരയിടത്തിൽ തെങ്ങിൻതടം 5, വാഴക്കുഴി 10, തെങ്ങിൻകുഴി 3, മാലിന്യസംസ്കരണകുഴി 1, മഴക്കുഴി 1 എന്നിവ എസ്റ്റിമേറ്റ് പ്രകാരം കാണാൻ സാധിച്ചു.
7)രാജീവിന്റെ പുരയിടത്തിൽ തെങ്ങിൻതടം 5, വാഴക്കുഴി 5, തെങ്ങിൻകുഴി 3, മാലിന്യക്കുഴി 1, മഴക്കുഴി 1 എന്നിവ പറഞ്ഞിട്ടുണ്ടെങ്കിലും മഴക്കുഴി കാണാൻ സാധിച്ചില്ല. മാലിന്യക്കുഴി പുല്ല് നിറഞ്ഞ് കാണപ്പെട്ടു. വാഴക്കുഴി , തെങ്ങിൻകുഴി എന്നിവ

ഉപയോഗശൂന്യമായി കണ്ടു.

8)സോണിയയുടെ പുരയിടത്തിൽ തെങ്ങിൻതടം 5, വാഴക്കുഴി 10, തെങ്ങിൻകുഴി 5, മാലിന്യക്കുഴി 1, മഴക്കുഴി 1 എന്നിവ എസ്റ്റിമേറ്റ് പ്രകാരം പറഞ്ഞിട്ടുണ്ടെങ്കിലും തെങ്ങിൻതടം, മാലിന്യക്കുഴി എന്നിവ മാത്രമേ കാണാൻ കഴിഞ്ഞുള്ളു. മാലിന്യക്കുഴി മണ്ണ് വീണ് നികന്നനിലയിലും കാണപ്പെട്ടു. ബാക്കിയെല്ലാം കല്യാണആവശ്യത്തിനായി നികത്തിയതായി വീട്ടുടമ പറഞ്ഞു.
9)നടേശൻ എന്ന വ്യക്തിയുടെ പുരയിടത്തിൽ തെങ്ങിൻതടം 10, വാഴക്കുഴി 10, തെങ്ങിൻകുഴി 5, മാലിന്യക്കുഴി 1, മഴക്കുഴി 1 എന്നിവയിൽ മാലിന്യക്കുഴി കാണാൻ സാധിച്ചില്ല. മഴക്കുഴിയിൽ തെങ്ങ് വച്ചുപിടിപ്പിച്ച നിലയിലായിരുന്നു. ഒരു തെങ്ങിൻകുഴി മാത്രമേ കാണാൻ കഴിഞ്ഞുള്ളു.
10)പ്രശാന്തയുടെ പുരയിടത്തിൽ

തെങ്ങിൻതടം 6, വാഴക്കുഴി 10 എന്നിവ കാണാൻ സാധിച്ചു. 5 തെങ്ങിൻകുഴി ഇല്ലായിരുന്നു. മഴക്കുഴി, വേസ്റ്റ്കുഴി എന്നിവ ഉപയോഗശൂന്യമായി പുല്ല് നിറഞ്ഞ അവസ്ഥയിലായിരുന്നു.

11)രോഹിണിയുടെ പുരയിടത്തിൽ തെങ്ങിൻതടം 5, വാഴക്കുഴി 10, വേസ്റ്റ് കുഴി 1, മഴക്കുഴി 1എന്നിവയായിരുന്നു എസ്റ്റിമേറ്റ് പ്രകാരം. എന്നാൽ വീട് വയലിന് സമീപം ആയതിനാൽ മഴക്കുഴി, വേസ്റ്റ് കുഴി എന്നിവ വേണ്ട എന്ന ഉടമയുടെ നിർദ്ദേശപ്രകാരം അതിരുകോരി നൽകുകയാണ് ചെയ്തത്.

12)രഞ്ചുവിന്റെ പുരയിടത്തിൽ തെങ്ങിൻതടം 15, വാഴക്കുഴി 15, തെങ്ങിൻകുഴി 5, വേസ്റ്റ് കുഴി 1, മഴക്കുഴി 1 എന്നിവ എസ്റ്റിമേറ്റ് പ്രകാരം ഉണ്ടായിരുന്നു.

13)പ്രസന്നവല്ലിയുടെ പുരയിടത്തിൽ തെങ്ങിൻതടം 12, വാഴക്കുഴി 10, വേസ്റ്റ് കുഴി 1, മഴക്കുഴി 1 ഇവയായിരുന്നു എസ്റ്റിമേറ്റ് പ്രകാരം. എന്നാൽ മഴക്കുഴി, വേസ്റ്റ് കുഴി

എന്നിവയ്ക്ക് പകരം അതിര് കാണാൻ സാധിച്ചു.
14)ഫീൽഡ് വിസിറ്റിങ്ങിനിടെ തൊഴിലാളികളെ കാണുകയും തൊഴിലാളികൾ കാർഡുകൾ പരിശോധിക്കുകയും ചെയ്തു. 11-ആം വാർഡിൽ 3 ഗ്രൂപ്പുകളിലായി 120 സജീവ തൊഴിലാളികൾ ഉണ്ടായിരുന്നു.  ഈ വർഷം 8 തൊഴിൽദിനങ്ങൾ മാത്രമാണ് തൊഴിലാളികൾക്കു ലഭിച്ചത്. കഴിഞ്ഞ വർഷം ഒട്ടുമിക്ക തൊഴിലാളികൾക്കും 100 തൊഴിൽദിനങ്ങൾ കിട്ടി.

15) IF/385379 എന്ന പ്രവർത്തി ഫയലിൽ മസ്റ്ററോൾ നമ്പർ  27164-27166, 27199 ഇവയിൽ 266 രൂപയാണ് വേതനമായി നൽകിയത്.IF/376981 എന്ന ഫയലിൽ 21158-21168, 21333-21335എന്നീ മസ്റ്ററോൾ നമ്പറുകൾ പ്രകാരം 270 രൂപയുമാണ് നൽകിയിരിക്കുന്നത്.
16)IF/362986 എന്ന ഫയലിൽ 18295 എന്ന

മസ്റ്ററോൾ പ്രകാരം 261 രൂപയാണ്
വേതനമായി നൽകിയിരിക്കുന്നത്. ഈ
ഫയലിൽ എം ബുക്കിൽ 100രൂപയുടെ
കുറവുണ്ട്. ഷാർപെനിംഗ് ചാർജ് 3320 നു
പകരമായി 3460 എന്നും എം ബുക്കിൽ
രേഖപ്പെടുത്തിയിരിക്കുന്നു.
17)IF/366382 എന്ന ഫയലിൽ 15638-15645
വരെയുള്ള മസ്റ്ററോൾ പ്രകാരം 270 രൂപയാണ്
വേതനമായി നൽകിയിരിക്കുന്നത്.

# ചർച്ച

=====

ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ 11ആം

വാർഡിലെ ( താന്നിമൂട് )   ഗ്രാമസഭ  09-11-2019 ന് രാവിലെ 10  മണിക്ക് താന്നിമൂട് KGGLP സ്കൂളിൽ ആരംഭിച്ചു . യോഗത്തിന്റെ തുടക്കത്തിൽ അവിടെ കൂടിയ തൊഴിലാളികളിൽ നിന്നും 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ  രത്നമ്മ എന്ന തൊഴിലാളിയെ

അധ്യക്ഷസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. തുടർന്ന് ഭരണഘടനാ പ്രതിജ്ഞ വി ആർ പി സൗമ്യ ചൊല്ലികൊടുത്തു .  വാർഡ് മെമ്പർ സുമേഷ്  സ്വാഗതം പറയുകയും  വി ആർ പി റിജിലാൽ  തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചും സോഷ്യൽ ഓഡിറ്റിങ്ങിനെക്കുറിച്ചും  ആമുഖപ്രസംഗം നടത്തുകയും ചെയ്തു  . തുടർന്നു വി ആർ പി റിജിലാൽ  തൊഴിലാളികളുടെ പത്ത് അവകാശങ്ങൾ വിശദീകരിച്ചു.  തുടർന്ന് വി ആർ പി സൗമ്യ, സ്വപ്ന എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു.അതിനുശേഷം റിപ്പോർട്ട് അവതരണത്തെ കുറിച്ചും

തൊഴിലാളികളുടെ പരാതികളെ കുറിച്ചും ചർച്ചചെയ്തു.

100 തൊഴിൽദിനങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി തൊഴിലാളികൾ ഉന്നയിച്ചു. 100 ദിവസം തൊഴിൽ ലഭിക്കാനായി തൊഴിൽ ആവശ്യപ്പെടേണ്ട രീതിയെക്കുറിച്ചു വി ആർ പി വ്യക്തമാക്കി.
തൊഴിൽ കാർഡ് പുതുക്കാനായി ഫോട്ടോയെടുക്കാൻ തൊഴിലാളികളിൽ നിന്നും  പണം ചെലവായി എന്ന് ചർച്ചയിൽ മനസ്സിലായി. എന്നാൽ  തൊഴിൽ കാർഡ്  പുതുക്കൽ  സൗജന്യം ആണെന്നും തൊഴിലാളികൾക്ക് പൈസ ചെലവാക്കേണ്ട ആവശ്യമില്ലെന്നും വി ആർ പി വ്യക്തമാക്കി.

തൊഴിൽ കിട്ടുന്നില്ല എന്നതായിരുന്നു തൊഴിലാളികളുടെ പ്രധാന പരാതി. പരാതിക്ക് ഓവർസിയർ, വി ആർ പിമാർ  മറുപടി നൽകി.എന്തെന്നാൽ ഈ പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ചെയ്യേണ്ടുന്ന വ്യക്തിഗതവും പൊതുസമൂഹത്തിന് ഉതകുന്നതുമായ പ്രവർത്തികളെ കുറിച്ച് വ്യക്തമാക്കുകയും ചെയ്തു.
5 kmചുറ്റളവിൽ പണി ലഭിക്കാറില്ലെന്നും അതിൽ കൂടുതലാണ് എങ്കിൽ TA ആയി ലഭിക്കേണ്ട വേതനത്തിന്റെ 10%കിട്ടാറില്ല എന്നും തൊഴിലാളികൾ പറഞ്ഞു.
തൊഴിലിടങ്ങളിൽ വെച്ചുള്ള അപകടങ്ങൾക്ക് ചികിത്സ ചിലവ് ലഭിക്കുന്നില്ല എന്ന പരാതി തെഴിലാളികൾ ഉന്നയിച്ചു.

അപകടങ്ങൾ നടന്നാൽ അത് ഉടൻ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെഅറിയിക്കണമെന്നും ചിലവാകുന്ന പണത്തിന്റെ രസീതുകൾ പഞ്ചായത്തിൽ നൽകണമെന്നും വി  ആർ പി  മറുപടി നൽകി.
ഫസ്റ്റ് എയ്ഡ് ബോക്സ്, ടാർപ്പ   എന്നിവ തൊഴിലാളികൾക്ക് സൗജന്യമായി ലഭിക്കുന്നില്ലെന്ന് പരാതി പറയുകയുണ്ടായി.  ഇതിന്റെ പരിഹാരം ഉടനെ ഉണ്ടാകും എന്ന് ഓവർസിയർ  ഉറപ്പുനൽകി.
തൊഴിലാളി തന്നെ തൊഴിൽ കണ്ടെത്തി നൽകണം എന്ന പഞ്ചായത്ത് നിലപാട് വിമർശനാത്മകമായി ഉയർന്നുവന്നു.

വേതനം ലഭിക്കുന്നതിൽ വരുന്ന

കാലതാമസം യോഗത്തിൽ ചർച്ചാവിഷയമായി. പഞ്ചായത്തിൽ നിന്നും 7 ദിവത്തിനകം തന്നെ വേതനം ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നു ഓവർ സിയർ മറുപടി നൽകി.
ഫയലിൽ ഇല്ലാത്ത ചില പ്രധാനപ്പെട്ട രേഖകൾ ഇനിയുള്ള ഫയലുകളിൽ കൃത്യമായി ഉൾപ്പെടുത്തുമെന്നും ഓവർസിയർ ഗ്രാമസഭയിൽ ഉറപ്പുനൽകി.

ചർച്ചകൾക്ക് ഒടുവിൽ തൊഴിലാളികൾ റിപ്പോർട്ട് കൈയടിച്ചു പാസാക്കി. ഉച്ചയ്ക്ക് 12 ന് നന്ദി പറഞ്ഞു കൊണ്ട് യോഗം അവസാനിപ്പിച്ചു.

# നന്ദി

==========

വർക്കല ബ്ലോക്കിലെ ചെറുന്നിയൂർ പഞ്ചായത്തിലെ വാർഡ് 11 ന്റെ 2018- 19 സാമ്പത്തികവർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി

തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ചെറുന്നിയൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി,  ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ ഫീൽഡ് പ്രവർത്തനങ്ങൾക്ക് സഹായിച്ച മേറ്റ്മാർ, തൊഴിലുറപ്പ് തൊഴിലാളികൾ

എന്നിവർക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

## തിരുവനന്തപുരം

## വർക്കല ബ്ലോക്ക്

## ചെറുന്നിയൂർ പഞ്ചായത്ത്

## വാർഡ് -12 (പന്നെിക്കോട് )

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 1/10/2018 to 31/03/2019**

റിപ്പോർട്ട് തയ്യാറാക്കിയത്

തിരുവനതപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

അനിൽ സുചിത്ര ചിത്ര VRP

ആർഷ എ എസ് VRP

നന്ദു രാജ് ആർ VRP

സൗമ്യ എസ് ബി VRP

സുഹൈൽ എ എസ് VRP

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ

പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ലാ ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂൾ** 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂൾ** 1 & **ഷെഡ്യൂൾ** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 7,8,9 |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |

| | | |
|---|---|---|
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂൾ** 2**പാരഗ്രാഫ്** 18 & **പാരഗ്രാഫ്** 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **ഷെഡ്യൂൾ**2 **പാരഗ്രാഫ്** 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സെഷൻ**3(2), 6, sch 2 ,29,a,b,c,d,e,f. 30 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സെഷൻ** 19, & **സെഷൻ** 17(2) |

അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ.

*** ഫയൽ പരിശോധനയിൽ വ്യക്തമായ ഡിമാന്റ് ഫോറം കാണാൻ സാധിച്ചില്ല് . അതിനാൽ തൊഴിലിനു അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ആയതിനാൽ തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു അവർ തൊഴിലുറപ്പ് നിയമ പ്രകാരമല്ല തൊഴിൽ ആവശ്യപ്പെട്ടത് എന്ന് മനസിലായി.**

*** ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.**

***തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.**

***തൊഴിൽ സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ടെങ്കിലും അവയെല്ലാം തൊഴിലാളികൾ സ്വന്തമായി ക്രമീകരിച്ചിരിക്കുന്നതാണ്.**

*** ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.**

***തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.**

*** തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.**

*** പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിച്ചതായി അറിയാൻ സാധിച്ചിട്ടില്ല അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല.**

## പൊതുവിവരങ്ങൾ -ചെറുന്നിയൂർ പഞ്ചായത്ത്

| | |
|---|---|
| ജില്ല | തിരുവനന്തപുരം |
| ബ്ളോക്ക് | വർക്കല |
| വിസ്തീർണ്ണം | 10.87ച.കി.മീ. |
| വാർഡുകളുടെ എണ്ണം | 1. 14 |

| | |
|---|---|
| ജനസംഖ്യ | 2. 18114 |
| സ്ത്രീ : പുരുഷ അനുപാതം | 97:82 |

തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ വർക്കല ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശമാണ് ചെറുന്നിയൂർ ഗ്രാമപഞ്ചായത്തു. ഈ പ്രേദശത്തിന്റെ സമ്പത് ഘടനയിലെ നിർണ്ണായക ഘടകം കാർഷിക മേഖല ആയിരുന്നു.ഭൂപ്രകൃതി അനുസരിച് ഈ പ്രദേശത്തെ പാലച്ചിറ പുത്തന്കടവ് നീർത്തടം, അയന്തി ശാസ്താം നട നീർത്തടം, വെന്നികൊടെ ചെറുന്നിയൂർ നീർത്തടം എന്നിങ്ങനെ മൂന്നായി തിരികാം.ഈ നീർത്തടങ്ങളിൽ ആകെ 8 തോടുകളും 17കുളങ്ങളും ഒരു കായലും ഒട്ടേറെ നീരുറവകളും ഉണ്ടായിരിന്നു. ചെറു നീരുറവകളുടെ നാട് എന്ന അർത്ഥത്തിൽ ആണ് ചെറുന്നിയൂർ എന്ന നാമം ലഭിച്ചത്.തോടുകളും, കുളങ്ങളും നീരുറവകളും പലതും നിലവിലുള്ളതായിട്ടുണ്ട് അശാസ്ത്രീയമായ വയൽ നികത്തൽ, കുന്നിടിച്ചു നിരപ്പാക്കൽ, കായൽ നികത്തൽ, മണലൂറ്റി എന്നിവ മൂലം ഭൂപ്രകൃതി ആകെ മാറിയിരിക്കുന്നു.വടക്കു പാലച്ചിറ വടശ്ശേരിക്കോണം തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് തെക്കുകിഴക്കും തെക്കുപടിഞ്ഞാറും കോഴി തോട്ടം കായലിലേക്ക് ചരിഞ്ഞു കിടക്കുന്ന ഒരു ഭൂ വിഭാഗമാണ് ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്, ഏകദേശം ഒരു ഉപദ്വീപിന്റെ ആകൃതി ആണെന്ന് പറയാം. വടക്കുപടിഞ്ഞാറൻ പ്രതീക്ഷയുമായ ജയന്തി താരതമ്യേനെ ഉയർന്ന ഭാഗവും കിഴക്കൻ പ്രദേശമായ വെള്ളിയാഴ്ചകാവ് കമ്പിക്കകം  എന്നിവ താഴ്ന്ന പ്രദേശങ്ങളും ആണ് മരക്കടമുക്കുവരെ വ്യാപിച്ചുകിടക്കുന്ന കുന്നും പള്ളിക്കുന്നു പടിഞ്ഞാറ് കല്ലുമലകുന്നും വടക്ക് പാലച്ചിറ യുമാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങൾ. വിസ്തൃതിയിൽ വലുത് കല്ലുമാല കുന്നും ചെറുത് പള്ളിക്കുന്നും ആണ് ഇവിടെ നിന്നും നോക്കിയാൽ പഞ്ചായത്തിൻറെ മനോഹരമായ ദൃശ്യം ലഭിക്കും. ക്രമമായി ചരിഞ്ഞ ഒരു ഭൂപ്രകൃതി അല്ല മറിച്ച് ഉയർന്ന പ്രദേശങ്ങളും വയലുകളും താഴ്ന്ന പ്രദേശങ്ങളും കൂടിക്കലർന്ന കായലോരങ്ങളും അവസാനിക്കുന്ന ഭൗമ ഘടന ഇനം തിരിച്ച് പരിശോധിച്ചാൽ കുന്നിൽ  പ്രദേശവും തീരപ്രദേശവും ഉൾപ്പെടുന്നതാണ് ഈ പഞ്ചായത്ത്.

സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

**കരേളസ·ോഷ്യൽ**ഓഡിറ്റ്സൊസൈറ്റിതൊഴിലുറപ്പുപദ്ധതി തിരുവനന്തപുരം ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് 12 ലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

- കഴിഞ്ഞ6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെഫയലുകൾ,വിവരശേഖരണാർത്ഥ MIS എന്നിവ പരിശോധിക്കൽ
- പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
- ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
- തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .
- ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

| S.No | **വർക്ക് കോഡ്** | പ്രവർത്തിയുടെ പേര് | പദ്ധതിയുടെ ആരംഭം | പദ്ധതിയുടെ അവസാനം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് | തൊഴിൽ ദിനങ്ങൾ |
|---|---|---|---|---|---|---|---|
| **1** | 1614010002/LD/251 | സ്വകാര്യ | | | 221288 | 21702 | 788 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 215 | വ്യക്തികളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ കൃഷി വകുപ്പുമായി ചേർന്നുള്ള സംയോജിത പദ്ധതി ജല സേചനത്തിനു ള്ള സൗകര്യം ഒരുക്കൽ | | | | 8 | |
| 2 | 1614010002/LD/251245 | സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ കൃഷി വകുപ്പുമായി ചേർന്നുള്ള സംയോജിത പദ്ധതി ജല സേചനത്തിനു ള്ള സൗകര്യം ഒരുക്കൽ | | | 217028 | 193051 | 699 |

# 22 ഡോക്യൂമെന്ററസ്

**1. കവർപേജ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച 2 **ഫൈലുകളിൽ** ഒരു പ്രവർത്തിയിൽ പോലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർ പേജ് കാണാൻ സാധിച്ചില്ല.

**2. ചെക്ക് ലിസ്റ്റ്**

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച 2 ഫൈലുകളിലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ചെക്ക് ലിസ്റ്റ് കാണാൻ സാധിച്ചില്ല .

**3. ആക്ഷൻപ്ലാൻ കോപ്പി**

പരിശോധിച്ച 2 ഫയലുകളിൽ ഒരു ഫയലിൽ പോലും വാർഷിക മാസ്റ്റർ സറകുലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

**4. എസ്റ്റിമേറ്റ് കോപ്പി**

പരിശോധിച്ച 2 ഫയലുകളിലും എസ്റ്റിമേറ്റ് കോപ്പി കാണാൻ സാധിച്ചു.., എസ്റ്റിമേറ്റ്ന്റെ കോപ്പിയിൽ അക്രഡിക്റ്റഡ് എഞ്ചിനീയരുടെ ഒപ്പ്, സീല് എന്നിവ ഉണ്ടായിരുന്നു.

**5. സാങ്കേതികാനുമതി**

പരിശോധിച്ച 2 ഫൈലുകളിലും വാർഷിക മാസ്റ്റർ പ്രകാരം ഉള്ള സാങ്കേതികനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടില്ല . എന്നാൽ, പ്രാദേശികമായിട്ടുള്ള സാങ്കേതികാനുമതി കോപ്പി സൂക്ഷിച്ചിട്ടുണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ കാണാൻ **സാധിച്ചിട്ടുണ്ട്**

**6. ഭരണാനുമതി**

പരിശോധിച്ച 2 ഫയലുകളിൽ സാങ്കേതികാനുമതി കോപ്പി സൂക്ഷിച്ചിട്ടില്ല .

**7.വർക്ക് അലോക്കേഷൻ ഫോം**

പരിശോധിച്ച 2 ഫയലുകളിൽ വർക്ക് അലോക്കേഷൻ ഫോം ഇല്ലായിരുന്നു.

**8. തൊഴിലിനുള്ള അപേക്ഷ**

പരിശോധിച്ച 2 ഫയലുകളിൽ ഒരു പ്രവർത്തിയിലും വ്യക്തമായ തരത്തിലുള്ള തൊഴിൽ അപേക്ഷ ഉണ്ടായിരുന്നില്ല .

**9. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം**

പരിശോധിച്ച 2ഫയലുകളിലും പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നില്ല.

**10. മസ്റ്റർ റോൾ**

പരിശോധിച്ച 2 പ്രവർത്തി ഫയലുകളുടെ മസ്റ്റ്ർ റോളുകളിൽ ബി.ഡി.ഓ ,സെക്രെട്ടറി എന്നിവരുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നു . ആയുധങ്ങളുടെ വാടക രേഖപെടുത്തിയിട്ടുണ്ട് .

**11. മെഷര്മെന്റ് ബുക്ക്**

മെഷര്മെന്റ് ബുക്കിൽ പ്രീ മെഷര്മെന്റ് ,എ .എസ് നമ്പർ,ടി എസ് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് .

**12. മെറ്റീരിയൽ**

15 പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയുന്നതല്ല. അതുകൊണ്ടു ബാധകമല്ല.

**13. വെജ്‌ലിസ്റ്**

പരിശോധിച്ച 2 പ്രവർത്തിഫയലുകളിൽ മൂന്നിലും വേജ് ലിസ്റ്റ് ഉൾപ്പെടുത്തിയിരുന്നില്ല.

**14.ഫണ്ട് ട്രാൻസ്ഫർ ഓർഡർ**

ഇല്ല

**15. മെറ്റീരിയൽ വൗച്ചർ ബിൽ**

പരിശോധിച്ച 2 ഫൈലുകൾക്കും മെറ്റീരിയൽ വൗച്ചർ ബില്ല് ആവശ്യമില്ല

**16. റോയൽറ്റി**

പരിശോധിച്ച 2 ഫയലുകളിലും റോയൽറ്റി ബാധകം ആയിരുന്നില്ല

**17. ഫോട്ടോഗ്രാഫ്സ് .**

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല

18. **പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

**19. മസ്റ്റർ റോൾ മൂവേമെന്റ്**

മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു.

**20. ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്സ്**

പരിശോധിച്ച ഒരു ഫൈലിലും കാണാൻ സാധിച്ചില്ല .

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല .

## 22. സൈറ്റ് ഡയറി

എല്ലാ ഫയലിലും സൈറ്റ് ഡയറി കാണാൻ സാധിച്ചു . സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട് , സന്ദർശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു , തൊഴിൽ ഉപകരണങ്ങളുടെ വാടക, ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല

**തൊഴിൽ കാർഡ് പരിശോധന**

- തൊഴിൽ കാർഡുകളിൽ തൊഴിൽ ആവശ്യപ്പെട്ടുന്ന സംബന്ധിച്ച വിവരം, പ്രവർത്തിയുടെ അളവ് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചു.

- മസ്റ്റർ റോൾ അനുവദിക്കപ്പെട്ട പ്രവർത്തി, കൂലി നൽകിയത് എന്നീ വിവരങ്ങൾ എഴുതിയത് ഭാഗികമാണ്.

## കണ്ടെത്തലുകൾ( പ്രവർത്തിയുടെ സന്ദർശ്ശനം )

### പ്രവർത്തി 1:

### സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂ വികസന പ്രവർത്തികൾ ഖണ്ഡിക 5പ്രകാരം

**161401002/IF/251245**

### 1 ഗുണഭോക്താവു ആണ് ഈ പദ്ധതിയിൽ ഉൾപെട്ടിരിക്കുന്നതു

- കുമാരി എസ് സഹദേവൻ , വെന്നികൊടെ, പുരയിടത്തിൽ 500 വാഴകുഴി, 100 തെങ്ങിൻതടം , അതിരു, വാഴ, മരച്ചീനി, പയർ, ചേന, ചേമ്പ്

ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു.

- 5 ഏക്കർ പുരയിടം ആയിരുന്നു കൃഷി നന്നായി ചെയ്തിരിക്കുന്നു.

**പ്രവർത്തി 2:**

## സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂ വികസന പ്രവർത്തികൾ ഖണ്ഡിക 5പ്രകാരം

**161401002/IF/251215**

### 3 ഗുണഭോക്താക്കൾ ആണ് ഈ പദ്ധതിയിൽ ഉൾപെട്ടിരിക്കുന്നതു

- രാജൻ , വെന്നികൊടെ, 46 സെന്റ് പുരയിടത്തിൽ 10 വാഴകുഴി, 10 തെങ്ങിൻതടം , അതിരു, 1 വേസ്റ്റ് കുഴി, 2 മഴക്കുഴി കൂടെ പാട്ടക്കൃഷിയും എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു.
- കരുണാകരൻ, വെന്നികൊടെ, 110 സെന്റ് പുരയിടത്തിൽ 50 വാഴകുഴി, 100 തെങ്ങിൻതടം , തെങ്ങിൻ കുഴി -25, വേസ്റ്റ് കുഴി -1, മഴക്കുഴി -4 എന്നിവ എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു.

- സത്യപാലൻ , വെന്നികൊടെ, 44 സെന്റ് പുരയിടത്തിൽ 10വാഴകുഴി, 10 തെങ്ങിൻതടം , തെങ്ങിൻ കുഴി 2, വേസ്റ്റ് കുഴി -1 മഴക്കുഴി -1അതിരു, ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു.

# പൊതു നിരീക്ഷണം

- തൊഴിലാളികൾ അവരുടെ പ്രവർത്തികൾ കൃത്യമായി ചെയ്യുന്നുണ്ട് പക്ഷെ ഗുണഭോകതാക്കൾ അത് ഉപയോഗിക്കുന്നില്ല വീണ്ടും മൂന്നുവർഷം കഴിഞ്ഞു ഭൂവികസന പ്രവർത്തനത്തിലൂടെ ഗുണഭോകതാക്കളുടെ പുരയിടത്തിൽ പ്രവർത്തി ചെയ്തു കൊടുക്കുമെന്ന കരുതലുണ്ട്

- തൊഴിലാളികൾ ഫ്രണ്ട് ഓഫീസ് മുഖേനെ അപേക്ഷ നൽകുകയോ കൈപ്പറ്റ് രസീത് വാങ്ങിക്കുകയും ചെയ്യുന്നില്ല.
- വർക്ക് ഫയലിൽ ഉൾപ്പെടുത്തേണ്ട 22 ഇനം ഡോക്യൂമെന്റുകൾ എല്ലാം തന്നെ ഫയലിൽ ഉൾപെടുത്തുന്നില്ല.

- എസ്റ്റിമേറ്റ് ജനകിയ ഭാഷയിൽ എഴുതുന്നില്ല
- ഓരോ പ്രവൃത്തിയുടെയും ഉദ്ദേശ്യലക്ഷ്യം ഗുണഭോക്താക്കളെ പറഞ്ഞു ബോധ്യപെടുത്തുന്നില്ല.
- മസ്റ്റർറോൾ തിരുത്തലുണ്ട്.
- എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന പ്രവർത്തിയ്ക്ക് പുറമെ ഗുണഭോക്താക്കൾ പറയുന്ന പ്രവർത്തികൾ കൂടി ചെയ്യേണ്ടി വരുന്നു.
- തൊഴിൽ സ്ഥലത്തു അപകടം സംഭവിച്ചു കഴിഞ്ഞാൽ ഉണ്ടാകുന്ന ആശുപത്രി ചിലവുകളും മറ്റിനുമുള്ള ബില്ലുകൾ തൊഴിലാളികൾ പഞ്ചായത്തിൽ ഏല്പിക്കുന്നില്ല. അങ്ങനെ ചെയ്താൽ അവര്ക് ചിലവായ തുക തിരികെകിട്ടുമെന്നുള്ള അറിവില്ലായ്മ ആണ് ഇതിനുള്ള കാരണം.
- പഞ്ചായത്തിൽ മെറ്റീരിയൽ പ്രവർത്തികൾ വളരെ കുറവാണു തീരെ ഇല്ലെന്നു തന്നെ പറയാം.

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്, തുക വിനിയോഗം, തൊഴിലാളികളുടെ അവകാശങ്ങൾ എന്നിവയുമായി ബന്ധപെട്ടു ചെറുന്നിയൂർ പഞ്ചായത്തിലെ 14 വാർഡുകളിലും നടത്തപ്പെട്ട സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനും അംഗീകരിക്കുന്നതിനുമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 17 -)о വകുപ്പ് പ്രകാരം 7/11/2019 വെന്നിക്കോട് ട്ബാബുജി മെമ്മോറിയൽ ലൈബ്രറി   നടത്തിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ ചർച്ചയുടെ വിവരങ്ങളും തീരുമാനങ്ങളും

അജണ്ട

- സ്വാഗതം
- അദ്യക്ഷനെ തിരഞ്ഞെടുക്കൽ
- റിപ്പോർട്ട് അവതരണം
- ചർച്ചയും ക്രോഡീകരണവും
- നന്ദി

Vrp സുഹൈൽ  സ്വാഗതം പറഞ്ഞു കൊണ്ട് ഗ്രാമസഭ തുടങ്ങി. ആദ്യമായി അധ്യക്ഷനെ തിരഞ്ഞെടുത്തു : പുഷ്പ  (100 തൊഴിൽ നേടിയ തൊഴിലാളി)

ഭരണഘടനാ പ്രതിനജ്ഞാ vrp നന്ദു രാജ് പറഞ്ഞു കൊടുത്തു.

തൊഴിലാളികളുടെ പത്ത് അവകാശങ്ങളെ പറ്റി vrp സൗമ്യ വിശദമാക്കി കൊടുത്തു

അതിനു ശേഷം റിപ്പോർട്ട് അവതരണം vrp അനിൽ സുചിത്ര ചിത്ര റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ചർച്ച തുടങ്ങി, തൊഴിലാളികളുടെ ആവശ്യങ്ങളും പരാതികളും ചുവടെ ചേർക്കുന്നു:

1. ജോലി സമയം 5:00 pm നിന്നു 4:00 ആക്കണം
2. ജോലി ചെയ്ത കൂലി സമയത്തു കിട്ടുന്നില്ല. വേതനം കിട്ടുന്നതിൽ താമസം ഉണ്ടാകുന്നതു വളരെ ബുദ്ധിമുട്ടായി തൊഴിലാളികൾ പറയുന്നു
3. അപേക്ഷ നൽകിയിട്ടും തൊഴിൽ കിട്ടുന്നില്ല, കുമാരി എന്ന തൊഴിലാളി പറഞ്ഞു
4. തൊഴിലിനുള്ള അപേക്ഷ നൽകിയാൽ പഞ്ചായത്തിൽ സ്വീകരിക്കില്ല എന്നും കുമാരി പറഞ്ഞു
5. തണലിനുള്ള സൗകര്യങ്ങൾ ലഭിക്കുന്നില്ല, ബൂട്സ് കൊടുക്കാമെന്ന് പറഞ്ഞിട്ട് കൊടുത്തില്ല
6. മറ്റുള്ളവർക് അവധി ദിവസം പണികൊടുക്കുന്നു ഞങ്ങളുടെ വാർഡ് മാത്രം അവധി ദിവസം പണി കിട്ടുന്നില്ല.

**മറുപടി**

1. സമയം മാറ്റം സോഷ്യൽ ഓഡിറ്റിന്റെ പരിധിയിൽ നികുന്നതല്ല. റിപ്പോർട്ടിൽ പരാമർശിക്കാമെന്നു വി ആർ പിമാർ ഉറപ്പുനൽകി
2. വേധനം ബാങ്കുവഴി ലഭ്യമാക്കുന്നതിലുണ്ടാകുന്ന തടസ്സമാണ് കൂടുതലും എന്ന് വി ആർ പി അനിൽ സുചിത്ര ചിത്ര മറുപടി നൽകി.വേധനത്തിൻറെ കാലതാമസം പരിഹരിക്കാൻ നമ്മുടെ റിപ്പോർട്ടിൽ പരാമർശിക്കുമെന്നു വി ആർ പിമാർ ഉറപ്പുനൽകി.

3. അപേക്ഷ നൽകിയിട്ട് തൊഴിൽ ലഭിക്കാത്തത് അല്ല തൊഴിൽ അനുവദിച്ചു കൊടുക്കുമ്പോൾ തൊഴിലാളികൾ പറയുന്ന സ്ഥലത്ത് തന്നെ വേണം എന്ന് പറഞ്ഞു കൊണ്ട് അവർ അനുവദിച്ച തൊഴിൽ ചെയ്യാൻ സന്നദ്ധര യിരുന്നില്ല അവർക്ക് മറ്റ് വാർഡുകളിൽ പ്രവർത്തി അനുവദിച്ചു കൊടുക്കുമ്പോൾ അവർ അത് ചെയ്യാൻ തയ്യാറല്ല അതിനാലാണ് അവർക്ക് തൊഴിൽ ദിനങ്ങൾ കുറയുന്നത് എന്ന് എ ഇ മറുപടി പറഞ്ഞു.

4. അപേക്ഷ നൽകിയിട്ട്സ്വീകരിക്കാത്തതിനെ പറ്റി അറിവില്ലെന്നും അവർ പുതിയതായി ജോയിൻ ചെയ്തതാണെന്നും മുൻപ് എന്ത് സംഭവിച്ചു എന്ന് അത് കൃത്യമായി അറിയില്ലെന്നും പറഞ്ഞു. ഇനി അങ്ങനെ വല്ലതും സംഭവിക്കുകയാണെങ്കിൽ ആ ഉത്തരവാദിത്വം AE ഏറ്റെടുത്തു കൊള്ളാമെന്ന് പറഞ്ഞു.

5. ബൂട്ടും ടാർപോളിൻ കൊടുക്കാമെന്ന് പറഞ്ഞത് ശരിയാണ്. അഡ്മിൻ ഫണ്ട് കിട്ടുന്നില്ല. ഇനി എ ഡി എസ് അക്കൗണ്ടിൽ കുറച്ചു പൈസ കിടപ്പുണ്ട് അത്

പ്രാഥമിക ശുശ്രൂഷ കിറ്റ് ടാർപോളിൻ ബൂട്ട്സ് തുടങ്ങിയവയ്ക്കു വേണ്ടി ചിലവാക്കാൻ ആണ് തീരുമാനം.അതുപോലെ തരുന്ന സാധനങ്ങൾ സൂക്ഷിക്കുവാനുള്ള ചുമതല കൂടി തൊഴിലാളികൾക്ക് ഉണ്ടായിരിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

6. ഒരു വാർഡിലും അവധി ദിവസം പണികൊടുകുന്നില്ല അത് ബ്ലോക്ക് കമ്മിറ്റി എടുത്ത തീരുമാനം ആണ്. അവധി ദിവസം പഞ്ചായത്ത് അവധി ആയതിനാൽ വർക്ക് സൈറ്റിൽ എത്താൻ ഉദ്യോഗസ്ഥർക് ബുദ്ധിമുട്ടാണ് എന്തെങ്കിലും അപകടം സൈറ്റിൽ സംഭവിച്ചാൽ അവിടെ ഓടി എത്താൻ ചിലപ്പോൾ പറ്റിയില്ലെന്ന് വരും അതൊക്കെ കൊണ്ടാണ് അവധി ദിവസം തൊഴിൽ ചെയ്യിപ്പിക്കാത്തതു.

## തീരുമാനങ്ങൾ

1. കാടുവെട്ടൽ, നിരത്തി കിളയ്ക്കൽ എന്നിവയുടെ റേറ്റ് കുറവായിരിക്കും
2. ആസ്തി ഉള്ള പ്രവർത്തികൾ ആയിരിക്കും ചെയ്യുന്നത്
3. അപേക്ഷ നൽകി 15 ദിവസത്തിനുള്ളിൽ ജോലി നല്കിയിരിക്കും.
4. വേതനം ലഭിക്കുന്നതിന്റെ കാലതാമസം റിപ്പോർട്ടിൽ പരാമർശിക്കും
5. കക്കൂസ് നിർമ്മാണം, കോഴിക്കൂട്, മഴക്കുഴികൾ, കമ്പോസ്റ്റ് കുഴികൾ തുടങ്ങിയ ആസ്തികൾ ചെയ്യാൻ ശ്രമിക്കണം
6. അപേക്ഷ ഫ്രോൻറ്റോഫീസ് വഴി മാത്രമേ നൽകു, നൽകിയിട്ടു കൈപറ്റു റെസിപ്റ് വാങ്ങിയിരിക്കും.
7. ഏതു തൊഴിൽ വേണമെങ്കിലും ചെയ്യാൻ തയ്യാറാണ്

റിപ്പോർട്ട് എല്ലാവരും അംഗീകരിക്കുകയും അദ്യക്ഷ പുഷ്പ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

## നന്ദി

വർക്കല ബ്ലോക്ക് ചെറുന്നിയൂർ പഞ്ചായത്തിലെ വാർഡ് 12 ലെ 2018-19 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച
ബഹുമാനപ്പെട്ട ചെറുന്നിയൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മേറ്റുമാർ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

## *മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി*

### *സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്*

# തിരുവനന്തപുരം

**വർക്കല ബ്ലോക്ക്**

**ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്**

**വാർഡ് 13 കട്ടിംഗ്**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 01/10/2018 to 31/3/2019**

**റിപ്പോർട്ട് തയാറാക്കിയത്**

**തിരുവനന്തപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം**

**അജിത s, മഞ്ജു എം എസ്, അഞ്ജന ജെ ആർ**

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം

അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതത്രവുമായ പരിശോധനയാണ് സോഷ്യൽഓഡിറ്റ്.

## ***ഭരണഘടനാ പ്രതിജ്ഞ***

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,

മതനിരപേക്ഷ,

ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും

ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവും

സാമ്പത്തികവും രാഷ്ട്രീയവുമായ

നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,

സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം

എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന

സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബർ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു'

ഇന്ന് 2019 നവംബർ 7 തീയതി കട്ടിംഗ് അംഗൻവാടിൽകൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ

പങ്കാളികളായ ഞങ്ങൾ  ഭരണഘടനാ മൂല്യങ്ങൾ നടപ്പിലാക്കുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്യുന്നു.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂൾ** 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂൾ** 1 & **ഷെഡ്യൂൾ** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 7,8,9 |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂൾ** 2**പാരഗ്രാഫ്** 18 & **പാരഗ്രാഫ്** 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **ഷെഡ്യൂൾ**2 **പാരഗ്രാഫ്** 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സെഷൻ**3(2),6, sch 2 ,29,a,b,c,d,e,f.30 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |

| | | |
|---|---|---|
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സെഷൻ** 19, & **സെഷൻ** 17( 2) |

## അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ

***തൊഴിൽ കാർഡ് പുതുക്കുന്നതിനു വേണ്ടി തൊഴിലാളികൾക്ക് അവരുടെ കയ്യിൽ നിന്നും കാശ് ചെലവായിട്ടുണ്ടെന്നും, കൂടാതെ തൊഴിൽ കാർഡിനുള്ള ഫോട്ടോ തൊഴിലാളികൾ സ്വന്തം ചെലവിലാണ് നൽകിയിട്ടുള്ളത് എന്നും മനസിലാക്കാൻ സാധിച്ചു.

* ഫയൽ പരിശോധനയിൽ വ്യക്തമായ ഡിമാന്റ് ഫോറം കാണാൻ സാധിച്ചില്ല . അതിനാൽ തൊഴിലിനു അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ആയതിനാൽ തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു അവർ തൊഴിലുറപ്പ് നിയമ പ്രകാരമല്ല തൊഴിൽ ആവശ്യപ്പെട്ടത് എന്ന് മനസിലായി.

* ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.

*തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.

*തൊഴിൽ സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ടെങ്കിലും അവയെല്ലാം തൊഴിലാളികൾ സ്വന്തമായി ക്രമീകരിച്ചിരിക്കുന്നതാണ്.

* ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. *തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.

* തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.

* പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിച്ചതായി അറിയാൻ സാധിച്ചിട്ടില്ല അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞട്ടില്ല.

## പൊതുവിവരങ്ങൾ -ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

| | |
|---|---|
| ജില്ല | തിരുവനന്തപുരം |
| ബ്ളോക്ക് | വർക്കല |
| വിസ്തീർണ്ണം | 10.87 ച.കി.മീ. |
| വാർഡുകളുടെ എണ്ണം | **14** |
| ജനസംഖ്യ | **18114** |
| സ്ത്രീപുരുഷഅനുപാതം | 97:82 |
| പട്ടികജാതി | 4449 |
| പ്രസിഡന്റ് | നവപ്രകാശ് എൻ |
| സെക്രട്ടറി | സിന്ധു R S |
| പ്രധാന തൊഴിൽ | കൃഷിയും അനുബന്ധ മേഖലകളും |
| രജിസ്റ്റേർഡ് വർക്കർ | 4103 |
| സജീവത്തൊഴിലാളികൾ | 1346 |
| 100ജോലി തികഞ്ഞവർ | 470 |

Source : Census data 2011

# സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി തൊഴിലുറപ്പപദ്ധതി തിരുവനന്തപുരം ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് ആറിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

- കഴിഞ്ഞ6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ , MIS എന്നിവ പരിശോധിക്കൽ
- പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
- ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
- തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .
- ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ .

## പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ

| Sl | വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | പദ്ധതി ആരംഭം | പദ്ധതി അവസാനം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് |
|---|---|---|---|---|---|---|
| 1 | 1614010002/IF/351818 | സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ | 27-09-2018 | 05-12-2018 | 211628 | 206099 |

| | | | | | | |
|---|---|---|---|---|---|---|
| | | ഭൂവികസനപ്രവർത്തനങ്ങൾ ഖണ്ഡിക 5പ്രകാരം | | | | |
| 2 | 1614010002/IF/336539 | സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂവികസനം | 26-09-2018 | 26-11-2018 | 154659 | 148764 |

## 22 ഡൊക്യുമെന്റ്സ്

**1. കവർപേജ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച 2ഫയലുകളിലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർപേജ് ലഭ്യമല്ല

**2. ചെക്ക് ലിസ്റ്റ്**

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച 2 ഫയലുകളിലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ് ഉണ്ടായിരുന്നില്ല

**3. ആക്ഷൻപ്ലാൻ കോപ്പി**

പരിശോധിച്ച 2 ഫയലുകളിൽ ഒരു ഫയലിൽ പോലും വാർഷിക മാസ്റ്റർ സറക്കുലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

**4. എസ്റ്റിമേറ്റ് കോപ്പി**

പരിശോധിച്ച 2 ഫയലുകളിലും സെക്യൂരിറ്റിൽ നിന്നുമെടുത്ത എസ്റ്റിമേറ്റിൽ കോപ്പി കാണാൻ സാധിച്ചു.എന്നാൽ ഒരു ഫയലിലും പ്രൊജക്റ്റ് റിപ്പോർട്ട്, സർവ്വേ ഡാറ്റ ,ജനകീയ എസ്റ്റിമേറ്റ്, എന്നിവ ഉണ്ടായിരുന്നില്ല.ബന്ധപ്പെട്ട അധികാരികളുടെ ഒപ്പ്, സീൽ എന്നിവ ഉണ്ടായിരുന്നു.

## 5. സാങ്കേതികാനുമതി

പരിശോധിച്ച 2 ഫയലുകളിലും പ്രാദേശികമായി തയ്യാറാക്കിയ സാങ്കേതിക അനുമതി പത്രമാണ് വർക്ക് ഫയലിൽ കാണാൻ കഴിഞ്ഞത്.സാങ്കേതികനുമതിക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുണ്ട്.

## 6. ഭരണാനുമതി

പരിശോധിച്ച 2 ഫയലുകളിലും ഭരണാനുമതി കാണാൻ സാധിച്ചില്ല.

## 7.തൊഴിലിനുള്ള അപേക്ഷ

പരിശോധിച്ച 2ഫയലിലും ഡിമാൻഡ് ഫോം ലഭ്യമല്ല

## 8. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം

പരിശോധിച്ച 2 ഫയലുകളിലും പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നില്ല.

## 9. ഇ മസ്റ്റർ റോൾ

പരിശോധിച്ച പ്രവർത്തി ഫയലുകളുടെ മസ്റ്റർ റോളുകളിലും വെട്ടിത്തിരുത്തലുകൾ ഉണ്ട്.. മസ്റ്റ്ർ റോളുകളിൽ ബി.ഡി.ഓ ,സെക്രട്ടറി എന്നിവരുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നെങ്കിലും തിയതി ഉണ്ടായിരുന്നില്ല. മസ്റ്റർ റോളുകളിൽ ആയുധങ്ങളുടെ വാടക രേഖപെടുത്തിയിട്ടുണ്ട് .

## 10. മെഷര്മെന്റ് ബുക്ക്

പരിശോധനയ്ക്ക് വിധേയമാക്കിയ 2 ഫയലുകളിലും എം ബുക്ക് ലഭ്യമാണ്. എന്നാൽ ചിലയിടങ്ങളിൽ ബന്ധപ്പെട്ട അധികാരികളുടെ ഒപ്പും സീലും ഡേറ്റും ഇല്ലായിരുന്നു.

## 11. മെറ്റീരിയൽ

2 പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയുന്നതല്ല. അതുകൊണ്ടു ബാധകമല്ല.

## 12.വേജ് ലിസ്റ്റ്

പരിശോധിച്ച 2 പ്രവർത്തിഫയലുകളിലും വേജ് ലിസ്റ്റ് ലഭ്യമല്ല.

## 13.ഫണ്ട് ട്രാൻസ്ഫർ ഓർഡർ

പരിശോധിച്ച 2ഫയലുകളിലും FTO കാണാൻ കഴിഞ്ഞില്ല.

## 14. മെറ്റീരിയൽ ബിൽ ആൻഡ് വൗച്ചർ

പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല. അതുകൊണ്ട് ഇത് ബാധകമല്ല.

### 15. റോയൽറ്റി

പരിശോധിച്ച 2ഫയലുകളിലും റോയൽറ്റി ബാധകം ആയിരുന്നില്ല

### 16. ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്സ്

പരിശോധിച്ച 2 ഫയലുകളിൽ ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ് ലഭ്യമല്ല

### 17.പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല .

### 18.മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്

മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു, എന്നാൽ മസ്റ്റർ റോൾ നമ്പറുകൾ കൃത്യമായി രേഘപെടുത്തതും പല കോളങ്ങളും പൂരിപ്പിക്കാത്ത രീതിയിലും അപൂര്ണമായി എല്ലാ മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകളും കാണപ്പെട്ടു .

### 19.ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്സ്

ഒരു ഫയലിലും കാണാൻ സാധിച്ചില്ല

### 20.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

പരിശോധിച്ച ഒരു ഫയലുകളിലും കാണാൻ സാധിച്ചില്ല .

### 21.സൈറ്റ് ഡയറി

പരിശോദിച്ച 2 ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്ന സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , തൊഴിൽ ഉപകരണങ്ങളുടെ വാടക , വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട് , സന്ദര്ശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു . ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല.

## 22. ഡ്രോയിങ് ആൻഡ് ഡിസൈനിങ്

പരിശോധനയ്ക്ക് വിധേയമാക്കിയ 2 ഫയലുകളിലും ഡ്രോയിങ് & ഡിസൈൻ ലഭ്യമായിരുന്നില്ല

## വർക്ക് ഫയലുകളിലെ പൊതുവായ കണ്ടെത്തലുകളും

- IF/351818 പ്രകാരം മസ്റ്റർറോൾ നമ്പർ 15155 മുതൽ15156 വരെയുള്ള മസ്റ്റർറോളിൽ വേതനം 269 രൂപയാണ് നൽകിയിരിക്കുന്നത്

- IF/336539 പ്രകാരമുള്ള ഫയലിലെ മസ്റ്ററോളിൽ വെട്ടിത്തിരുത്തലുകൾ ഒന്നും തന്നെയില്ലായിരുന്നു
- മസ്റ്ററോള് പ്രകാരമുള്ള തുക തന്നെയാണ് രണ്ടു ഫയലിലെയും എം ബുക്കിലും കാണാൻ കഴിഞ്ഞത്.

### രജിസ്റ്ററുകളുടെ പരിശോധന

നിയമപ്രകാരം7രജിസ്റ്ററുകൾഗ്രാമപഞ്ചായത്ത് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ് അവ ചുവടെ ചേർക്കുന്നു.

**1. തൊഴിൽ card രജിസ്റ്റർ**

**2.ഗ്രാമസഭാ രജിസ്റ്റർ**

**3.ഡിമാൻഡ് രജിസ്റ്റർ**

**4.വർക്ക് രജിസ്റ്റർ**

**5.ആസ്തി രജിസ്റ്റർ**

**6.പരാതി രജിസ്റ്റർ**

**7. മെറ്റീരിയൽ രജിസ്റ്റർ**

**എല്ലാ രജിസ്റ്ററുകളും പഞ്ചായത്ത് സൂക്ഷിക്കുന്നുണ്ട്.**

## പ്രവർത്തിയിടങ്ങൾ പരിശോധിച്ചതിലെ പൊതുവായ കണ്ടെത്തലുകൾ

- ★ IF/351818 കോഡു ഫയലിൽ ആകെ 7 പ്രവർത്തിയിടങ്ങളാണ് സന്ദർശിച്ചത്.
- ★ ലിജുവിന്റെ പുരയിടത്തിൽ മരച്ചീനി, ചേന, മഞ്ഞൾ ഇവ കൃഷി ചെയ്യുന്നു. തെങ്ങിൻതടം, വാഴക്കുഴി, തെങ്ങിൻകുഴി ഇവ കാണാൻ കഴിഞ്ഞു.
- ★ സുശീലയുടെ പുരയിടത്തിൽ മഴക്കുഴി, വേസ്റ്റ് കുഴി, അതിരു എന്നിവ എടുത്തിട്ടുണ്ട്. ചേമ്പ്, ചേന, ഇഞ്ചി കൃഷി ചെയ്യുന്നതായി കണ്ടു.
- ★ മിനിയുടെ പുരയിടത്തിലെ വേസ്റ്റ് കുഴി ഉപയോഗസൂന്യമായി കിടക്കുന്നതാണ് കണ്ടത്. വാഴ, മരച്ചീനി, ചേമ്പ് ഇവ കൃഷി ചെയ്യുന്നു.
- ★ സുനിതയുടെ വസ്തുവിൽ തെങ്ങിൻ തടം, വാഴ കുഴി, തെങ്ങിൻ കുഴി ഇവിടെ ഉണ്ടായിരുന്നു.ഇവ കാടുപിടിച്ച നിലയിലായിരുന്നു.
- ★ രമയുടെ പുരയിടത്തിൽ വാഴ, തെങ്ങിൻ തൈ, മരച്ചീനി, മഞ്ഞൾ നട്ടിരുന്നു അതിരും എടുത്തി ട്ടു ണ്ടായിരുന്നു.
- ★ ശാന്തമ്മയുടെ വസ്തുവിൽ മരച്ചീനി നട്ട തായി കാണാൻ കഴിഞ്ഞു. അതിരും എടുത്തിട്ടുണ്ടായിരുന്നു.
- ★ സുമതിയുടെ പുരയിടത്തിൽ വേസ്റ്റ് കുഴി, മഴക്കുഴി, വാഴകുഴി ഉണ്ടായിരുന്നു. വാഴക്കുഴിയിൽ വാഴയും നട്ടിട്ടുണ്ട്. മഞ്ഞൾ, തെങ്ങിൻ തൈ നട്ടിട്ടുണ്ട്.
- ★ IF/336539 കോഡ് പ്രകാരം എട്ടു പ്രവർത്തി ഇടങ്ങളാണ് സന്ദർശിച്ചത്.
- ★ സരിതയുടെ വസ്തുവിൽ അതിര് പിടിച്ചിട്ടുണ്ട്. വേസ്റ്റ് കുഴിയും മഴക്കുഴി എടുത്തിട്ടുണ്ടായിരുന്നു ബാക്കിയെല്ലാം കാടുപിടിച്ചനിലയിലായിരുന്നു.
- ★ അരുൺകുമാറിന്റെ വസ്തുവിൽ കിളച്ച് അതിൽ മരച്ചീനി നട്ടിരുന്നു. വേസ്റ്റ് കുഴി, മഴക്കുഴി കാണാൻ കഴിഞ്ഞു.
- ★ തങ്കമ്മയുടെ വസ്തുവിൽ വേസ്റ്റ് കുഴി, മഴക്കുഴി കാണാൻ കഴിഞ്ഞു.
- ★ ജയകുമാറിന്റെ വസ്തുവിൽ തെങ്ങിൻതടം 12, വാഴക്കുഴി 5, തെങ്ങിൻ കുഴി3, വേസ്റ്റ് കുഴി, മഴക്കുഴി കാണാൻ കഴിഞ്ഞു.

## ഗ്രാമസഭ - ചർച്ച, മറുപടി, തീരുമാനം

ചെറുന്നിയൂർ പഞ്ചായത്തിന്റെ 13ആം വാർഡായ കട്ടിംഗ് ന്റെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 07/ 11/2019 കൃത്യം 12.00 മണിക്ക് കട്ടിംഗ് അംഗൻവാടിയിൽ വെച്ച് നടന്നു.

__*ഫസ്റ്റ് എയ്ഡ് ബോക്സ് പഞ്ചായത്തിൽ നിന്നും ലഭിക്കുന്നില്ല. പകരം തൊഴിലാളികളും മെറ്റും ചേർന്ന പണം പിരിച്ചു കൂടിയാണ് വാങ്ങുന്നത്.

**മറുപടി - ഫസ്റ്റ് എയ്ഡ് ബോക്സ് വാങ്ങിയതിന്റെ ബില്ല് പഞ്ചായത്തിൽ ഹാജരാക്കിയാൽ പണം തിരികെ നൽകാം എന്ന് ഉറപ്പ് നൽകി .**

**തീരുമാനം - പഞ്ചായത്ത് അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടായ മറുപടി തൊഴിലാളികൾ ഏറ്റെടുക്കുകയും ഇനി മുതൽ ബില്ല് ഹാജരാക്കും എന്ന് തീരുമാനിച്ചു.**

*** തൊഴിൽ സമയം രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെ ആകണമെന്നാണ് തൊഴിലാളികളുടെ പൊതുവായ അഭിപ്രായം.( പെൺകുട്ടികൾ ഉള്ള വീടുകളിൽ അവരുടെ സുരക്ഷക്ക് കൂടുതൽ ഊന്നൽ നൽകണം )**

**മറുപടി - ഇപ്പോഴത്തെ സാഹചര്യം വെച്ച് ക്രമീകരിക്കാൻ കഴിയില്ല.**

*** ആവശ്യത്തിന് തൊഴിൽ ലഭ്യമല്ല. നിലവിലുള്ള വർഷത്തിൽ തൊഴിൽ എണ്ണം കുറവാണ്.**

**മറുപടി - തൊഴിലിനായുള്ള അപേക്ഷ പഞ്ചായത്തിൽ ഹാജരാക്കുന്നതിനനുസരിച് സ്വന്തം വാർഡിലോ അല്ലെങ്കിൽ ജോലി ആരംഭിക്കുന്ന മറ്റേതെങ്കിലും വാർഡിൽ ജോലി നൽകുന്നതായിരിക്കും.**

**തീരുമാനം - ഏറ്റെടുത്ത ജോലി പൂർത്തീകരിച്ചതിനുശേഷം തൊഴിലിനായുള്ള അപേക്ഷ നൽകുമെന്നും ഏതു വാർഡിൽ ജോലി**

**ചെയ്യാനും തൊഴിലാളികൾ തീരുമാനിച്ചു.**

*** പുതിയ തൊഴിൽ കാർഡ് ലഭിക്കുന്നതിനും നിലവിലെ തൊഴിൽ കാർഡ് പുതുക്കുന്നതിനും തൊഴിലാളികളുടെ കയ്യിൽ നിന്നും പണം ചിലവാകാറുണ്ട്.**

മറുപടി - പദ്ധതി ആരംഭിച്ച വർഷത്തിൽ ഫോട്ടോ എടുക്കുന്നതിനായി പഞ്ചായത്തുകൾക്ക് വെബ്ക്യാമറകൾ അനുവദിച്ചിരുന്നു. എന്നാൽ ഇപ്പോൾ ക്യാമറ ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണ്.

*അർത്ഥ വിദഗ്ദ, വിദഗ്ദ തൊഴിലിനെക്കുറിച്ച് തൊഴിലാളികൾക്ക് വ്യക്തമായ ധാരണയില്ല.ആയതിനാൽ അത്തരം തൊഴിലുകളെ കുറിച് വ്യക്തമാക്കുകയും ചെയ്തു. ആസ്തി നിർമ്മിത പ്രവർത്തികൾക്കാണ് വരും വർഷങ്ങളിൽ ഊന്നൽ നൽകുന്നത്.

*തൊഴിലിനുള്ള അപേക്ഷ മേറ്റ് വഴി ഗ്രൂപ്പ് ആയിട്ട് വെള്ളപേപ്പറിൽ എഴുതി ആണ് പഞ്ചായത്തിൽ നൽകുന്നത് എന്നും കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച അവർക്ക് വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല.

*തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ച് അവർക്ക് വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല.

ജോലി പൂർത്തിയായിട്ടും കൃത്യമായി വേതനം ലഭിക്കുന്നില്ല എന്ന അഭിപ്രായം തൊഴിലാളികൾ പറഞ്ഞു.

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ തൊഴിലാളികൾ ചെയ്തിട്ടും ഭൂഉടമകളുടെ അനാസ്ഥമൂലം അവ ഉപയോഗശൂന്യമായി കിടക്കുന്നത് കാണാൻ കഴിഞ്ഞു. അതായത് വാഴ നടനായി കുഴിക്കുന്ന കുഴികളിൽ വാഴ നടതരിക്കുന്നു.

തൊഴിലാളികളുടെ അവകാശങ്ങൾ പലപ്പോഴും ഹനിക്കപ്പെടുന്നുണ്ട്.

തോട് പണിക്ക് ആവശ്യമായ കൈയുറ, കാലുറ എന്നിവ ലഭ്യമാകുന്നില്ല എന്നതും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഉണ്ടായ പൊതുവായ പരാതി ആയിരുന്നു. ഈ സുരക്ഷ സാമഗ്രികൾ ഇല്ലാത്തതിനാൽ തോട് പണിക്കിടെ കുപ്പിചില്ലി കൊണ്ട് പരിക്കുകൾ പറ്റാറുണ്ട്.

മറുപടി - 2008 ൽ പദ്ധതി ആരംഭിക്കുന്ന സമയത്ത് അനുവദിച്ച കൈയുറ, കാലുറ എന്നിവ ഉപയോഗ്യമല്ല.പഞ്ചായത്തിന്റെ ഫണ്ട് കുറവയായതിനാൽ ഇത് ബുദ്ധിമുട്ടായിരിക്കും.

തീരുമാനം - ഫണ്ടിന്റെ കുറവ് ഉള്ള സാഹചര്യം ആണെങ്കിലും ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് തൊഴിലാളികൾ എല്ലാവരും ചേർന്ന് ഒരു അപേക്ഷ പഞ്ചായത്തിൽ ഏല്പിക്കുക. ഈ അപേക്ഷ സ്റ്റാന്റിങ് കമ്മിറ്റിയിൽ അവതരിപ്പിക്കാം എന്നും തീരുമാനിച്ചു.

* മസ്റ്റർ റോളിലെ വെട്ടിതിരുത്തലുകൾ ഒഴിവാക്കാൻ മേറ്റ് പ്രത്യേകം ശ്രദ്ധിക്കണം.

മസ്റ്റർ റോളിൽ ഒപ്പിടാനുള്ള കോളത്തിന്റെ വലിപ്പം കൂട്ടണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു.

* 2019 ആഗസ്റ് മാസത്തിനു മുൻപ് ചെയ്ത ജോലിയുടെ വേതനം ഇതുവരെയും കിട്ടിയിട്ടില്ല.

* കൂലി വർധിപ്പിക്കണം എന്നും തൊഴിലാളികൾ ആവശ്യപ്പെട്ടു.

**<u>നന്ദി</u>**

വർക്കല ബ്ലോക്കിലെ വാർഡ് 13ൽ 2018-19സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ചെറുന്നിയൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്ക സഹായിച്ച മേറ്റുമാർ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

.

**മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി**

**സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്**

# തിരുവനന്തപുരം

# വർക്കല ബ്ലോക്ക്

# ചെറുന്നിയൂർ പഞ്ചായത്ത്

## വാർഡ് -14 (കല്ലുമാല കുന്ന് )

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 1/10/2018 to 31/03/2019**

റിപ്പോർട്ട് തയ്യാറാക്കിയത്

തിരുവനതപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

അനിൽ സുചിത്ര ചിത്ര VRP

ആർഷ എ എസ് VRP
നന്ദു രാജ് ആർ VRP
സൗമ്യ എസ് ബി VRP
സുഹൈൽ എ എസ് VRP

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതത്ര്യവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|

| | | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂൾ** 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂൾ** 1 & **ഷെഡ്യൂൾ** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 7,8,9 |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂൾ** 2**പാരഗ്രാഫ്** 18 & **പാരഗ്രാഫ്** 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **ഷെഡ്യൂൾ**2 **പാരഗ്രാഫ്** 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സെഷൻ**3(2), 6, sch 2 ,29,a,b,c,d,e,f.30 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സെഷൻ** 19, & **സെഷൻ** 17(2) |

അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ.

* ഫയൽ പരിശോധനയിൽ വ്യക്തമായ ഡിമാന്റ് ഫോറം കാണാൻ സാധിച്ചിലല് . അതിനാൽ തൊഴിലിനു അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ആയതിനാൽ തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു അവർ തൊഴിലുറപ്പ് നിയമ പ്രകാരമല്ല തൊഴിൽ ആവശ്യപ്പെട്ടത് എന്ന് മനസിലായി.

* ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.

*തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.

*തൊഴിൽ സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ടെങ്കിലും അവയെല്ലാം തൊഴിലാളികൾ സ്വന്തമായി ക്രമീകരിച്ചിരിക്കുന്നതാണ്.

* ആക്റ്റ് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

*തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.

* തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.

* പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിച്ചതായി അറിയാൻ സാധിച്ചിട്ടില്ല അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല.

## പൊതുവിവരങ്ങൾ -ചെറുന്നിയൂർ പഞ്ചായത്ത്

| | |
|---|---|
| ജില്ല | തിരുവനന്തപുരം |
| ബ്ളോക്ക് | വർക്കല |
| വിസ്തീർണ്ണം | 10.87ച.കി.മീ. |
| വാർഡുകളുടെ എണ്ണം | 1. 14 |
| ജനസംഖ്യ | 2. 18114 |
| സ്ത്രീ : പുരുഷ അനുപാതം | 97:82 |

**തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ വർക്കല ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശമാണ് ചെറുന്നിയൂർ ഗ്രാമപഞ്ചായത്തു. ഈ പ്രേദശത്തിന്റെ സമ്പത് ഘടനയിലെ നിർണ്ണായക ഘടകം കാർഷിക മേഖല ആയിരുന്നു.ഭൂപ്രകൃതി അനുസരിച് ഈ പ്രദേശത്തെ പാലച്ചിറ പുത്തന്കടവ് നീർത്തടം, അയന്തി ശാസ്താം നട നീർത്തടം, വെന്നികൊടെ ചെറുന്നിയൂർ നീർത്തടം എന്നിങ്ങനെ മൂന്നായി തിരികാം.ഈ നീർത്തടങ്ങളിൽ ആകെ 8 തോടുകളും 17കുളങ്ങളും ഒരു കായലും ഒട്ടേറെ നീരുറവകളും ഉണ്ടായിരിന്നു. ചെറു നീരുറവകളുടെ നാട് എന്ന അർത്ഥത്തിൽ ആണ് ചെറുന്നിയൂർ എന്ന നാമം ലഭിച്ചത്.തോടുകളും, കുളങ്ങളും നീരുറവകളും പലതും നിലവിലുള്ളതായിട്ടുണ്ട് അശാസ്ത്രീയമായ വയൽ നികത്തൽ, കുന്നിടിച്ചു നിരപ്പാക്കൽ, കായൽ നികത്തൽ, മണലൂറ്റി എന്നിവ മൂലം ഭൂപ്രകൃതി ആകെ മാറിയിരിക്കുന്നു.**

**വടക്കു പാലച്ചിറ വടശ്ശേരിക്കോണം തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് തെക്കുകിഴക്കും തെക്കുപടിഞ്ഞാറും കോഴി തോട്ടം കായലിലേക്ക് ചരിഞ്ഞു കിടക്കുന്ന ഒരു ഭൂ വിഭാഗമാണ് ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്, ഏകദേശം ഒരു ഉപദ്വീപിന്റെ ആകൃതി ആണെന്ന് പറയാം. വടക്കുപടിഞ്ഞാറൻ പ്രതീക്ഷയുമായ ജയന്തി താരതമ്യേനെ ഉയർന്ന ഭാഗവും കിഴക്കൻ പ്രദേശമായ വെള്ളിയാഴ്ചകാവ് കമ്പിക്കകം എന്നിവ താഴ്ന്ന പ്രദേശങ്ങളും ആണ് മരക്കടമുക്കുവരെ വ്യാപിച്ചുകിടക്കുന്ന കുന്നും പള്ളിക്കുന്നു പടിഞ്ഞാറ് കല്ലുമലകുന്നും വടക്ക് പാലച്ചിറ യുമാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങൾ. വിസ്തൃതിയിൽ വലുത് കല്ലുമാല കുന്നും ചെറുത് പള്ളിക്കുന്നും ആണ് ഇവിടെ നിന്നും നോക്കിയാൽ പഞ്ചായത്തിൻറെ മനോഹരമായ ദൃശ്യം ലഭിക്കും. ക്രമമായി ചരിഞ്ഞ ഒരു ഭൂപ്രകൃതി അല്ല മറിച്ച് ഉയർന്ന പ്രദേശങ്ങളും വയലുകളും താഴ്ന്ന പ്രദേശങ്ങളും കൂടിക്കലർന്ന കായലോരങ്ങളും അവസാനിക്കുന്ന ഭൗമ ഘടന ഇനം തിരിച്ച് പരിശോധിച്ചാൽ കുന്നിൽ പ്രദേശവും തീരപ്രദേശവും ഉൾപ്പെടുന്നതാണ് ഈ പഞ്ചായത്ത്.**

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

**കരേളസ**ോ**ഷ്യൽ**ഓഡിറ്റ്സൊസൈറ്റിതൊഴിലുറപ്പപദ്ധതി തിരുവനന്തപുരം ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് 14 ലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

- കഴിഞ്ഞ6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടഫയലുകൾ,വിവരശേഖരണാർത്ഥ MIS എന്നിവ പരിശോധിക്കൽ
- പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
- ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
- തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .

- ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

| S.No | വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | പദ്ധതിയുടെ ആരംഭം | പദ്ധതിയുടെ അവസാനം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് | തൊഴിൽ ദിനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | l | സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം | 23/1/2019 | 15/3/2019 | 157249 | 159907 | 580 |
| 2 | 1614010002/IF/350059 | സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം | 19/11/2018 | 11/12/2018 | 160192 | 66124 | |
| 3 | 1614010002/IF/351813 | സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം | 26/12/2018 | 16/3/2019 | 233413 | 224614 | 814 |
| 4 | 1614010002/IF/350063 | സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ ഖണ്ഡിക 5 പ്രകാരം | 25/10/2018 | 29/11/2018 | 105059 | 97504 | 360 |

## 22 ഡോക്യുമെന്റസ്

**1. കവർപേജ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച 4 ഫൈലുകളിൽ ഒരു പ്രവർത്തിയിൽ പോലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർ പേജ് കാണാൻ സാധിച്ചില്ല.

**2. ചെക്ക് ലിസ്റ്റ്**

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച 4ഫൈലുകളിലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ചെക്ക് ലിസ്റ്റ് കാണാൻ സാധിച്ചില്ല .

**3. ആക്ഷൻപ്ലാൻ കോപ്പി**

പരിശോധിച്ച 4 ഫയലുകളിൽ ഒരു ഫയലിൽ പോലും വാർഷിക മാസ്റ്റർ സറക്കുലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

**4. എസ്റ്റിമേറ്റ് കോപ്പി**

പരിശോധിച്ച 4 ഫയലുകളിലും എസ്റ്റിമേറ്റ് കോപ്പി കാണാൻ സാധിച്ചു.., എസ്റ്റിമേറ്റ്ന്റെ കോപ്പിയിൽ അക്രഡിക്റ്റഡ് എഞ്ചിനീയരുടെ ഒപ്പ്, സീല് എന്നിവ ഉണ്ടായിരുന്നു.

**5. സാങ്കേതികാനുമതി**

പരിശോധിച്ച 4 ഫൈലുകളിലും വാർഷിക മാസ്റ്റർ പ്രകാരം ഉള്ള സാങ്കേതികനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടില്ല . എന്നാൽ, പ്രാദേശികമായിട്ടുള്ള സാങ്കേതികാനുമതി കോപ്പി സൂക്ഷിച്ചിട്ടുണ്ട് ബന്ധപ്പ്പട്ടെ ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ കാണാൻ സാധിച്ചിട്ടുണ്ട്

**6. ഭരണാനുമതി**

പരിശോധിച്ച 4 ഫയലുകളിൽ സാങ്കേതികാനുമതി കോപ്പി സൂക്ഷിച്ചിട്ടില്ല .

**7.വർക്ക് അലോക്കേഷൻ ഫോം**

പരിശോധിച്ച 2 ഫയലുകളിൽ വർക്ക് അലോക്കേഷൻ ഫോം ഇല്ലായിരുന്നു.

**8. തൊഴിലിനുള്ള അപേക്ഷ**

പരിശോധിച്ച 4 ഫയലുകളിൽ 4 പ്രവർത്തിയിലും വ്യക്തമായ തരത്തിലുള്ള തൊഴിൽ അപേക്ഷ ഉണ്ടായിരുന്നില്ല .

**9. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം**

പരിശോധിച്ച 4 ഫയലുകളിലും പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നില്ല.

**10. മസ്റ്റർ റോൾ**

പരിശോധിച്ച 4 പ്രവർത്തി ഫയലുകളുടെ.മസ്റ്ർറോളുകളിൽ ബി.ഡി.ഓ ,സെക്രട്ടറി എന്നിവരുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നു . . മസ്റ്റർ റോളുകളിൽ ആയുധങ്ങളുടെ വാടക രേഖപെടുത്തിയിട്ടുണ്ട് .

**11. മെഷര്മെന്റ് ബുക്ക്**

മെഷര്മെന്റ് ബുക്കിൽ പ്രീ മെഷര്മെന്റ് ,എ .എസ് നമ്പർ,ടി എസ് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് .

**12. മെറ്റീരിയൽ**

പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയുന്നതല്ല. അതുകൊണ്ടു ബാധകമല്ല.

**13. വെജ്ലിസ്റ്**

പരിശോധിച്ച 4 പ്രവർത്തിഫയലുകളിൽ നാലിലും വേജ് ലിസ്റ്റ് ഉൾപ്പെടുത്തിയിരുന്നില്ല.

**14.ഫണ്ട് ട്രാൻസ്ഫർ ഓർഡർ**

ഇല്ല

**15. മെറ്റീരിയൽ വൗച്ചർ ബിൽ**

## പരിശോധിച്ച 4 ഫൈലുകൾക്കും മെറ്റീരിയൽ വൗച്ചർ ബില്ല് ആവശ്യമില്ല

**16. റോയൽറ്റി**

പരിശോധിച്ച 4 ഫയലുകളിലും റോയൽറ്റി ബാധകം ആയിരുന്നില്ല

**17. ഫോട്ടോഗ്രാഫ്സ് .**

## പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല

18. **പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

**19. മസ്റ്റർ റോൾ മൂവേമെന്റ്**

മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു.

**20. ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്സ്**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

### 22. സൈറ്റ് ഡയറി

എല്ലാ ഫയലിലും സൈറ്റ് ഡയറി കാണാൻ സാധിച്ചു . സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട് , സന്ദർശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു , തൊഴിൽ ഉപകരണങ്ങളുടെ വാടക, ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല

കണ്ടെത്തലുകൾ( പ്രവർത്തിയുടെ സന്ദർശ്ശനം )

**പ്രവർത്തി 1:**

## സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂ വികസന പ്രവർത്തികൾ ഖണ്ഡിക 5പ്രകാരം

**161401002/IF/336541**

**12 ഗുണഭോക്താക്കൾ ആണ് ഈ പദ്ധതിയിൽ ഉൾപെട്ടിരിക്കുന്നതു**

- ശാരിക , ലക്ഷം വീട് , പുരയിടത്തിൽ 5 വാഴകുഴി, 4 തെങ്ങിൻതടം , അതിരു ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു.
- ബേബി , ജയശ്രീ ഹൌസ് , പുരയിടത്തിൽ 4 വാഴകുഴി,3 തെങ്ങിൻതടം , അതിരു ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു.
- രാധ , കുന്നുബംഗ്ലാവു , പുരയിടത്തിൽ 5 വാഴകുഴി, 5 തെങ്ങിൻതടം , കപ്പ കൃഷി, ഇഞ്ചി കൃഷി ആണ് എസ്റ്റിമേറ്റ് പ്രകാരം, , മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞില്ല കുഴികളെല്ലാം മൂടപ്പെട്ട രീതിയിലായിരുന്നു കാണപ്പെട്ടത്
- ജയന്തി , പുത്തൻ വീട് , പുരയിടത്തിൽ 3 വാഴകുഴി, 4 തെങ്ങിൻതടം , അതിരു ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു.
- വിജി , ലക്ഷം വീട് , പുരയിടത്തിൽ 5 വാഴകുഴി, 4 തെങ്ങിൻതടം , അതിരു ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു.

- ഹസീന c , പുത്തൻ വീട് , പുരയിടത്തിൽ 5 വാഴകുഴി, 4 തെങ്ങിൻതടം , അതിരു ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു.
- കുമാരി , കുന്നത്ത് വിള വീട് , പുരയിടത്തിൽ 6 വാഴകുഴി, 6 തെങ്ങിൻതടം , 6 തെങ്ങിൻകുഴി അതിരു ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു. പക്ഷെ കൃഷിയൊന്നും കണ്ടില്ല.
- പ്രേമ, ഭക്തി വിലാസം, പുരയിടത്തിൽ 20 തെങ്ങിൻതടം, 15 വാഴക്കുഴി ആണ് എസ്റ്റിമേറ്റ് പ്രകാരം മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ

കാണാന്കഴിഞ്ഞു.

- ലളിത , സുനിത ഭവൻ , പുരയിടത്തിൽ 5 തെങ്ങിൻ കുഴി, 5 തെങ്ങിൻതടം , അതിരു ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു
- ദേവകി , നന്ദു ഭവൻ , പുരയിടത്തിൽ 25 വാഴകുഴി, 20 തെങ്ങിൻതടം , അതിരു ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു
- ജെഹാഫറാത്ത , വയലിൽ കട വീട് , പുരയിടത്തിൽ 10 വാഴകുഴി, 8 തെങ്ങിൻതടം , തെങ്ങിൻ കുഴി 3, അതിരു ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു
- സിന്ധു, രാഹുൽ ഭവൻ, പുരയിടത്തിൽ 15 വാഴകുഴി, 15 തെങ്ങിൻതടം , അതിരു ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു

**പ്രവർത്തി 2:**

## സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂ വികസന പ്രവർത്തികൾ ഖണ്ഡിക 5പ്രകാരം

**161401002/IF/350059**

### 6 ഗുണഭോക്താക്കൾ ആണ് ഈ പദ്ധതിയിൽ ഉൾപെട്ടിരിക്കുന്നതു

- വേലായുധൻ ചെട്ടിയാർ , പുരയിടത്തിൽ 10 വാഴകുഴി, 25 തെങ്ങിൻതടം , 1 മഴക്കുഴി അതിരു ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു
- ലൈല , പുരയിടത്തിൽ 10 വാഴകുഴി, 10 തെങ്ങിൻതടം , അതിരു ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു
- വിമല കുമാരി, പുരയിടത്തിൽ 20 വാഴകുഴി, 45 തെങ്ങിൻതടം , മഴക്കുഴി 1, അതിരു ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു
- അംബിക, പുരയിടത്തിൽ 5 വാഴകുഴി, 8 തെങ്ങിൻതടം , മഴക്കുഴി 1 അതിരു ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു
- ശ്യാമള, പുരയിടത്തിൽ 1 കമ്പോസ്റ്റ് കുഴി, 6 തെങ്ങിൻതടം , മഴക്കുഴി 1, അതിരു 85 ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു
- അംബിക, പുരയിടത്തിൽ 1 കമ്പോസ്റ്റ് കുഴി, 6 തെങ്ങിൻതടം , അതിരു ആണ് എസ്റ്റിമേറ്റ് പ്രകാരം, മുഴുവൻ പ്രവർത്തികളും പുരയിടത്തിൽ കാണാൻ കഴിഞ്ഞു

## നിരീക്ഷണം

- ചെയ്ത പ്രവർത്തികൾ എല്ലാം സൈറ്റിൽ കാണാൻ കഴിഞ്ഞു.
- 100 തൊഴിൽ ലഭിച്ച തൊഴിലാളികൾ ഈ വാർഡിൽ ഉണ്ടായിരുന്നു
- മഴക്കുഴി പലതും മണ്ണ് കൊണ്ട് മൂടി പോയി
- അതിരു പലതും മഴ പെയ്തപ്പോൾ മണ്ണ് കൊണ്ട് നികന്നു പോയി.

**പ്രവർത്തി 3:**

**സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂ വികസന പ്രവർത്തികൾ ഖണ്ഡിക 5പ്രകാരം**

**161401002/IF/351813**

**1 ഗുണഭോക്താവു ആണ് ഈ പദ്ധതിയിൽ ഉൾപെട്ടിരിക്കുന്നതു**

- റഫീക്ക ബീവി, ആലുമൂട്
- പുരയിടം തട്ടു തട്ടായി തിരിച്ചു അതിരു പിടിച്ചിട്ടുണ്ട്. അതിൽ കപ്പക്കൃഷി ചെയ്തിരിക്കുന്നു. കാടുവെട്ടി വൃത്തിയാക്കി പുരയിടം കിളച്ചു എല്ലാ പുരയിടത്തിനും അതിരു പിടിച്ചിട്ടുണ്ട് ചെറിയ രീതിയിലുള്ള അതിരു ഇപ്പോഴും കാണാൻ സാധിച്ചു
- വീടിനോടു ചേർന്ന പുരയിടത്തിൽ മഴക്കുഴി, കംപോസ്റ്റുകുഴി ഇപ്പോഴും നല്ല രീതിയിൽ ഉപയോഗിക്കുന്നുണ്ട്.
- വയലിനോട് ചേർന്ന പുരയിടം കിളച്ചു അതിൽ ഇപ്പോഴും കൃഷി ചെയ്യുന്നുണ്ട്.

**പ്രവർത്തി 4:**

**സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂ വികസന പ്രവർത്തികൾ ഖണ്ഡിക 5പ്രകാരം**

**161401002/IF/350063**

തെങ്ങിൻ തടം -50, വാഴക്കുഴി -30, തെങ്ങിൻകുഴി -5, കപ്പക്കൃഷി, ചേന , ചേമ്പ്, വാഴ, മധുരകിഴങ്ങു എന്നിവ കണ്ടു അതിരു 300 m എടുത്തിട്ടുണ്ട്.

# പൊതു നിരീക്ഷണം

- തൊഴിലാളികൾ അവരുടെ പ്രവർത്തികൾ കൃത്യമായി ചെയ്യുന്നുണ്ട് പക്ഷെ ഗുണഭോകതാക്കൾ അത് ഉപയോഗിക്കുന്നില്ല വീണ്ടും മൂന്നുവർഷം കഴിഞ്ഞു ഭൂവികസന പ്രവർത്തനത്തിലൂടെ ഗുണഭോകതാക്കളുടെ പുരയിടത്തിൽ പ്രവർത്തി ചെയ്തു കൊടുക്കുമെന്ന കരുതലുണ്ട്.
- തൊഴിലാളികൾക്ക് വേതനം കൃത്യസമയത്ത് ലഭിക്കുന്നില്ല ഒരുപാട് വൈകിയാണ് അവർക്ക് വേതനം ലഭിക്കുന്നത് അതിനാൽ തൊഴിലാളികൾ വളരെയേറെ ബുദ്ധിമുട്ടുകൾ സഹായിക്കുന്നുണ്ട് വേതനം കിട്ടുമെന്ന് കരുതി പലരും കടംവാങ്ങിയും പിന്നീട് കൊടുക്കാൻ പറ്റാതെ ആവുകയും ചെയ്യുന്നു ഇടങ്ങിയ പരാതികൾ നിരവധി പേരുടെ ഭാഗത്തുനിന്ന് കേൾക്കാൻ കഴിഞ്ഞു.
- തൊഴിലാളികൾ ഫ്രണ്ട് ഓഫീസ് മുഖേനെ അപേക്ഷ നൽകുകയോ കൈപ്പറ്റ് രസീത് വാങ്ങിക്കുകയും ചെയ്യുന്നില്ല.
- വർക്ക് ഫയലിൽ ഉൾപ്പെടുത്തേണ്ട 22 ഇനം ഡോക്യുമെന്റുകൾ എല്ലാം തന്നെ ഫയലിൽ ഉൾപെടുത്തുന്നില്ല.
- എസ്റ്റിമേറ്റ് ജനകിയ ഭാഷയിൽ എഴുതുന്നില്ല
- ഓരോ പ്രവൃത്തിയുടെയും ഉദ്ദേശ്യലക്ഷ്യം ഗുണഭോക്താക്കളെ പറഞ്ഞു ബോധ്യപെടുത്തുന്നില്ല.
- മസ്റ്റർറോൾ തിരുത്തലുണ്ട്.
- എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന പ്രവർത്തിയ്ക്ക് പുറമെ ഗുണഭോക്താക്കൾ പറയുന്ന പ്രവർത്തികൾ കൂടി ചെയ്യേണ്ടി വരുന്നു.
- തൊഴിൽ സ്ഥലത്തു അപകടം സംഭവിച്ചു കഴിഞ്ഞാൽ ഉണ്ടാകുന്ന ആശുപത്രി ചിലവുകളും മറ്റിനുമുള്ള ബില്ലുകൾ തൊഴിലാളികൾ പഞ്ചായത്തിൽ ഏല്പിക്കുന്നില്ല. അങ്ങനെ ചെയ്താൽ അവര്ക് ചിലവായ തുക തിരികെകിട്ടുമെന്നുള്ള അറിവില്ലായ്മ ആണ് ഇതിനുള്ള കാരണം.
- പഞ്ചായത്തിൽ മെറ്റീരിയൽ പ്രവർത്തികൾ വളരെ കുറവാണു തീരെ ഇല്ലെന്നു തന്നെ പറയാം.

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്, തുക വിനിയോഗം, തൊഴിലാളികളുടെ അവകാശങ്ങൾ എന്നിവയുമായി ബന്ധപെട്ട ചെറുന്നിയൂർ പഞ്ചായത്തിലെ 14 വാർഡുകളിലും നടത്തപ്പെട്ട സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനും അംഗീകരിക്കുന്നതിനുമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 17 -)ം വകുപ്പ് പ്രകാരം 8/11/2019 കല്ലുമാലകുന്ന് അംഗൻവാടിയിൽ നടത്തിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ ചർച്ചയുടെ വിവരങ്ങളും തീരുമാനങ്ങളും

അജണ്ട

- സ്വാഗതം
- അദ്യക്ഷനെ തിരഞ്ഞെടുക്കൽ
- റിപ്പോർട്ട് അവതരണം
- ചർച്ചയും ക്രോഡീകരണവും
- നന്ദി

Vrp അനിൽ സുചിത്ര ചിത്ര സ്വാഗതം പറഞ്ഞു കൊണ്ട് ഗ്രാമസഭ തുടങ്ങി. ആദ്യമായി അധ്യക്ഷനെ തിരഞ്ഞെടുത്തു : ദീപ (100 തൊഴിൽ നേടിയ തൊഴിലാളി)

ഭരണഘടനാ പ്രതിനജ്ഞാ vrp ആർഷ പറഞ്ഞു കൊടുത്തു.

തൊഴിലാളികളുടെ പത്തു അവകാശങ്ങളെ പറ്റി vrp സൗമ്യ വിശദമാക്കി കൊടുത്തു

അതിനു ശേഷം റിപ്പോർട്ട് അവതരണം vrp അനിൽ സുചിത്ര ചിത്ര റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ചർച്ച തുടങ്ങി, തൊഴിലാളികളുടെ ആവശ്യങ്ങളും പരാതികളും ചുവടെ ചേർക്കുന്നു:

1. ജോലി സമയം 5:00 pm നിന്നു 4:00 ആക്കണം, കുട്ടികൾ സ്കൂൾ വിട്ടു വീട്ടിൽ വരുമ്പോൾ ആളു കാണില്ല കുട്ടികളെ ഒറ്റയ്ക്ക ആക്കുന്നതിൽ പേടി ഉണ്ടെന്ന് തൊഴിലാളികൾ പറഞ്ഞു.
2. ജോലി ചെയ്ത കൂലി സമയത്തു കിട്ടുന്നില്ല. വേതനം കിട്ടുന്നതിൽ താമസം ഉണ്ടാകുന്നതു വളരെ ബുദ്ധിമുട്ടായി തൊഴിലാളികൾ പറയുന്നു
3. തൊഴിൽ ദിനം കിട്ടുന്നില്ല
4. റെയിൽ വേ ജോലിക്കു നിക്കുന്ന തൊഴിലാളികൾ വളരെയേറെ ബുദ്ധിമുട്ടുകൾ സഹിക്കുന്നു എന്നു പരാതി ബോധിപ്പിച്ചു. ഉച്ച സമയം ആകുമ്പോൾ ചൂട് വളരെ കൂടുതലും റെയിൽവേയുടെ അടുത്ത് തണൽ ലഭിക്കാൻ ഒരു സൗകര്യവും ഇല്ല എന്നും പരാതി ബോധിപ്പിച്ചു. അതുകൊണ്ട് ഇതുപോലുള്ള പ്രവർത്തികൾക് 12 :00 pm മുതൽ 2:00 വരെ ഇടവേള  കൊടുക്കാനും എസ്റ്റിമേറ്റ് പ്രകാരമുള്ള ദിവസം കൊണ്ട് അവർ പണി ചെയ്തു തീർത്തു കൊള്ളാം എന്നും ചർച്ചയിൽ പറഞ്ഞു.

5. തൊഴിലുറപ്പിനു പേര് നൽകിയിട്ടും മസ് ട്രോളിൽ വന്നില്ല
6. ഫ്രണ്ട് ഓഫീസ് വഴി തൊഴിലിനുള്ള അപേക്ഷ നൽകുന്നില്ല കൈപറ്റ റെസിപ്റ് വാങ്ങികുന്നില്ല
7. പ്രാഥമിക ശുശ്രൂഷ കിറ്റ് തുടങ്ങിയ വസ്തുക്കൾ പഞ്ചായത്തിൽ നിന്നു കിട്ടി.
8. തൊഴിലുറപ്പ് നിർത്താൻ പോകുവാണോ?
9. വേതനം കുറയ്ക്കാൻ പോകുന്നുണ്ടോ?
10. തൊഴിൽ ഇല്ലായ്മ വേതനം കിട്ടുമെന്നുള്ളത് സത്യമാണോ?

**മറുപടി**

1. Brp - ബിന്ദു, ജോലി സമയം mgnregs നിയമത്തിൽ പറഞ്ഞിരിക്കുന്നത് പോലെ ആണ് അതിൽ മാറ്റം വരുത്താൻ സാധ്യത കുറവാണ്.
2. Vrp അനിൽ സുചിത്ര ചിത്ര, ബാങ്കിൽ നിന്നും ഫണ്ട് കൈമാറ്റം ചെയ്യുന്നതിൽ ഉണ്ടാകുന്ന കാലതാമസം ആണ്, ഇങ്ങനെ ഒരുപാട്ട കാലതാമസം എടുക്കുന്നതിനെ പറ്റി റിപ്പോർട്ടിൽ പരാമർശിക്കാമെന്ന് ഉറപ്പ് നൽകി
3. AE നസീം, തൊഴിൽ ദിനം കൂടുതൽ ആകാമെന്ന് ഉറപ്പ് നൽകി, അപേക്ഷ നൽകിയാൽ 15 ദിവസത്തിനകം തൊഴിൽ നല്കാറുണ്ടെന്നും AE പറഞ്ഞു.
4. Brp ബിന്ദു - സമയം മാറ്റുന്നത് സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയ്ക്കുള്ളിൽ നിൽകുന്നതല്ല.
5. അടുത്ത പ്രവർത്തിയിൽ പേര് ഉൾപെടുത്തിയിട്ടുണ്ട്.
6. ഫ്രണ്ട് ഓഫീസ് വഴിയേ തൊഴിലിനുള്ള അപേക്ഷകൊടുക്കാൻ പാടുള്ളു, കൈപറ്റ റെസിപ്റ് വാങ്ങിക്കുകയും വേണോം- vrp നന്ദുരാജ് R
7. പ്രാഥമിക ശുശ്രൂഷ കിറ്റ് വാങ്ങിയിട്ട് ബിൽ പഞ്ചായത്തിൽ കൊടുക്കുക - vrp സുഹൈൽ
8. തൊഴിലുറപ്പ് ഒരു നിയമം ആണ് അങ്ങനെ പെട്ടെന്ന് നിർത്താൻ പറ്റില്ല, അങ്ങനെ ഒരു തീരുമാനവും ഇല്ല - BRP ബിന്ദു
9. വേതനം കുറയ്ക്കുന്നതിന് പറ്റി ഒരു തീരുമാനവും ഇല്ല - vrp സൗമ്യ
10. അപേക്ഷ നൽകി 15 ദിവസത്തിനകം ജോലി കിട്ടിയില്ലെങ്കിൽ തൊഴിൽ ഇല്ലായ്മ വേതനത്തിന് അപേക്ഷികാം. പഞ്ചായത്ത് സെക്രട്ടറി യ്ക്കാണ് അപേക്ഷ നൽകുന്നത് തീർച്ചയായും നിങ്ങൾക് തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം ഉണ്ട് vrp ആർഷ.

**തീരുമാനങ്ങൾ**

1. കാടുവെട്ടൽ, നിരത്തി കിളയ്ക്കൽ എന്നിവയുടെ റേറ്റ് കുറവായിരിക്കും
2. ആസ്തി ഉള്ള പ്രവർത്തികൾ ആയിരിക്കും ചെയ്യുന്നത്
3. അപേക്ഷ നൽകി 15 ദിവസത്തിനുള്ളിൽ ജോലി നല്കിയിരിക്കും.

4. വേതനം ലഭിക്കുന്നതിന്റെ കാലതാമസം റിപ്പോർട്ടിൽ പരാമര്ശിക്കം
5. കക്കൂസ് നിർമ്മാണം, കോഴിക്കൂട്, മഴക്കുഴികൾ, കമ്പോസ്റ്റ് കുഴികൾ തുടങ്ങിയ ആസ്തികൾ ചെയ്യാൻ ശ്രമിക്കണം
6. നിലവാരം ഉള്ള പ്രവർത്തികൾ ചെയ്യണം

റിപ്പോർട്ട് എല്ലാവരും അംഗീകരിക്കുകയും ചെറുന്നിയൂർ പഞ്ചായത് പ്രസിഡന്റ് നന്ദി രേഖപ്പെടുത്തുകയും ചെയ്തു

## നന്ദി

വർക്കല ബ്ലോക്ക് ചെറുന്നിയൂർ പഞ്ചായത്തിലെ വാർഡ് 5 ലെ 2018-19 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച
ബഹുമാനപ്പെട്ട ചെറുന്നിയൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മേറ്റുമാർ എന്നിവർക്കുളള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.